VOL NO: 02 | ISSUE 41

നേർപഥം

വാരിക

www.nerpatham.com | mail@nerpatham.com

2018 OCTOBER 20 | ₹10

സുന്നിവിഭാഗത്തിന്റെ പരിഭാഷകൾ

കേരളത്തിലെ സുന്നി പണ്ഡിതന്മാരിൽ പലരും കുർആൻ വിവർത്തനം ചെയ്തിട്ടുണ്ട്. അതിൽ ഏറിയ പങ്കും സംഘടനാ താൽപര്യങ്ങൾ സംരക്ഷിക്കുന്നവയും തങ്ങളുടെ തെറ്റായ ആശയങ്ങൾക്ക് പിൻബലമേകാൻ സഹായകമാവുന്ന രൂപത്തിൽ കുർആനിനെ ദുർവ്യാഖ്യാനിക്കുന്നവയുമാണ്. കേരളത്തിലെ പ്രധാനപ്പെട്ട സുന്നീ പരിഭാഷകൾ മുൻനിർത്തിയുള്ള പഠനം.

ഇസ്‌ലാം ആശ്ലേഷണത്തിലെ 'രാഷ്ട്രീയ'വും അവകാശ നിഷേധവും

ഒരാൾക്ക് ഏത് മതവും സ്വീകരിക്കാനും അതിന്റെ ആചാരാനുഷ്ഠാനങ്ങൾ കൊണ്ടുനടക്കാനും മതരഹിതനായി ജീവിക്കാനുമൊക്കെ ഇന്ത്യാരാജ്യത്ത് സ്വാതന്ത്ര്യമുണ്ട്. എന്നാൽ ഭൗതികമായ താൽപര്യങ്ങൾക്കോ രാഷ്ട്രീയ കാര്യങ്ങൾക്കോ പ്രതിഷേധസൂചകമായോ ഐക്യദാർഢ്യം പ്രകടിപ്പിക്കാനോ വേണ്ടി മതം മാറാമോ? അങ്ങനെ മാറിയവരുടെ അവകാശസംരക്ഷണം സർക്കാരിന്റെ ബാധ്യതയിൽ പെടുമോ? ഒരന്വേഷണം.

- പ്രപഞ്ചത്തിലേക്ക് മിഴിതുറക്കുക
- അധ്വാനവും ആത്മാർഥതയും
- മഹാന്മാരോട് പ്രാർഥിക്കരുതെന്നോ?
- തെളിഞ്ഞ മാർഗം

WISDOM
GLOBAL ISLAMIC MISSION

പ്രമാണങ്ങൾക്കൊപ്പം, ഗുണകാംക്ഷയുടെ ശബ്ദം
നേരിന്റെ ആർജവം, വേറിട്ട വായനാനുഭവം...

നേരിന്റെ വരമൊഴി

www.nerpatham.com | mail@nerpatham.com

നേർപഥം
വാരിക

Circulation Manager | Nerpatham Weekly | EKP Complex | Kallai Road | Kozhikkode 2 | Kerala | India
Ph: 0495 4019437 | +91 92075 25244 | mail@nerpatham.com | www.nerpatham.com

നേർപഥം
വാരിക

0092 / 2018 ഒക്ടോബർ 20 / 1440 സഫർ 09 / പുസ്തകം 02 / ലക്കം 41

ഇസ്‌ലാം ആശ്ലേഷണത്തിലെ 'രാഷ്ട്രീയ'വും അവകാശ നിഷേധവും

സുഫ്‌യാൻ അബ്ദുസ്സലാം / 10

മുഖമൊഴി
പ്രപഞ്ചത്തിലേക്ക് മിഴിതുറക്കുക / 05
എഡിറ്റർ

വിവർത്തനം
അധ്വാനവും ആത്മാർഥതയും / 06
ശൈഖ് അബ്ബുൽമുഹ്സിൻ ഇബ്നുഹമദ് അൽബദ്ർ

ലേഖനം
സുന്നിവിഭാഗത്തിന്റെ പരിഭാഷകൾ / 20
ശൈഖ് മുഹമ്മദ് അശ്റഫ് അലി അൽമലബാരി
മഹാന്മാരോട് പ്രാർഥിക്കരുതെന്നോ? / 26
എസ്.എ ഐദീദ് തങ്ങൾ

ക്വുർആൻ ദർശനം
അഅ്‌ലാ (അത്യുന്നതൻ) / 15
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

ബാലപഥം
സംരക്ഷകൻ / 18
ഉസ്മാൻ പാലക്കാഴി

നിയമപഥം
തർക്കങ്ങൾ പറഞ്ഞുതീർക്കൽ / 19
മുസാഫിർ

ചരിത്രപഥം
അക്ഷമയും വേർപാടും / 28
ഹുസൈൻ സലഫി, ഷാർജ

വിമർശനം
തെളിഞ്ഞ മാർഗം / 32
പി.പി.മമ്മദ്, തിക്കോടി

ഹദീസ് പാഠം
സമത്വത്തിന്റെ സന്ദേശം / 34
അബൂ ഇഹ്സാന

Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Editor: Usman Palakkazhi
Chief Editor: Anil Primrose I Web Editor: Haseeb Elayur I Design, Cover & Layout: Elan
mail@nerpatham.com I www.nerpatham.com I 0495 4019437

വായനക്കാർ എഴുതുന്നു

മാപ്പ് കൊടുക്കുക മാപ്പിനർഹരാവുക

അക്ഷമയുടെയും മുൻകോപത്തിന്റെയും ചെറിയ തെറ്റുകൾക്ക് പോലും മാപ്പ് നൽകാൻ കഴിയാത്തതിന്റെയും പേരിൽ പല അനർഥങ്ങളും നാട്ടിൽ നടക്കുന്നതായി നാം കണ്ടുകൊണ്ടിരിക്കുന്നു. ഒരു സത്യവിശ്വാസിയിൽ ഈ ദുസ്സ്വഭാവങ്ങൾ കാണാവതല്ല. ഇസ്ലാം വിട്ടുവീഴ്ച ചെയ്യുവാനും മാപ്പ് നൽകുവാനും പ്രേരിപ്പിക്കുന്ന മതമാണ്. ഭാര്യമാരിൽനിന്നും മക്കളിൽനിന്നും സഹപ്രവർത്തകരിൽനിന്നുമടക്കം പലരിൽനിന്നും അനിഷ്ടകരമായ പലതും നേരിടേണ്ടിവന്നേക്കാം. അവിടെയൊക്കെ പക്വതയാർന്നതും വിട്ടുവീഴ്ചയിലൂന്നിയതുമായ നിലപാട് സ്വീകരിക്കുവാൻ കഴിയേണ്ടതുണ്ട്.

"സത്യവിശ്വാസികളേ, തീർച്ചയായും നിങ്ങളുടെ ഭാര്യമാരിലും നിങ്ങളുടെ മക്കളിലും നിങ്ങൾക്ക് ശത്രുവുണ്ട്. അതിനാൽ അവരെ നിങ്ങൾ സൂക്ഷിച്ചുകൊള്ളുക. നിങ്ങൾ മാപ്പുനൽകുകയും വിട്ടുവീഴ്ച കാണിക്കുകയും പൊറുത്തുകൊടുക്കുകയും ചെയ്യുന്ന പക്ഷം തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു. നിങ്ങളുടെ സ്വത്തുക്കളും നിങ്ങളുടെ സന്താനങ്ങളും ഒരു പരീക്ഷണം മാത്രമാകുന്നു. അല്ലാഹുവിങ്കലാകുന്നു മഹത്തായ പ്രതിഫലമുള്ളത്. അതിനാൽ നിങ്ങൾക്ക് സാധ്യമായവിധം അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക. നിങ്ങൾ കേൾക്കുകയും അനുസരിക്കുകയും നിങ്ങൾക്കു തന്നെ ഗുണകരമായ നിലയിൽ ചെലവഴിക്കുകയും ചെയ്യുക. ആർ മനസ്സിന്റെ പിശുക്കിൽ നിന്ന് കാത്തുരക്ഷിക്കപ്പെടുന്നുവോ അവർ തന്നെയാകുന്നു വിജയം പ്രാപിച്ചവർ. നിങ്ങൾ അല്ലാഹുവിന് ഉത്തമമായ കടം കൊടുക്കുന്ന പക്ഷം അവനത് നിങ്ങൾക്ക് ഇരട്ടിയാക്കിത്തരികയും നിങ്ങൾക്ക് പൊറുത്തുതരികയും ചെയ്യുന്നതാണ്. അല്ലാഹു ഏറ്റവും അധികം നന്ദിയുള്ളവനും സഹനശീലനുമാകുന്നു. അദൃശ്യവും ദൃശ്യവും അറിയുന്നവനും പ്രതാപിയും യുക്തിമാനുമാകുന്നു അവൻ" (ക്വുർആൻ 64:14-18).

അല്ലാഹു നമുക്ക് മാപ്പുതരണമെങ്കിൽ നാം മറ്റുള്ളവർക്ക് മാപ്പുകൊടുക്കാൻ തയ്യാറാകണം. സ്വത്തും സന്താനങ്ങളും അഹന്തകാണിക്കുവാൻ നിമിത്തമാകരുത്. രണ്ടും അല്ലാഹുവിന്റെ പരീക്ഷണവും അനുഗ്രഹവുമാണ്.

"നീ വിട്ടുവീഴ്ച സ്വീകരിക്കുകയും സദാചാരം കൽപിക്കുകയും അവിവേകികളെ വിട്ട് തിരിഞ്ഞുകളയുകയും ചെയ്യുക. പിശാചിൽ നിന്നുള്ള വല്ല ദുഷ്പ്രേരണയും നിന്നെ ബാധിക്കുകയാണെങ്കിൽ നീ അല്ലാഹുവോട് ശരണം തേടിക്കൊള്ളുക. തീർച്ചയായും അവൻ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാണ്. തീർച്ചയായും സൂക്ഷ്മത പാലിക്കുന്നവരെ പിശാചിൽ നിന്നുള്ള വല്ല ദുർബോധനവും ബാധിച്ചാൽ അവർക്ക് (അല്ലാഹുവെപ്പറ്റി) ഓർമവരുന്നതാണ്. അപ്പോഴതാ അവർ ഉൾകാഴ്ചയുള്ളവരാകുന്നു. എന്നാൽ അവരുടെ (പിശാചുക്കളുടെ) സഹോദരങ്ങളെയാവട്ടെ, അവർ ദുർമാർഗത്തിൽ അയച്ചുവിട്ടുകൊണ്ടിരിക്കുന്നു. പിന്നെ അവർ (അധർമത്തിൽ) ഒട്ടും കമ്മിവരുത്തുകയില്ല" (ക്വുർആൻ 7:199-202).

അവിവേകത്തിന് പ്രേരിപ്പിക്കുന്നവനാണ് പിശാച്. അതുകൊണ്ട് അവന്റെ ഉപദ്രവത്തിൽനിന്ന് അല്ലാഹുവിനോട് എപ്പോഴും കാവൽ ചോദിക്കണം. തെറ്റുകളിലേക്കുള്ള ദുർബോധനമുണ്ടാകുമ്പോൾ അല്ലാഹുവിനെ സ്മരിക്കുവാൻ സാധിക്കണം.

"ആകാശങ്ങളും ഭൂമിയും അവ രണ്ടിനും ഇടയിലുള്ളതും യുക്തിപൂർവകമായല്ലാതെ നാം സൃഷ്ടിച്ചിട്ടില്ല. തീർച്ചയായും അന്ത്യസമയം വരുകതന്നെ ചെയ്യും. അതിനാൽ നീ ഭംഗിയായി മാപ്പ് ചെയ്ത് കൊടുക്കുക. തീർച്ചയായും നിന്റെ രക്ഷിതാവ് എല്ലാം സൃഷ്ടിക്കുന്നവനും എല്ലാം അറിയുന്നവനുമാകുന്നു" (ക്വുർആൻ 15:85-86).

പരസ്പരധാരണയും വിട്ടുവീഴ്ചയുമാണ് സമാധാനപരമായ, സന്തോഷപ്രദമായ കുടുംബജീവിതത്തിന്റെ അടിസ്ഥാനം. കുടുംബ പ്രശ്നങ്ങൾ മൂലമുണ്ടാകുന്ന മാനസിക സമ്മർദം ജോലിസ്ഥലത്തും മറ്റും ഉണ്ടാക്കുന്ന പ്രയാസങ്ങൾ ചെറുതല്ല.

ആർ.എം ഇബ്റാഹീം, വെളുത്തൂർ

മുഖമൊഴി

പ്രപഞ്ചത്തിലേക്ക് മിഴിതുറക്കുക

അറിവ് കരസ്ഥമാക്കുന്നതിനെ ഇസ്‌ലാമിനോളം പ്രോത്സാഹിപ്പിച്ച ഒരു മതമോ പ്രത്യയശാസ്ത്രമോ ലോകത്തില്ല എന്ന് പറയുന്നതിൽ അൽപം പോലും അതിശയോക്തിയുണ്ടെന്ന് തോന്നുന്നില്ല. മുഹമ്മദ് നബിﷺക്ക് ആദ്യമായി അവതീർണമായ കുർആൻ വചനങ്ങൾ തന്നെ വായനക്കും ആഴത്തിലുള്ള പഠനത്തനും ചിന്തക്കും പ്രേരണ നൽകുന്നതാണെന്ന് കാണാം.

പൗരാണിക കാല മുസ്‌ലിം സമൂഹം കുർആനിന്റെയും പ്രവാചക വചനങ്ങളുടെയും അന്തസ്സത്തയുൾക്കൊണ്ട് സകല വിജ്ഞാനീയങ്ങളിലും വ്യുൽപത്തി നേടുവാൻ ശ്രമിച്ചിരുന്നതായി ചരിത്രം വ്യക്തമാക്കുന്നു. രാഷ്ട്രീയപരവും സാമൂഹ്യപരവുമായ കാരണങ്ങളാൽ പിൽക്കാലത്ത് ഈ രംഗത്ത് മുസ്‌ലിം ലോകം അൽപം പുറകോട്ടടിച്ചു എന്നത് വസ്തുതയാണ്.

ആഴത്തിലുള്ള പഠനത്തിലൂടെയും ചിന്തയിലൂടെയും ദൈവാസ്തിത്വം തിരിച്ചറിയാൻ സാധിക്കുമെന്നതിൽ സംശയമില്ല. സൃഷ്ടിപ്പിന്റെ വിവിധ വശങ്ങളുമായി ബന്ധപ്പെട്ട് കുർആൻ നൽകുന്ന വിവരണങ്ങളും വിജ്ഞാനങ്ങളും വിശ്വാസ ദൃഢീകരണത്തിനുതകുന്നതാണ്.

"ആകാശ ഭൂമികളുടെ സൃഷ്ടിപ്പിലും രാപ്പകലുകളുടെ മാറ്റത്തിലും മനുഷ്യർക്കുപകാരമുള്ള വസ്തുക്കളുമായി കടലിലൂടെ സഞ്ചരിക്കുന്ന കപ്പലിലും ആകാശത്തു നിന്ന് അല്ലാഹു മഴ ചൊരിഞ്ഞു തന്നിട്ട് നിർജീവാവസ്ഥക്കു ശേഷം ഭൂമിക്ക് അതുമുഖേന ജീവൻ നൽകിയതിലും കാറ്റുകളുടെ ഗതിക്രമത്തിലും ആകാശഭൂമികൾക്കിടയിലൂടെ നിയന്ത്രിച്ച് നയിക്കപ്പെടുന്ന മേഘത്തിലും ചിന്തിക്കുന്ന ജനങ്ങൾക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്; തീർച്ച" (കുർആൻ 2:164).

പ്രപഞ്ചത്തിലെയും പ്രകൃതിയിലെയും വിവിധ ഘടകങ്ങളെയും ക്രമീകരണങ്ങളെയും സൃഷ്ടിപ്പിലെയും വിതാനത്തിലെയും വൈവിധ്യങ്ങളെയും എടുത്തുപറഞ്ഞുകൊണ്ട് (ഈ പ്രതിഭാസങ്ങൾക്കു പിന്നിലെ സൃഷ്ടികർത്താവിന്റെ വൈഭവപൂർണമായ ഇടപെടൽ ഓർമിപ്പിച്ചുകൊണ്ട്) വ്യക്തികളെ സത്യവിശ്വാസം സ്വീകരിക്കേണ്ടതിന്റെ അനിവാര്യത ബോധ്യപ്പെടുത്തുകയാണ് കുർആൻ.

"സൂര്യനെ ഒരു പ്രകാശമാക്കിയത് അവനാകുന്നു. ചന്ദ്രനെ അവനൊരു ശോഭയാക്കുകയും അതിന് ഘട്ടങ്ങൾ നിർണയിക്കുകയും ചെയ്തിരിക്കുന്നു. നിങ്ങൾ കൊല്ലങ്ങളുടെ എണ്ണവും കണക്കും അറിയുന്നതിന് വേണ്ടി. യഥാർഥ മുറപ്രകാരമല്ലാതെ അല്ലാഹു അതൊന്നും സൃഷ്ടിച്ചിട്ടില്ല. മനസ്സിലാകുന്ന ആളുകൾക്കു വേണ്ടി അല്ലാഹു തെളിവുകൾ വിശദീകരിക്കുന്നു. തീർച്ചയായും രാപ്പകലുകൾ വ്യത്യാസപ്പെടുന്നതിലും, ആകാശങ്ങളിലും ഭൂമിയിലും അല്ലാഹു സൃഷ്ടിച്ചിട്ടുള്ളവയിലും പല തെളിവുകളുമുണ്ട്" (കുർആൻ 10:5-6).

"ആകാശങ്ങളും ഭൂമിയും അല്ലാഹു ശരിയായ ക്രമത്തിലാണ് സൃഷ്ടിച്ചുള്ളതെന്ന് നീ കണ്ടില്ലേ?..." (കുർആൻ 14:19-2).

അറിവിന്റെ അക്ഷയഖനികൾ നിറഞ്ഞതാണ് പ്രപഞ്ചം. അതിൽനിന്നും ഓരോ മുത്ത് കണ്ടെടുക്കുമ്പോഴും പ്രപഞ്ച നാഥനെയും അവന്റെ നിസ്തുലമായ കഴിവുകളെയും കുറിച്ച് മനസ്സിലാക്കാൻ സാധിക്കുമെന്നതിൽ സംശയമില്ല. കുറ്റമറ്റ രീതിയിലുള്ള ഓരോ സ്ഥൂല-സൂക്ഷ്മ ജീവിയുടെയും സകല വസ്തുക്കളുടെയും സൃഷ്ടിപ്പിനു പിന്നിൽ ആകസ്മികതയോ യാദൃച്ഛികതയോ അല്ലെന്നും സൂക്ഷ്മജ്ഞാനിയും സർവശക്തനുമായ ഒരുവന്റെ കരങ്ങളാണെന്നും കണ്ടെത്താൻ ചിന്താശേഷി ഉപയോഗിക്കുന്നവർക്ക് കഴിയുമെന്നതിനാലാണ് കുർആനിലൂടെ അനേക തവണ ചിന്തിക്കുവാനും ഉറ്റാലോചിക്കുവാനും അല്ലാഹു ആഹ്വാനം ചെയ്തിരിക്കുന്നത്.

ശൈഖ് അബ്ദുൽമുഹ്സിൻ ഇബ്നുഹമദ് അൽബദ്ർ
mail@nerpatham.com

വിവർത്തനം

അധ്വാനവും ആത്മാർഥതയും

ഉദ്യോഗം ഒരു അമാനത്താണ്. ഉദ്യോഗസ്ഥൻ തന്റെ ജോലി ആത്മാർഥതയോടും താൽപര്യത്തോടും നിർവഹിച്ചാൽ ഇഹത്തിലും പരത്തിലും അവന് പ്രതിഫലം ലഭിക്കും. അല്ലാഹുവിൽനിന്നുള്ള പ്രതിഫലം കാംക്ഷിച്ച് താൽപര്യപൂർവം ജോലിയെടുക്കുന്നവൻ തന്റെ ചുമതല നിറവേറ്റിയവനും ഭൗതികമായി ജോലിക്കുള്ള കൂലി അർഹിക്കുന്നവനും പാരത്രികലോകത്തെ പ്രതിഫലം നേടി വിജയിക്കുന്നവനുമായിത്തീരും. മനുഷ്യർ ചെയ്യുന്ന കർമങ്ങൾക്കുള്ള പ്രതിഫലവും കൂലിയും ഉണ്ടാകുന്നത് അല്ലാഹുവിന്റെ പ്രീതി കാംക്ഷിക്കുന്നതോടൊപ്പവും പ്രതിഫലേച്ഛയോടൊപ്പവുമാണ് എന്ന് പ്രമാണങ്ങൾ പഠിപ്പിക്കുന്നു:

അല്ലാഹു പറഞ്ഞു: "അവരുടെ രഹസ്യാലോചനകളിൽ മിക്കതിലും യാതൊരു നന്മയുമില്ല. വല്ല ദാനധർമവും ചെയ്യുവാനോ, സദാചാരം കൈക്കൊള്ളുവാനോ, ജനങ്ങൾക്കിടയിൽ രഞ്ജിപ്പുണ്ടാക്കുവാനോ കൽപിക്കുന്ന ആളുകളുടെ വാക്കുകളിലൊഴികെ. വല്ലവനും അല്ലാഹുവിന്റെ പൊരുത്തം തേടിക്കൊണ്ട് അപ്രകാരം ചെയ്യുന്നപക്ഷം അവന് നാം മഹത്തായ പ്രതിഫലം നൽകുന്നതാണ്" (സൂറത്തുന്നിസാഅ്: 114).

അബൂമസ്ഊദ്ﷺവിൽനിന്ന് നിവേദനം. അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: "വല്ലവനും തന്റെ കുടുംബത്തിന് (അല്ലാഹുവിൽനിന്ന്) പ്രതിഫലം മോഹിച്ച് ചെലവ് നൽകിയാൽ അത് അവന് ധർമമാണ്" (ബുഖാരി, മുസ്ലിം).

അല്ലാഹുവിന്റെ റസൂൽ ﷺ സഅ്ദ് ഇബ്നു അബീ വക്വാസ്വ് رضي الله عنه വിനോട് പറഞ്ഞു: "അല്ലാഹുവിന്റെ പ്രീതി തേടിക്കൊണ്ട് താങ്കൾ ചെലവഴിക്കുന്ന യാതൊന്നുമില്ല; താങ്കൾക്കതിന് പ്രതിഫലം നൽകപ്പെടാതെ. എത്രത്തോളമെന്നാൽ താങ്കൾ താങ്കളുടെ ഭാര്യയുടെ വായിൽ വെച്ചുകൊടുക്കുന്ന ഉരുളക്ക് പോലും" (ബുഖാരി, മുസ്ലിം).

ഒരു മുസ്ലിം, മറ്റുള്ളവരോട് തന്റെമേൽ നിർബന്ധമായ ബാധ്യത നിർവഹിച്ചാൽ അവന്റെ ഉത്തരവാദിത്തം അവൻ നിറവേറ്റി. എന്നാൽ പ്രതിഫലവും കൂലിയും അവൻ നേടുന്നത് അല്ലാഹുവിൽ പ്രതീക്ഷയർപ്പിക്കുമ്പോഴും അല്ലാഹുവിന്റെ പ്രീതി കാംക്ഷിക്കുമ്പോഴും മാത്രമാണ്. ഇതാണ് ഉപരി സൂചിത പ്രമാണ വചനങ്ങൾ അറിയിക്കുന്നത്.

ജോലിസമയം ജോലിക്കുവേണ്ടി

തനിക്ക് നിശ്ചയിക്കപ്പെട്ട ജോലിക്ക് നിർണയിക്കപ്പെട്ട സമയം പ്രസ്തുത ജോലിക്കായി വിനിയോഗിക്കാൻ എല്ലാ ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതുണ്ട്. ആ സമയത്ത് ഇതര കാര്യങ്ങളിൽ വ്യാപൃതനായി സമയം കളയുന്നത് അമാനത്തിൽ വരുത്തുന്ന വീഴ്ചയാണ്.

തന്റെ കൂലി സമ്പൂർണമായി സ്വീകരിക്കുവാൻ മനുഷ്യൻ ആഗ്രഹിക്കുന്നു. അത് തെല്ലും കുറക്കപ്പെടുന്നത് അവൻ ഇഷ്ടപ്പെടുന്നില്ല. അതിനാൽ ജോലിസമയം ജോലിയുടെ നന്മക്കല്ലാതെ മറ്റു കാര്യങ്ങളിൽ വിനിയോഗിച്ച് തെല്ലും കുറക്കാതിരിക്കലും അയാളുടെ ബാധ്യതയാണ്.

തങ്ങളുടെ അവകാശങ്ങൾ പൂർണമായി സ്വീകരിക്കുകയും അന്യരുടെ അവകാശങ്ങളിൽ കുറവ് വരുത്തുകയും ചെയ്യുന്ന, അളവുകളിലും തൂക്കങ്ങളിലും കൃത്രിമം കാണിക്കുന്നവരെ അല്ലാഹു ആക്ഷേപിച്ചിട്ടുണ്ട്. അല്ലാഹു പറഞ്ഞു: "അളവിൽ കുറക്കുന്നവർക്ക് മഹാനാശം. അതായത് ജനങ്ങളോട് അളന്നുവാങ്ങുകയാണെങ്കിൽ തികച്ചെടുക്കുകയും ജനങ്ങൾക്ക് അളന്നുകൊടുക്കുകയോ തൂക്കിക്കൊടുക്കുകയോ ആണെങ്കിൽ നഷ്ടം വരുത്തുകയും ചെയ്യുന്നവർക്ക്. അക്കൂട്ടർ വിചാരിക്കുന്നില്ലേ തങ്ങൾ എഴുന്നേൽപിക്കപ്പെടുന്നവരാണെന്ന്? ഭയങ്കരമായ ഒരു ദിവസത്തിനായിട്ട്! അതെ, ലോക രക്ഷിതാവിങ്കലേക്ക് ജനങ്ങൾ എഴുന്നേറ്റ്വരുന്ന ദിവസം" (സൂറത്തുൽ മുത്വഫ്ഫിഫീൻ: 16).

ഉദ്യോഗസ്ഥനുണ്ടാകേണ്ട അടിസ്ഥാന യോഗ്യതകൾ

ഉദ്യോഗസ്ഥനെയും ജോലിക്കാരനെയും തെരഞ്ഞെടുക്കുന്നതിൽ അടിസ്ഥാനമാക്കേണ്ടത് അയാൾ പ്രാപ്തനും (ക്വവിയ്യ്) വിശ്വസ്തനും (അമീൻ) ആവുക എന്നതാണ്. കാരണം, പ്രാപ്തിയുണ്ടെങ്കിലേ തന്നോട് ആവശ്യപ്പെട്ട ജോലി നിർവഹിക്കുവാൻ ഒരാൾക്ക് സാധിക്കൂ. അമാനത്തുകൊണ്ട് മാത്രമെ ആവശ്യപ്പെട്ടതായ ജോലി, തന്നെ ബാധ്യതാമുക്തനാക്കും വിധം ചെയ്യുവാനും അയാൾക്ക് സാധിക്കൂ. അമാനത്ത് കൊണ്ടാണ് കാര്യങ്ങൾ അതിന്റേതായ സ്ഥാനങ്ങളിൽ വെക്കാനാവുന്നതും കുവ്വത്(ശക്തി) കൊണ്ടാണ് ഉത്തരവാദിത്തം നിർവഹിക്കുവാൻ സാധ്യമാകുന്നത് എന്ന് സാരം.

മൂസാ عليه السلام മദ്യൻകാരനായ വ്യക്തിയുടെ രണ്ട് പെൺമക്കൾക്ക് വെള്ളം കോരി നൽകിയപ്പോൾ അവരിൽ ഒരു പെൺകുട്ടി മൂസാ عليه السلام യെ കുറിച്ച് പറഞ്ഞതായി അല്ലാഹു പറയുന്നു: "എന്റെ പിതാവേ, ഇദ്ദേഹത്തെ താങ്കൾ കൂലിക്കാരനായി നിർത്തുക. തീർച്ചയായും താങ്കൾ കൂലിക്കാരായി എടുക്കുന്നവരിൽ ഏറ്റവും ഉത്തമൻ ശക്തനും വിശ്വസ്തനുമായിട്ടുള്ളവനത്രെ" (സൂറത്തുൽ ക്വസ്വസ്: 26).

സുലൈമാൻ നബി عليه السلام ക്കുവേണ്ടി സബഇലെ രാജ്ഞിയായ ബൽകീസിന്റെ സിംഹാസനം കൊണ്ടുവരുവാൻ സന്നദ്ധത പ്രകടിപ്പിച്ച, ജിന്ന് വർഗത്തിലെ ഇഫ്രീത്ത് പറഞ്ഞതായി ക്വുർആനിൽ ഇങ്ങനെ കാണാം: "അങ്ങ് അങ്ങയുടെ ഈ സദസ്സിൽ നിന്ന് എഴുന്നേൽക്കുന്നതിനുമുമ്പായി ഞാനത് അങ്ങേ

ഒരു മുസ്ലിം, മറ്റുള്ളവരോട് തന്റെമേൽ നിർബന്ധമായ ബാധ്യത നിർവഹിച്ചാൽ അവന്റെ ഉത്തരവാദിത്തം അവൻ നിറവേറ്റി. എന്നാൽ പ്രതിഫലവും കൂലിയും അവൻ നേടുന്നത് അല്ലാഹുവിൽ പ്രതീക്ഷയർപ്പിക്കുമ്പോഴും അല്ലാഹുവിന്റെ പ്രീതി കാംക്ഷിക്കുമ്പോഴും മാത്രമാണ്.

ശക്തിയുടെയും വിശ്വാസ്യതയുടെയും വിപരീതമാണ് അശക്തിയും വഞ്ചനയും. അശക്തിയും വഞ്ചനയുമാകട്ടെ ജോലിയിൽ ആളുകളെ നിശ്ചയിക്കാതിരിക്കുവാൻ അടിസ്ഥാനവും ജോലിയിൽനിന്ന് ആളുകളെ ഒഴിവാക്കുവാനുള്ള യഥാർഥ ന്യായവുമാണ്.

ക്ക് കൊണ്ടുവന്നുതരാം. തീർച്ചയായും ഞാനതിന് കഴിവുള്ളവനും വിശ്വസ്തനുമാകുന്നു" (സൂറത്തുന്നംല്: 39).

സിംഹാസനം ചുമക്കുവാനും ഹാജരാക്കുവാനുമുള്ള കഴിവിനെയും അതിലുള്ളത് സൂക്ഷിക്കുന്നതിനെയും ഒന്നിച്ച് പറഞ്ഞു എന്ന് സാരം.

യൂസുഫ്ﷺ രാജാവിനോട് പറഞ്ഞതായി അല്ലാഹു പറയുന്നു:

"താങ്കൾ എന്നെ ഭൂമിയിലെ ഖജനാവുകളുടെ അധികാരമേൽപിക്കൂ. തീർച്ചയായും ഞാൻ വിവരമുള്ള ഒരു സൂക്ഷിപ്പുകാരനായിരിക്കും" (സൂറത്തുയൂസുഫ്: 55).

ശക്തിയുടെയും വിശ്വാസ്യതയുടെയും വിപരീതമാണ് അശക്തിയും വഞ്ചനയും. അശക്തിയും വഞ്ചനയുമാകട്ടെ ജോലിയിൽ ആളുകളെ നിശ്ചയിക്കാതിരിക്കുവാൻ അടിസ്ഥാനവും ജോലിയിൽനിന്ന് ആളുകളെ ഒഴിവാക്കുവാനുള്ള യഥാർഥ ന്യായവുമാണ്.

ഉമർ🌷 സഅദ്🌷വിനെ കൂഫയുടെ അമീറായി നിശ്ചയിച്ചപ്പോൾ അവിടത്തെ വിവരദോഷികൾ സഅദ്🌷വിനെ കുറിച്ച് ആക്ഷേപം പറഞ്ഞു. ഉമർ🌷 വിനോട് അദ്ദേഹത്തിനെതിരിൽ അവർ സംസാരിച്ചു. ഈ സന്ദർഭത്തിൽ അരാജകത്വം ഒഴിവാക്കുവാനും ആരും സഅദിനെ കയ്യേറ്റം ചെയ്യാതിരിക്കുവാനും ഉമർ🌷 അദ്ദേഹത്തെ കൂഫയുടെ അമീർ സ്ഥാനത്തുനിന്ന് മാറ്റുന്നതിലാണ് നന്മയെന്ന് കണ്ടു. എന്നാൽ ഉമർ🌷 മരണാസന്നനായ വേളയിൽ സ്വഹാബികളിൽ നിന്ന് ആറു പേരെ ഖലീഫയെ തെരെഞ്ഞെടുക്കുവാൻ നിശ്ചയിച്ചപ്പോൾ അവരിൽ സഅദുമുണ്ടായിരുന്നു. സഅദ്🌷 ഭരണനേതൃത്വത്തിന് കൊള്ളാത്തവനായതുകൊണ്ടാണ് താൻ അദ്ദേഹത്തെ സ്ഥാനമൊഴിപ്പിച്ചതെന്ന് തെറ്റിദ്ധരിക്കപ്പെടുമെന്ന് ഉമർ🌷 ഭയന്നു. പ്രസ്തുത തെറ്റിദ്ധരിക്കപ്പെടലിനെ അദ്ദേഹം ഇപ്രകാരം പറഞ്ഞുകൊണ്ട് നിരാകരിച്ചു:

"ഖിലാഫത്ത് സഅദിനാണ് ലഭിക്കുന്നതെങ്കിൽ സഅദായിരിക്കണം ഖലീഫ. അദ്ദേഹമല്ലെങ്കിൽ ആരാണോ ഖലീഫയായി നിശ്ചയിക്കപ്പെടുന്നത് അയാൾ സഅ്ദിനെ സഹായിയായി സ്വീകരിക്കട്ടെ. കാരണം ഞാൻ സഅദിനെ അദ്ദേഹത്തിന്റെ അശക്തത കാരണത്താലോ അദ്ദേഹം വഞ്ചന നടത്തിയതിനാലോ സ്ഥാനഭ്രഷ്ടനാക്കിയിട്ടില്ല" (ബുഖാരി).

അബൂദർറ് 🌷വിൽനിന്ന് നിവേദനം. അദ്ദേഹം ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ, താങ്കൾ എന്നെ ഗവർണറായി നിശ്ചയിക്കുന്നില്ലേ?" അപ്പോൾ തിരുമേനി🌺 തന്റെ കൈകൊണ്ട് എന്റെ ഇരു ചുമലുകളിലും തട്ടി. ശേഷം തിരുമേനി🌺 പറഞ്ഞു: "അബൂദർറ്, താങ്കൾ ദുർബലനാണ്. നേതൃപദവിയാകട്ടേ അമാനത്തുമാണ്. അത് അന്ത്യനാളിൽ നിന്ദ്യതയും അപമാനവുമാണ്; നേതൃത്വം യഥാവിധം ഏറ്റെടുക്കുകയും അതിൽ തന്റെമേൽ ബാധ്യതയായത് നിർവഹിക്കുകയും ചെയ്തവർക്കൊഴിച്ച്" (മുസ്ലിം).

അബൂദർറിൽ നിന്നുള്ള മറ്റൊരു റിപ്പോർട്ടിൽ അല്ലാഹുവിന്റെ ദൂതൻ🌺 പറഞ്ഞതായി ഇപ്രകാരമാണുള്ളത്: "അബൂദർറ്, താങ്കളെ ഞാൻ ദുർലബ്ധനായി കാണുന്നു. എനിക്ക് ഞാൻ ഇഷ്ടപ്പെടുന്നത് താങ്കൾക്കും ഞാൻ ഇഷ്ടപ്പെടുന്നു. താങ്കൾ രണ്ടാളുകളുടെ നേതൃപദവി ഏറ്റെടുക്കരുത്. യതീമിന്റെ ധനവും ഏറ്റെടുക്കരുത്" (മുസ്ലിം).

മുതിർന്നവർ ചെറിയവർക്ക് മാതൃക

ഉത്തരവാദപ്പെട്ട മുതിർന്നവർ ചെറിയവർക്ക് കാര്യക്ഷമതയിലും അലസതയിലും ഒരുപോലെ മാതൃകയാണ്. ഉന്നത ഉദ്യോഗസ്ഥർ അവരുടെ ഉത്തരവാദിത്തങ്ങൾ പൂർണമായി നിർവഹിച്ചാൽ അവരുടെ കീഴ്ഘടകങ്ങൾ അതിൽ അവരെ അനുധാവനം ചെയ്യും. ജോലിയിലുള്ള എല്ലാ മേലാധികാരികളും തന്നെക്കുറിച്ചും തന്റെ കീഴിലുള്ളവരെക്കുറിച്ചും ചോദിക്കപ്പെടും.

അബ്ദുല്ലാഹിബ്നുഉമർ🌷വിൽ നിന്ന് നിവേദനം.

അല്ലാഹുവിന്റെ ദൂതൻ ﷺ പറഞ്ഞു:

"നിങ്ങൾ എല്ലാവരും പ്രജാധിപന്മാരാണ്. തന്റെ പ്രജയെക്കുറിച്ച് ചോദിക്കപ്പെടുന്നവരുമാണ്. ജനങ്ങൾക്ക് നേതാവായിട്ടുള്ളവൻ അവരുടെ മേൽനോട്ടക്കാരനാണ്. അയാൾ അവരെക്കുറിച്ച് ചോദ്യം ചെയ്യപ്പെടുന്നവനാണ്. പുരുഷൻ തന്റെ കുടുംബത്തിന്റെ മേൽനോട്ടക്കാരനാണ്; അയാൾ അവരെക്കുറിച്ച് ചോദ്യം ചെയ്യപ്പെടുന്നവനാണ്. സ്ത്രീ ഭർതൃവീടിന്റെയും സന്താനങ്ങളുടെയും മേൽനോട്ടക്കാരിയാണ്. അവൾ അവരെക്കുറിച്ച് ചോദ്യം ചെയ്യപ്പെടുന്നവളാണ്. ഭൃത്യൻ തന്റെ യജമാനന്റെ സ്വത്ത് കയ്യാളുന്നവനാണ്; അയാൾ അതിനെക്കുറിച്ച് ചോദ്യം ചെയ്യപ്പെടുന്നവനാണ്. അറിയുക, അതിനാൽ നിങ്ങൾ എല്ലാവരും മേൽനോട്ടക്കാരാണ്. നിങ്ങൾ മേൽനോട്ടം നടത്തുന്നവരെക്കുറിച്ച് ചോദിക്കപ്പെടുന്നവരുമാണ്" (ബുഖാരി).

ഉന്നത ഉദ്യോഗസ്ഥർ ജോലികൾ അതിന്റെ മുഴുസമയങ്ങളിലും സൂക്ഷിച്ച് നിർവഹിക്കുന്നവരായാൽ അവർ തങ്ങളുടെ കീഴ്ഘടകങ്ങൾക്ക് ഉത്തമ മാതൃകയായി. ഒരു കവി പാടി:

കൽപന നൽകി നീ ചെയ്തു കാണിക്കുകിൽ

നിൻ ആജ്ഞകൾക്കെല്ലാം വഴിപ്പെടുമാളുകൾ.

ആശയസംഗ്രഹം:
അബ്ദുൽ ജബ്ബാർ അബ്ദുല്ല

peaceradio
Tune to reality

ഈ ആഴ്ചയിലെ പ്രധാന പരിപാടികൾ

ആരോഗ്യ വിചാരം
ആരോഗ്യകരമായ ആഹാരം ആയുർവേദ വീക്ഷണം
അവതരണം: ഡോ.രാജീവൻ വി
(ഗവ. ആയുർവേദ മെഡി. ഓഫീസർ, തൃക്കരിപ്പൂർ)
ഡോ.സമീർ ബാബു (പീസ് റേഡിയോ പ്രതിനിധി)
15.10.18 തിങ്കൾ 9:00 PM, 11:15 PM
17.10.18 ബുധൻ 05:05 PM

പ്രകാശ തീരം
വിവാഹം
മുഹമ്മദ് സാദിഖ് മദീനി
15.10.18 തിങ്കൾ 9:30 PM, 17.10.18 ബുധൻ 9:45 AM

അടിത്തറകൾ
ഫദ്‌ലുൽ ഹഖ് ഉമരി
16.10.18 ചൊവ്വ 09:30 PM, 18.10.18 വ്യാഴം 09:45 AM

ഹൃദയ വസന്തം
ശുറൈഹ് സലഫി, സൂ: തൂർ 7-10
15.10.18 തിങ്കൾ 7:45 PM
17.10.18 ബുധൻ 09:00 AM

പടവുകൾ
ഇന്ത്യാ ചരിത്രം
അനസ് ബിൻ സഈദ്
17.10.18 ബുധൻ 8:00 AM, 18.10.18 വ്യാഴം 11:00 AM

സലഫി ദുറൂസ്
നുബ്ബുവത്തിന്റെ തെളിവുകൾ, ഭാഗം: 106
അബൂബകർ സലഫി
18.10.18 വ്യാഴം 9:30 PM,
20.10.18 ശനി 9:30 AM

അൽ ഉസൂൽ
ഹദീഥ് ഒരു പഠനം, ഭാഗം 5
അബ്ദുൽ മാലിക് സലഫി
20.10.18 ശനി 09:30 PM
22.10.18 തിങ്കൾ 09:45 AM

വോയിസ് ഓഫ് ഹറം
(മസ്ജിദുൽ ഹറമിലെ ജുമുഅ ഖുതുബയുടെ മലയാള വിവർത്തനം)
കുഞ്ഞി മുഹമ്മദ് മദനി പറപ്പൂർ
20.10.18 ശനി 09:00 PM
24.10.18 ബുധൻ 02:45 PM

ഇലൽ അറബിയ്യഃ
അറബി ഭാഷയെ പരിചയപ്പെടാം, ഭാഗം: 14
ഹുസൈൻ പലേക്കോടൻ (Asst.Prof, Arabic Department CHMKM Gov.Arts & Science College, Tanur)
21.10.18 ഞായർ 9:30 PM
23.10.18 ചൊവ്വ 09:45 AM

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:
Search peaceradio | Search peace radio App
www.peaceradio.com
Scan QR Code

സുഫ്‌യാൻ അബ്ദുസ്സലാം
sufyanasalam@gmail.com

കവർ സ്റ്റോറി

ഇസ്‌ലാം ആശ്ലേഷണത്തിലെ 'രാഷ്ട്രീയ'വും അവകാശ നിഷേധവും

ഒരാൾക്ക് ഏത് മതവും സ്വീകരിക്കാനും അതിന്റെ ആചാരാനുഷ്ഠാനങ്ങൾ കൊണ്ടുനടക്കാനും മതരഹിതനായി ജീവിക്കാനുമൊക്കെ ഇന്ത്യാരാജ്യത്ത് സ്വാതന്ത്ര്യമുണ്ട്. എന്നാൽ ഭൗതികമായ താൽപര്യങ്ങൾക്കോ രാഷ്ട്രീയ കാര്യങ്ങൾക്കോ പ്രതിഷേധസൂചകമായോ ഐക്യദാർഢ്യം പ്രകടിപ്പിക്കാനോ വേണ്ടി മതം മാറാമോ? അങ്ങനെ മാറിയവരുടെ അവകാശസംരക്ഷണം സർക്കാരിന്റെ ബാധ്യതയിൽ പെടുമോ? ഒരന്വേഷണം.

ഇസ്‌ലാം ഒരാളുടെയും കുത്തകയല്ല. ജാതിമത ഭേദമന്യെ ദേശ, വർണ വൈജാത്യങ്ങൾക്കപ്പുറം ഏതൊരാൾക്കും സ്വതന്ത്രമായി സ്വീകരിക്കാൻ അവകാശമുള്ള ദർശനമാണ് ഇസ്‌ലാം. അത് പ്രപഞ്ചനാഥനായ സ്രഷ്ടാവ് മനുഷ്യകുലത്തിന്റെ ഇഹപര വിജയത്തിനുവേണ്ടി അവതരിപ്പിച്ച ജീവിതനിയമങ്ങളുടെ സമാഹാരമാണ്. സ്രഷ്ടാവിന്റെ മുമ്പിൽ സൃഷ്ടികളെല്ലാം സമന്മാരായതുകൊണ്ടു തന്നെ ഇസ്‌ലാമിനെ ഉടമപ്പെടുത്തുന്ന മുതലാളിമാരില്ല. പൗരോഹിത്യത്തിന്റെ സമ്മതപത്രമോ മേലധ്യക്ഷന്മാരുടെ സാക്ഷ്യപത്രമോ ആവശ്യമില്ല ഒരാൾക്ക് ഇസ്‌ലാം സ്വീകരിക്കാൻ. സംഘടനകളുടെയോ നേതാക്കളുടെയോ തിട്ടൂരവും വേണ്ടതില്ല. മരണശേഷമുള്ള നിത്യജീവിതമായ പരലോകത്തിൽ രക്ഷ ലഭിക്കണമെന്ന താൽപര്യമായിരിക്കണം ഇസ്‌ലാം സ്വീകരിക്കുന്നതിനും അതനുസരിച്ച് ജീവിക്കുന്നതിനും ഒരാളെ പ്രേരിപ്പിക്കേണ്ടത്. തന്നെ സൃഷ്ടിച്ച നാഥൻ മാത്രമെ ആരാധനക്കർഹനുള്ളൂവെന്നും ആ സ്രഷ്ടാവ് ഭൂലോകത്തേക്കച്ചയച്ച ഒട്ടനവധി പ്രവാചകന്മാ

രിൽ അവസാനത്തെ പ്രവാചകനാണ് മുഹമ്മദ്ﷺ എന്നും മനസ്സിലുറപ്പിച്ച് നാവിലൂടെ സധൈര്യം പ്രഖ്യാപിച്ച് സാക്ഷ്യപ്പെടുത്തിക്കൊണ്ട് ഏതൊരാൾക്കും ഇസ്‌ലാം സ്വീകരിക്കാം. ജീവിതത്തിലുടനീളം സ്രഷ്ടാവിന്റെ കൽപനകളും പ്രവാചകന്റെ ജീവിതമാതൃകകളും അംഗീകരിച്ച് മുമ്പോട്ട് പോകുമെന്ന ദൃഢനിശ്ചയമായിരിക്കണം ഇസ്‌ലാം സ്വീകരിച്ച വ്യക്തിക്കുണ്ടായിരിക്കേണ്ടത്. ഭൗതികമായ താൽപര്യങ്ങൾക്കോ രാഷ്ട്രീയ കാര്യങ്ങൾക്കോ വേണ്ടിയായിരിക്കരുത് ഇസ്‌ലാം ആശ്ലേഷണം.

നബിﷺ പറഞ്ഞു: 'പ്രവർത്തനങ്ങൾ സോദ്ദേശ്യപ്രകാരമാണ്. ഓരോരുത്തർക്കും അവർ ഉദ്ദേശിച്ചതെന്തോ അതുമാത്രമാണ് ലഭ്യമാവുക. ആരെങ്കിലും അല്ലാഹുവിലേക്കും അവന്റെ ദൂതനിലേക്കുമാണ് പലായനം നടത്തുന്നതെങ്കിൽ അയാളുടെ പലായനം അല്ലാഹുവിലേക്കും അവന്റെ ദൂതനിലേക്കും തന്നെയായിരിക്കും. പലായനം ഐഹിക ക്ഷേമത്തെയോ, വിവാഹം ചെയ്യാനുദ്ദേശിക്കുന്ന സ്ത്രീയെയോ ലക്ഷ്യമാക്കിയാണെങ്കിൽ അവനു ലഭിക്കുന്ന നേട്ടം അതുമാത്രമായിരിക്കും.' ഇതര മതദർശനങ്ങളെ തൃജിച്ച്, ഇസ്‌ലാമിലേക്ക് പലായനം നടത്തുന്ന വ്യക്തിയുടെ മനസ്സിൽ തന്റെ പരലോകവിജയവും ഇഹലോകത്ത് അല്ലാഹുവിന്റെ നിയമങ്ങൾക്കനുസരിച്ച് ജീവിക്കുന്നതിലുള്ള സന്തോഷവുമായിരിക്കണം നിറഞ്ഞുനിൽക്കേണ്ടത്.

ജനിച്ചുവീണ കുടുംബത്തിന്റെ മത കാഴ്ചപ്പാടുകളിൽനിന്നകന്ന് മറ്റൊരു മതത്തിൽ എത്തിച്ചേരാൻ ഏതൊരു വ്യക്തിക്കും ഒരു കാരണമുണ്ടായിരിക്കും. പുതുതായി സ്വീകരിക്കുന്ന മതത്തിന്റെ ശരിയെ കണ്ടെത്തിക്കൊണ്ടാവാം, അല്ലെങ്കിൽ പഴയ മതത്തിൽ നിന്നുണ്ടായ തിക്താനുഭവങ്ങളാവാം. അതുമല്ലെങ്കിൽ പുതിയ മതത്തിന്റെ അനുയായികളോട് ഭരണാധികാരികളും സമൂഹവും കാണിക്കുന്ന വിവേചനത്തിൽ പ്രതിഷേധിച്ച് അവരോടുള്ള ഐക്യദാർഢ്യം കാരണമാവാം. പ്രലോഭനങ്ങളോ പ്രകോപനങ്ങളോ ഇല്ലാതെ സ്വന്തം ഇച്ഛപ്രകാരം മറ്റൊരു മതത്തെ സ്വീകരിക്കുന്ന ഒരു വ്യക്തിയുടെ കാര്യമാണ് ഇവിടെ സൂചിപ്പിക്കുന്നത്. കാരണങ്ങൾ എന്തായിരുന്നാലും ഒരാൾ സ്വമേധയാ ഇസ്‌ലാം സ്വീകരിച്ചുവെന്ന് പ്രഖ്യാപിച്ചു കഴിഞ്ഞാൽ അയാളെ മുസ്‌ലിം സമൂഹത്തിലെ അംഗമായിട്ടാണ് പരിഗണിക്കുന്നത്. അയാളുടെ മനസ്സിലെ ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളുമെല്ലാം സ്രഷ്ടാവിന്റെ സമക്ഷത്തിങ്കലേക്ക് വിടുകയാണ് അഭികാമ്യം. യുദ്ധം നടന്നുകൊണ്ടിരിക്കെ ഒരാൾ 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന് പ്രഖ്യാപിച്ചിട്ടും യുദ്ധത്തിൽ അയാൾ വധിക്കപ്പെട്ടതിനെ ചോദ്യം ചെയ്ത പ്രവാചകനോട് അയാൾ രക്ഷപ്പെടാൻ വേണ്ടി പറഞ്ഞതാകുമെന്നു മറുപടി പറഞ്ഞ അനുചരന്മാരോട് അദ്ദേഹത്തിന്റെ ഹൃദയം നിങ്ങൾ കീറി മുറിച്ചു പരിശോധിച്ചിരുന്നുവോ എന്ന് ചോദിച്ച് നബിﷺ ദേഷ്യപ്പെട്ടത് ഇവിടെ അനുസ്മരിക്കപ്പെടേണ്ടതാണ്.

ഇസ്‌ലാമിലേക്ക് ഒരാൾ കടന്നുവരുന്നത് വ്യത്യസ്ത കാരണങ്ങൾ കൊണ്ടാവാം. അബൂലഹബ് പ്രവാചകനോട് കാണിച്ച ക്രൂരതയിൽ പ്രതിഷേധിച്ചാണ് പ്രവാചകന്റെ പിതൃവ്യനായിരുന്ന ഹംസ ഇസ്‌ലാം സ്വീകരിച്ചത്. ഇതുപോലുള്ള പല കാരണങ്ങളാലും പ്രവാചകന്റെ കാലഘട്ടത്തിൽ പലരും ഇസ്‌ലാം സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ഇങ്ങനെ ഇസ്‌ലാം സ്വീകരിച്ചവരൊക്കെയും ഇസ്‌ലാം എന്തെന്ന് പഠിക്കുകയും ജീവിതത്തിൽ വിശ്വാസപരമായും കർമപരമായും മാറ്റങ്ങൾ ഉണ്ടാക്കിയെടുക്കുകയും ചെയ്യാനാണ് ശ്രമിച്ചിരുന്നത്. ഒരു സമുദായത്തിൽ നിന്നും മറ്റൊരു സമുദായത്തിലേക്കുള്ള കൂടുമാറ്റമായിരുന്നില്ല അതൊന്നും. ഒരു പേരിൽ നിന്നും മറ്റൊരു പേരിലേക്കുള്ള മാറ്റവുമായിരുന്നില്ല. പേരുകൾ അറബി തന്നെ ആവണമെന്ന നിഷ്കർഷതയൊന്നും ഇസ്‌ലാം സ്വീകരിക്കുന്നവരുടെ പേരിൽ അടിച്ചേൽപിക്കേണ്ടതുമില്ല. ഇസ്‌ലാമിക വിശ്വാസത്തിനു വിരുദ്ധമായ പേരുകളുണ്ടെങ്കിൽ അത് മാറ്റണമെന്ന് മാത്രം.

ഇസ്‌ലാം ആദർശമാണ്; വിശ്വാസങ്ങളും സൽകർമങ്ങളുമാണ്. സൽസ്വഭാവങ്ങളും നല്ല സംസ്കാരങ്ങളുമാണ്. ദൈവഹിതമനുസരിച്ചുള്ള ജീവിതരീതിയും മരണശേഷമുള്ള അനശ്വരജീ

വിതത്തിലേക്കുള്ള ഒരുക്കങ്ങളുമാണ്. അതിലേക്കുള്ള മാറ്റം കക്ഷിരാഷ്ട്രീയം പോലെ ഇടക്കിടക്ക് കൂറുമാറാവുന്ന രാഷ്ട്രീയമല്ല. തന്റെ ഇസ്‌ലാം ആശ്ലേഷണത്തിനു പിന്നിൽ വിശ്വാസമല്ല, മുസ്‌ലിംകളെ പിന്തുണക്കുന്ന രാഷ്ട്രീയമാണെന്നു പറയുന്ന ശൈലികൾ ശരിയല്ല. മുസ്‌ലിം ഭൂരിപക്ഷ പ്രദേശങ്ങളിൽ അമുസ്‌ലിംകൾ പീഡിപ്പിക്കപ്പെടുന്നുവെന്നു പറഞ്ഞുകൊണ്ട് ആരെങ്കിലും അമുസ്‌ലിംകളോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നുവെന്നു പറഞ്ഞുകൊണ്ട് മറ്റൊരു മതം സ്വീകരിക്കുന്നതിനെ നാം എന്ത് പറയും? മുസ്‌ലിംകളെ പിന്തുണച്ചിരുന്ന അമുസ്‌ലിംകൾ പ്രവാചകന്റെ കാലത്തുമുണ്ടായിരുന്നു. പ്രവാചകന്റെ പിതൃവ്യനായിരുന്ന അബൂത്വാലിബ് പ്രവാചകനും അനുയായികൾക്കും സംരക്ഷണമൊരുക്കുന്ന 'രാഷ്ട്രീയം' സ്വീകരിച്ചിരുന്ന വ്യക്തിയായിരുന്നു. അതേസമയം ഇസ്‌ലാം സ്വീകരിക്കാൻ അദ്ദേഹം തയ്യാറായില്ല. എന്നിട്ടും അദ്ദേഹത്തിന്റെ സഹായം ഒട്ടും വൈമനസ്യമില്ലാതെ പ്രവാചകൻ നിർലോഭം സ്വീകരിക്കുകയും ചെയ്തു. പ്രവാചകൻ അദ്ദേഹത്തെ അത്യധികം സ്നേഹിച്ചു. അബൂത്വാലിബും പ്രവാചകനെ സ്നേഹിച്ചു. 'മുഹമ്മദിനെ പ്രബോധന പ്രവർത്തനങ്ങളിൽ നിന്നും തടയണമെന്നും അതിനു സാധിക്കില്ലെങ്കിൽ അവർക്ക് വിട്ടുകൊടുക്കണ'മെന്നും കുറൈശികൾ പല തവണ അബൂത്വാലിബിനോട് ആവശ്യപ്പെട്ടു. പക്ഷേ, അബൂത്വാലിബ് അദ്ദേഹത്തിനുവേണ്ടി പ്രതിരോധമായി നിലകൊണ്ടു. അദ്ദേഹം പറഞ്ഞു: 'സഹോദരപുത്രാ! നീ പോയി നിനക്കിഷ്ടമുള്ളത് പറഞ്ഞോളൂ. ഒരു കാരണവശാലും നിന്നെ ഞാൻ കയ്യൊഴിക്കില്ല.' അവിശ്വാസിയായിരിക്കെ തന്നെ അബൂത്വാലിബ് സ്വീകരിച്ച നിലപാട് കാപട്യമില്ലാത്തതായിരുന്നു. അവിശ്വാസത്തെ ഉള്ളിലൊളിപ്പിച്ച് ഇസ്‌ലാമിനെ പുറത്തേക്ക് കാണിക്കാൻ അദ്ദേഹം തയ്യാറായില്ല. മനസ്സിന്റെ ഉള്ളറകളിൽ സകലവിധ അവിശ്വാസങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരെയുള്ള നിലപാടുകൾ ഊട്ടിയുറപ്പിച്ച് കൊണ്ട് വിശ്വാസം പ്രഖ്യാപിച്ചെങ്കിൽ മാത്രമെ അയാൾക്ക് ആത്യന്തികമായി രക്ഷയുണ്ടാവുകയുള്ളൂ. മുസ്‌ലിംകളുടെ അവകാശങ്ങൾക്കും അവരുടെ സുരക്ഷക്കും വേണ്ടി നിലയുറപ്പിക്കാൻ വേണ്ടിയുള്ള രാഷ്ട്രീയം പ്രഖ്യാപിക്കാൻ ഒരാൾക്ക് മുസ്‌ലിമാവുക അനിവാര്യമല്ല.

ഡച്ച് ഫ്രീഡം പാർട്ടിയുടെ നേതാവായിരുന്ന അർനോഡ് വാൻ ഡോൺ ഇസ്‌ലാം സ്വീകരിച്ചത് അതേ പാർട്ടിയുടെ നേതാവായിരുന്ന ഗീർട്ട് വിൽഡേഴ്സ് നിർമിച്ച പ്രവാചകനെ വ്യക്തിപരമായി അധിക്ഷേപിക്കുന്ന 'ഫിത്ന' എന്ന സിനിമയിൽ പ്രതിഷേധിച്ചുകൊണ്ടായിരുന്നു. 'ഫിത്ന'ക്കെതിരെ ലോകത്താകമാനം ഉയർന്നുവന്ന പ്രതിഷേധം ഇസ്‌ലാമിനെക്കുറിച്ച് പഠിക്കാൻ പ്രചോദനമായി എന്ന് അദ്ദേഹം പറഞ്ഞു. ഇസ്‌ലാം സ്വീകരിച്ച ശേഷം അദ്ദേഹം മക്കയിൽ വന്നു ഹജ്ജ് നിർവഹിക്കുകയും മദീന സന്ദർശിക്കുകയും ചെയ്തു. ഇസ്‌ലാമിക പ്രബോധനത്തിനായി അദ്ദേഹം 'യൂറോപ്യൻ ദഅ്വ ഫൗണ്ടേഷൻ' എന്ന പേരിൽ ഒരു സംഘടന രൂപീകരിച്ചു പ്രവർത്തിക്കുകയും ചെയ്തുവരുന്നു. ഇസ്‌ലാമിനോടും മുസ്‌ലിംകളോടും ശത്രുതാപരമായ സമീപനം വെച്ചുപുലർത്തുകയും അവരുടെ ആരാധനാലയങ്ങൾ തകർക്കുകയും ആൾക്കൂട്ടഭീകരതകൾ സൃഷ്ടിച്ച് അവരെ ഇല്ലാതാക്കുകയും അവരുടെ വാസസ്ഥലങ്ങളിൽ നിന്നും അവരെ പുറത്താക്കി വംശീയ ഉന്മൂലനത്തിനു ശ്രമിക്കുകയും ചെയ്യുമ്പോൾ സ്വാഭാവികമായും സുമനസ്സുകൾ അതിനെതിരെ പ്രതിഷേധിക്കും. ഈ പ്രതിഷേധം ചിലരെ ഇസ്‌ലാം സ്വീകരിക്കാൻ പ്രേരിപ്പിക്കും. ഇങ്ങനെ ഇസ്‌ലാം സ്വീകരിക്കുന്നവർ പ്രാഥമികമായി മനസ്സിലാക്കേണ്ടത് ഇസ്‌ലാം വിശ്വാസവും കർമവും അനുഷ്ഠാനവും സ്വഭാവവും സംസ്കാരവുമെല്ലാം അടങ്ങിയ ഒരു ജീവിതദർശനമാണെന്ന സത്യമാണ്. അതിൽ നിന്നും ഏതെങ്കിലും ഒന്നിനെ മാറ്റി നിർത്താൻ സാധ്യമല്ല. ക്വുർആൻ പറയുന്നത് ഇങ്ങനെ: "സത്യവിശ്വാസികളേ, നിങ്ങൾ പരിപൂർണമായി കീഴ്വണക്കത്തിൽ പ്രവേശിക്കുക. പിശാചിന്റെ കാലടികളെ നിങ്ങൾ പിന്തുടരാതിരിക്കുകയും ചെയ്യുക. തീർച്ചയായും അവൻ നിങ്ങളുടെ പ്രത്യക്ഷ ശത്രുവാകുന്നു" (ക്വുർആൻ 2:208).

ഇസ്‌ലാം കേവലം ഒരു വ്യക്തിനിഷ്ഠമായ ആശയമല്ല, മറിച്ച് അതിനു ഒരു സാമൂഹിക തലമുണ്ട്. ദിവസവും അഞ്ചുനേരം പള്ളികളിൽ ആരാധനക്ക് എത്തിച്ചേരുന്ന വിശ്വാസികൾ കേവലം ആരാധന നിർവഹിക്കുക മാത്രമല്ല, മനുഷ്യരിലെ സാമൂഹികബോധത്തെ ഊട്ടിയുറപ്പിക്കുക കൂടി ചെയ്യുന്നു. നിർബന്ധവും ഐച്ഛികവുമായ ദാനധർമങ്ങൾ നൽകുന്നത് പോലും സംഘടിതമായി നിർവഹിക്കുന്നതിനു പിന്നിൽ ഈ സാമൂഹികബോധമാണ് പ്രേരകമാവുന്നത്. വിവാഹം, മരണം തുടങ്ങിയ ചടങ്ങുകൾക്ക് മാത്രം ഇസ്‌ലാമിലെ സാമൂഹികതലത്തെ ആശ്രയിക്കുകയും വിശ്വാസം, ആരാധന, അനുഷ്ഠാനം, ധാർമിക നിയമങ്ങൾ തുടങ്ങിയവയിൽ ഇസ്

ലാമിനെ കയ്യൊഴിക്കുകയും ചെയ്യുകയെന്നത് മുസ്‌ലിം കുടുംബങ്ങളിൽ ജനിച്ചവരിൽ പോലും കണ്ടു വരുന്നുണ്ട്. വിവാഹച്ചടങ്ങുകൾക്കും മരണാനന്തര ചടങ്ങുകൾക്കും പുരോഹിതന്മാർ വേണമെന്ന മിഥ്യാധാരണകളും മരണശേഷം അടക്കം ചെയ്യപ്പെടാൻ ഒരിടം ഉണ്ടായില്ലെങ്കിലോ എന്ന വ്യാകുലതയുമാണ് ഇങ്ങനെയുള്ള ചടങ്ങുകളിൽ മാത്രം പലരുടെയും ഇസ്‌ലാം പ്രകടമാവുന്നത്.

മുസ്‌ലിമായി മരണപ്പെടുന്ന ഒരാളുടെ അന്ത്യകർമങ്ങൾ നിർവഹിക്കപ്പെടേണ്ടത് ഇസ്‌ലാമിക ആചാരങ്ങൾ അനുസരിച്ചും അയാൾ അടക്കം ചെയ്യപ്പെടേണ്ടത് മുസ്‌ലിംകളുടെ ക്വബ്‌ർസ്ഥാനിലുമായിരിക്കണമെന്നത് ഇസ്‌ലാമിക നിയമം മാത്രമല്ല, നമ്മുടെ രാജ്യനിയമമനുസരിച്ചും അങ്ങനെ തന്നെയാണ്. അതൊരു വ്യക്തിയുടെ മൗലികാവകാശം കൂടിയാണ്. ഒരാൾ ഇസ്‌ലാം പ്രഖ്യാപിച്ചുകഴിഞ്ഞാൽ അതിനെ നിഷേധിക്കാൻ മറ്റൊരാൾക്കും അവകാശമില്ല. ഇസ്‌ലാം മാത്രമല്ല, ഏതൊരു മതവും സ്വീകരിക്കാനുള്ള സ്വാതന്ത്ര്യവും അവകാശവും അയാളുടേത് മാത്രമാണ്. സത്യം പറഞ്ഞുകൊടുക്കുക മാത്രമാണ് ഒരു പ്രബോധകന്റെ കർത്തവ്യം. അത് സ്വീകരിക്കാത്തവർക്ക് സ്രഷ്ടാവ് നരകാഗ്നി ഒരുക്കിവെച്ചിട്ടുണ്ട്. ഇങ്ങനെ ഐച്ഛിക സ്വാതന്ത്ര്യത്തിന്റെ ഭാഗമായി ഒരാൾ ഇസ്‌ലാം തന്റെ ആദർശമായി സ്വീകരിച്ചുകഴിഞ്ഞാൽ അയാൾ ഇസ്‌ലാമിക സമൂഹത്തിൽ അംഗമായി. അയാളുടെ ആ അവകാശത്തെ പിടിച്ചുവെക്കാൻ അയാളുടെ കുടുംബത്തിനോ നാട്ടുകാർക്കോ മറ്റുള്ളവർക്കോ അവകാശമില്ല.

ടി.എൻ. ജോയ് എന്ന നജ്മൽ ബാബുവിന്റെ ഇസ്‌ലാം ആശ്ലേഷണവും മരണവും മരണാനന്തര പ്രശ്നങ്ങളും ചർച്ചയാവുന്നത് ഇവിടെയാണ്. നജ്മലിന്റെ മൃതദേഹം അദ്ദേഹം ആവശ്യപ്പെട്ടത് പോലെ അടക്കം ചെയ്യാതിരുന്നത് തീർച്ചയായും മനുഷ്യാവകാശ ലംഘനമാണ്. ഭരണഘടന നൽകുന്ന മൗലികാവകാശങ്ങൾ ഹനിക്കലുമാണ്. ടി.എൻ. ജോയ് എന്ന പേരിൽ പതിറ്റാണ്ടുകളായി കേരളീയ പൊതുസമൂഹത്തിനു സുപരിചതനായ നജ്മൽ ബാബു കേരളത്തിലെ ഇടതുപക്ഷ സൈദ്ധാന്തികരിൽ പലരുടെയും അടുത്ത കൂട്ടുകാരനായിരുന്നു. നക്സലൈറ്റ് പ്രസ്ഥാനത്തിലൂടെ പൊതുജീവിതം ആരംഭിച്ച അദ്ദേഹം കേരളത്തിലെ മതേതര രാഷ്ട്രീയ പാർട്ടികളുടെ പൊതുഐക്യം വളരെയധികം ആഗ്രഹിച്ചിരുന്ന വ്യക്തിയാണ്. 2014ൽ നരേന്ദ്ര മോഡി ഇന്ത്യയുടെ പ്രധാനമന്ത്രിയായി അവരോധിതനായ ശേഷം മുസ്‌ലിംകളെ അപരവൽക്കരിച്ച് അടിച്ചുകൊല്ലുന്ന പ്രവണതകൾ വർധിച്ചപ്പോൾ മുസ്‌ലിം സമുദായത്തോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടാണ് അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചതായി പ്രഖ്യാപിച്ചത്. തന്റെ മരണശേഷം മൃതദേഹം കൊടുങ്ങല്ലൂരിലെ അതിപുരാതനമായ ചേരമാൻ ജുമാമസ്ജിദ് ക്വബ്‌ർസ്ഥാനിൽ മറവ് ചെയ്യണമെന്ന് അഭ്യർഥിച്ചുകൊണ്ട് സ്വന്തം കൈപ്പടയിൽ എഴുതി സമർപ്പിച്ചിരുന്നു. ഇസ്‌ലാം പ്രത്യക്ഷമായി പ്രഖ്യാപിച്ച ഒരു വ്യക്തിയുടെ മൃതദേഹം കുടുംബക്കാർ ചേർന്ന് ദഹിപ്പിച്ച നടപടി സാംസ്കാരിക കേരളത്തിന് നാണക്കേടുണ്ടാക്കിയ സംഭവമാണ്. കേരളമേറെ ആദരിച്ചിരുന്ന, ലോകപ്രശസ്തയായ എഴുത്തുകാരി കമല സുരയ്യ(മാധവിക്കുട്ടി)യുടെ കുടുംബം അവരുടെ മൃതദേഹത്തോട് കാണിച്ച ആദരവ് കേരളീയ പൊതുസമൂഹത്തിനു മാതൃകയായിരുന്നു. ആ മാതൃക പിന്തുടരുകയായിരുന്നു നജ്മൽ ബാബുവിന്റെ കുടുംബവും ചെയ്യേണ്ടിയിരുന്നത്. അദ്ദേഹത്തിന്റെ സ്വതന്ത്രമായ ജീവിതം പോലെ മരണത്തിനു ശേഷവും അദ്ദേഹത്തെ സ്വതന്ത്രമായി വിടണമെന്ന ഭ്യർഥിച്ചുകൊണ്ട് കുടുംബത്തെ സമീപിച്ചവരിൽ കെ. സച്ചിദാനന്ദൻ, വി. കെ. ശ്രീരാമൻ, സുനിൽ പി ഇളയിടം, സി. ഗൗരിദാസൻ നായർ, കെ. ജി. ശങ്കരപ്പിള്ള, ഷഹബാസ് അമൻ തുടങ്ങിയ പ്രമുഖരെല്ലാം ഉണ്ടായിരുന്നു. പക്ഷേ, കുടുംബാംഗങ്ങൾ തങ്ങളുടെ തീരുമാനം മൃതദേഹത്തിനുമേൽ അടിച്ചേൽപിക്കുകയായിരുന്നു. മതാചാരങ്ങൾ തങ്ങൾ പ്രാകൃതീസ് ചെയ്യാറില്ലെന്നു പറഞ്ഞ സഹോദരങ്ങൾ തങ്ങളുടെ 'യുക്തിവാദം' മരണപ്പെട്ട ഇസ്‌ലാം

ഇസ്‌ലാം കേവലം ഒരു വ്യക്തിനിഷ്ഠമായ ആശയമല്ല, മറിച്ച് അതിനു ഒരു സാമൂഹിക തലമുണ്ട്. ദിവസവും അഞ്ചുനേരം പള്ളികളിൽ ആരാധനക്ക് എത്തിച്ചേരുന്ന വിശ്വാസികൾ കേവലം ആരാധന നിർവഹിക്കുക മാത്രമല്ല, മനുഷ്യരിലെ സാമൂഹികബോധത്തെ ഊട്ടിയുറപ്പിക്കുക കൂടി ചെയ്യുന്നു. നിർബന്ധവും ഐച്ഛികവുമായ ദാനധർമങ്ങൾ നൽകുന്നത് പോലും സംഘടിതമായി നിർവഹിക്കുന്നതിനു പിന്നിൽ ഈ സാമൂഹികബോധമാണ് പ്രേരകമാവുന്നത്. വിവാഹം, മരണം തുടങ്ങിയ ചടങ്ങുകൾക്ക് മാത്രം ഇസ്‌ലാമിലെ സാമൂഹികതലത്തെ ആശ്രയിക്കുകയും വിശ്വാസം, ആരാധന, അനുഷ്ഠാനം, ധാർമിക നിയമങ്ങൾ തുടങ്ങിയവയിൽ ഇസ്‌ലാമിനെ കയ്യൊഴിക്കുകയും ചെയ്യുകയെന്നത് മുസ്‌ലിം കുടുംബങ്ങളിൽ ജനിച്ചവരിൽ പോലും കണ്ടുവരുന്നുണ്ട്.

മത വിശ്വാസിയുടെ മേൽ അടിച്ചേൽപിച്ചതിലെ യുക്തി ബോധ്യപ്പെടുന്നില്ല. 'ഇന്ത്യനവസ്ഥയിൽ യുക്തിവാദം ഹിന്ദുത്വവാദത്തിന്റെ ഇരട്ടസഹോദരനാണ്' എന്ന ടി. എൻ. ജോയിയുടെ തന്നെ പ്രസിദ്ധമായ വാചകം അക്ഷരാർഥത്തിൽ അദ്ദേഹത്തിന്റെ തന്നെ മൃതദേഹത്തിനുമേൽ സഹോദരങ്ങൾ നടപ്പാക്കി എന്നുവേണം കരുതാൻ. മരണപ്പെട്ട ഒരാളെ അയാൾ ജീവിച്ചിരിക്കുമ്പോൾ പ്രഖ്യാപിച്ച ശരികളിലൂടെ മുമ്പോട്ടുപോവാൻ അനുവദിക്കാതെ സ്വന്തം ശരികളെ അയാൾക്ക് മേൽ അടിച്ചേൽപിക്കുന്നതാണോ യുക്തിവാദികളുടെ നീതിബോധം?

ഇതിനുമുമ്പ് ഇക്കഴിഞ്ഞ ജനുവരിയിൽ മരണപ്പെട്ട കൊടുങ്ങല്ലൂർ കാരസ്വദേശി ഇ.സി. സൈമൺ മാസ്റ്റർ എന്ന മുഹമ്മദ് ഹാജിയുടെ കാര്യത്തിലും സമാനമായ അനുഭവമാണുണ്ടായത്. 2000ൽ മുസ്‌ലിമായ സൈമൺ മാസ്റ്റർ ഇസ്‌ലാം-ക്രൈസ്തവ താരതമ്യ പഠനത്തിലൂടെയാണ് ഇസ്‌ലാം സ്വീകരിച്ചത്. ഇസ്‌ലാമിക വിശ്വാസത്തെ കുറിച്ച് ആഴത്തിൽ പഠിച്ചുകൊണ്ടാണ് അദ്ദേഹം വിശ്വാസം പ്രഖ്യാപിച്ചത്. ഇസ്‌ലാം സ്വീകരിച്ചതിന്റെ തൊട്ടടുത്ത മാസം തന്റെ മരണശേഷം മൃതദേഹം ഇസ്‌ലാമികരീതിയിൽ ഖബറടക്കണമെന്നു രേഖാമൂലം വസിയ്യത്ത് തയാറാക്കുകയും സ്വന്തം ഒപ്പിനു പുറമെ സാക്ഷികളായി മക്കളായ ജോൺസനെക്കൊണ്ടും ജെസിയെക്കൊണ്ടും ഒപ്പുവയ്പ്പിക്കുകയും ചെയ്തിരുന്നു. വസിയ്യത്ത് അദ്ദേഹം അംഗമായിരുന്ന കൊടുങ്ങല്ലൂർ കാതിയാളം മഹല്ലിനെ ഏൽപിക്കുകയും ചെയ്തിരുന്നു. പക്ഷേ, മരണശേഷം ആ വസിയ്യത്ത് പാലിക്കാതെ തൃശൂർ മെഡിക്കൽ കോളേജിലെ പഠനവിഭാഗത്തിനു കൈമാറുകയായിരുന്നു കുടുംബാംഗങ്ങൾ ചെയ്തത്. എന്തുകൊണ്ടാണ് സർക്കാരോ ഡിപ്പാർട്ടുമെന്റുകളോ ഇക്കാര്യത്തിൽ സജീവമായി ഇടപെടാത്തത്? 'ഇസ്‌ലാമിക തീവ്രവാദത്തിനു നാം വടിവെട്ടിക്കൊടുക്കരുത്, ഈ സന്ദർഭത്തിൽ നാം കുടുംബത്തോടൊപ്പം നിൽക്കുകയാണ് വേണ്ടത്' എന്ന് വലിയ വായിലുള്ള പ്രസ്താവനകളാണ് മതേതരം പ്രസംഗിക്കുന്നവരിൽ നിന്ന് വരെ ഉണ്ടാവുന്നത് എന്ന കാര്യം ഖേദകരമാണ്. മുസ്‌ലിമായ ഒരു വ്യക്തിയുടെ മൃതദേഹം ഇസ്‌ലാമികമായ ആചാരപ്രകാരം സംസ്കരിക്കുന്നത് എങ്ങനെയാണ് തീവ്രവാദമാവുന്നത്? ഇത്തരത്തിൽ അളിഞ്ഞ യുക്തിവാദവും ലിബറൽ വരേണ്യവുമാണ് നമ്മുടെ പൊതുബോധത്തെ ഭരിക്കുന്നതെങ്കിൽ ഫാസിസം നമ്മുടെ രാജ്യത്ത് തഴച്ചുവളരുകയേ ഉള്ളൂ.

ഒരാൾ അയാൾ പിറന്നുവീണ മതത്തിൽ നിന്നും മറ്റൊരു മതം സ്വീകരിക്കുമ്പോൾ അതിനെ സംരക്ഷിക്കാനുള്ള ബാധ്യത ഭരണകൂടത്തിനുണ്ട്. ഭരണഘടന നൽകുന്ന അവകാശമെന്ന നിലക്ക് വളരെ കൃത്യമായ നടപടിക്രമങ്ങൾ ഈ വിഷയത്തിൽ കൊണ്ടുവരാൻ ശ്രമിക്കേണ്ടതുണ്ട്. ഇസ്‌ലാം സ്വീകരിച്ചവർക്ക് മതംമാറ്റം സംബന്ധിച്ച പ്രഖ്യാപനം സമർപ്പിക്കാനും അംഗീകാരം നേടാനുമുള്ള ചട്ടം മൂന്നു മാസങ്ങൾക്കുള്ളിൽ രൂപീകരിക്കണമെന്ന് കേരള സർക്കാരിനോട് ഇക്കഴിഞ്ഞ ജൂൺ 26നു കേരള ഹൈക്കോടതി ആവശ്യപ്പെട്ടിരുന്നു. 1937ലെ ശരീഅത്ത് ആക്റ്റ് അനുസരിച്ച് ഇങ്ങനെ ഒരു അതോറിറ്റി രൂപീകരിക്കൽ സർക്കാരിന്റെ ഉത്തരവാദിത്തമാണെന്ന് നിർദേശിച്ചിട്ടും ഇക്കാലമത്രയും സർക്കാർ ഈ കാര്യത്തിൽ നടപടി സ്വീകരിക്കാത്തത് ആശങ്കാജനകമാണെന്നു കോടതി നിരീക്ഷിച്ചിരുന്നു. വ്യക്തി നിയമം നടപ്പാക്കൽ ചട്ടത്തിൽ പറയുന്ന പോലെ മതംമാറ്റം സംബന്ധിച്ച ഔദ്യോഗിക പ്രഖ്യാപനത്തിലൂടെ (ഡിക്ലറേഷൻ) മാത്രമെ ഇസ്‌ലാം സ്വീകരിക്കുന്നവരുടെ മതംമാറ്റം നിയമപരിരക്ഷയിലൂടെ സംരക്ഷിക്കപ്പെടുകയുള്ളൂ. താൻ ഇസ്‌ലാം സ്വീകരിച്ചെങ്കിലും അത് തെളിയിക്കാൻ ഔദ്യോഗിക രേഖകളില്ലെന്നും അത് പരിഹരിക്കപ്പെടണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ഇസ്‌ലാം സ്വീകരിച്ച തദേവൂസ് എന്ന വ്യക്തി നൽകിയ ഹരജിയെ തുടർന്നാണ് കോടതി സർക്കാരിനോട് അതോറിറ്റി രൂപീകരിക്കാൻ ആവശ്യപ്പെട്ടത്. എന്നാൽ കഴിഞ്ഞ സെപ്റ്റംബർ 25ന് മൂന്നു മാസം കഴിഞ്ഞിട്ടും സർക്കാർ ഇതിനു തയ്യാറായിട്ടില്ല. സർക്കാരിന് മേൽ കോടതി അലക്ഷ്യത്തിനു കേസ് ഫയൽ ചെയ്യുമെന്നാണ് അഭിഭാഷകർ ഇപ്പോൾ വ്യക്തമാക്കിയിട്ടുള്ളത്. സൈമൺ മാസ്റ്ററുടെ കേസിലും ഇപ്പോൾ നജ്മൽ ബാബുവിന്റെ കേസിലും കോടതിക്ക് പോലും വേണ്ട രൂപത്തിൽ ഇടപെടാൻ സാധിക്കാതെ വരുന്നത് ഇസ്‌ലാം സ്വീകരിച്ചതിന്റെ രേഖകൾക്കുംഅവരുടെ വസിയ്യത്തുകൾക്കുമുള്ള നിയമസാധുതയുടെ പോരായ്മയാണ്. ഇത് ലഭ്യമാക്കാനാണ് ഇപ്പോൾ കോടതി സർക്കാരിനോട് അതോറിറ്റി രൂപീകരിക്കാൻ ആവശ്യപ്പെട്ടിട്ടുള്ളത്. ഇക്കാര്യത്തിൽ സർക്കാർ അഴകൊഴമ്പൻ നയം മാറ്റിവെച്ച് നിയമത്തോട് സഹകരിക്കുകയാണ് വേണ്ടത്. ഭാവിയിൽ ഇത്തരം പ്രശ്നങ്ങൾ ഉണ്ടാവാതിരിക്കുന്നതിനു വേണ്ടിയുള്ള ആത്മാർഥമായ ഇടപെടലുകൾ നടത്തി മനുഷ്യാവകാശ സംരക്ഷിക്കുവാനുള്ള നടപടികൾ സ്വീകരിക്കാൻ സർക്കാർ മുമ്പോട്ട് വരണം. ●

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം



അധ്യായം: 87

അഅ്ലാ (അത്യുന്നതൻ)

മക്കയിൽ അവതരിച്ചത്

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

سَبِّحِ ٱسْمَ رَبِّكَ ٱلْأَعْلَى ﴿١﴾ ٱلَّذِى خَلَقَ
فَسَوَّىٰ ﴿٢﴾ وَٱلَّذِى قَدَّرَ فَهَدَىٰ ﴿٣﴾
وَٱلَّذِىٓ أَخْرَجَ ٱلْمَرْعَىٰ ﴿٤﴾ فَجَعَلَهُۥ غُثَآءً
أَحْوَىٰ ﴿٥﴾ سَنُقْرِئُكَ فَلَا تَنسَىٰٓ ﴿٦﴾
إِلَّا مَا شَآءَ ٱللَّهُ ۚ إِنَّهُۥ يَعْلَمُ ٱلْجَهْرَ وَمَا يَخْفَىٰ
﴿٧﴾ وَنُيَسِّرُكَ لِلْيُسْرَىٰ ﴿٨﴾ فَذَكِّرْ إِن
نَّفَعَتِ ٱلذِّكْرَىٰ ﴿٩﴾

1. അത്യുന്നതനായ നിന്റെ രക്ഷിതാവിന്റെ നാമം പ്രകീർത്തിക്കുക.
2. സൃഷ്ടിക്കുകയും സംവിധാനിക്കുകയും ചെയ്ത (രക്ഷിതാവിന്റെ).
3. വ്യവസ്ഥ നിർണയിച്ചു മാർഗദർശനം നൽകിയവനും
4. മേച്ചിൽപുറങ്ങൾ ഉൽപാദിപ്പിച്ചവനും
5. എന്നിട്ട് അതിനെ ഉണങ്ങിക്കരിഞ്ഞ ചവറാക്കിത്തീർത്തവനുമായ (രക്ഷിതാവിന്റെ നാമം).
6. നിനക്ക് നാം ഓതിത്തരാം. നീ മറന്നു പോകുകയില്ല.
7. അല്ലാഹു ഉദ്ദേശിച്ചതൊഴികെ. തീർച്ചയായും അവൻ പരസ്യമായതും രഹസ്യമായിരിക്കുന്നതും അറിയുന്നു.
8. കൂടുതൽ എളുപ്പമുള്ളതിലേക്ക് നിനക്ക് നാം സൗകര്യമുണ്ടാക്കിത്തരുന്നതുമാണ്.
9. അതിനാൽ ഉപദേശം ഫലപ്പെടുന്നുവെങ്കിൽ നീ ഉപദേശിച്ചു കൊള്ളുക.

سَيَذَّكَّرُ مَن يَخْشَىٰ ﴿١٠﴾ وَيَتَجَنَّبُهَا ٱلْأَشْقَى ﴿١١﴾ ٱلَّذِى
يَصْلَى ٱلنَّارَ ٱلْكُبْرَىٰ ﴿١٢﴾ ثُمَّ لَا يَمُوتُ
فِيهَا وَلَا يَحْيَىٰ ﴿١٣﴾ قَدْ أَفْلَحَ مَن تَزَكَّىٰ ﴿١٤﴾
وَذَكَرَ ٱسْمَ رَبِّهِۦ فَصَلَّىٰ ﴿١٥﴾ بَلْ تُؤْثِرُونَ
ٱلْحَيَوٰةَ ٱلدُّنْيَا ﴿١٦﴾ وَٱلْءَاخِرَةُ خَيْرٌ
وَأَبْقَىٰٓ ﴿١٧﴾ إِنَّ هَٰذَا لَفِى ٱلصُّحُفِ
ٱلْأُولَىٰ ﴿١٨﴾ صُحُفِ إِبْرَٰهِيمَ وَمُوسَىٰ
﴿١٩﴾

10. ഭയപ്പെടുന്നവർ ഉപദേശം സ്വീകരിച്ചു കൊള്ളുന്നതാണ്.
11. ഏറ്റവും നിർഭാഗ്യവാനായിട്ടുള്ളവൻ അതിനെ (ഉപദേശത്തെ) വിട്ടകന്നു പോകുന്നതാണ്.
12. വലിയ അഗ്നിയിൽ കടന്ന് എരിയുന്നവനത്രെ അവൻ
13. പിന്നീട് അവൻ അതിൽ മരിക്കുകയില്ല, ജീവിക്കുകയുമില്ല.
14. തീർച്ചയായും പരിശുദ്ധി നേടിയവർ വിജയം പ്രാപിച്ചു.
15. തന്റെ രക്ഷിതാവിന്റെ നാമം സ്മരിക്കുകയും എന്നിട്ട് നമസ്കരിക്കുകയും (ചെയ്തവൻ)
16. പക്ഷേ, നിങ്ങൾ ഐഹികജീവിതത്തിന്ന് കൂടുതൽ പ്രാധാന്യം നൽകുന്നു.
17. പരലോകമാകുന്നു ഏറ്റവും ഉത്തമവും നിലനിൽക്കുന്നതും.
18. തീർച്ചയായും ഇത് ആദ്യത്തെ ഏടുകളിൽ തന്നെയുണ്ട്.
19. അതായത് ഇബ്റാഹീമിന്റെയും മൂസായുടെയും ഏടുകളിൽ.

(സൃഷ്ടിക്കുകയും സംവിധാനിക്കുകയും ചെയ്ത അത്യുന്നതനായ നിന്റെ രക്ഷിതാവിന്റെ നാമം പ്രകീർത്തിക്കുക). അല്ലാഹുവിനുള്ള സ്മരണയും ആരാധനയും അവന്റെ മഹത്ത്വത്തോടുള്ള താഴ്മയും വിധേയത്വവും എല്ലാം ഉൾക്കൊണ്ട് പ്രകീർത്തനം ചെയ്യാനാണ് ഇവിടെ കൽപിക്കുന്നത്. ആ പ്രകീർത്തനം ഉന്നത ആശയങ്ങളുള്ള അതിവിശിഷ്ടമായ അവന്റെ സർവ നാമങ്ങളെയും അന്യൂനവും ഉത്തമവുമായ അവന്റെ സൃഷ്ടിപ്പ് പോലുള്ള പ്രവർത്തനങ്ങളെയും സ്മരിച്ചുകൊണ്ടുമായിരിക്കണം.

(വ്യവസ്ഥ നിർണയിച്ചവൻ). എല്ലാ നിർണയങ്ങളും ഇതിൽ പെടും. (മാർഗദർശനം നൽകിയവനും). എല്ലാ സൃഷ്ടികൾക്കും അവൻ മാർഗദർശനം നൽകി. ഈ മാർഗദർശനം പൊതുവായതാണ്. എല്ലാ സൃഷ്ടികൾക്കും അവയുടെ നന്മക്ക് എങ്ങനെ വർത്തിക്കണമെന്ന മാർഗദർശനം നൽകിയിട്ടുണ്ട് എന്നർഥം. ഭൗതികമായ ഒരനുഗ്രഹമാണത്. അതാണ് തുടർന്ന് പറയുന്നത്.

(മേച്ചിൽപുറങ്ങൾ ഉൽപാദിപ്പിച്ചവനും). അതായത് ആകാശത്തു നിന്ന് മഴയിറക്കി വിവിധ സസ്യങ്ങളെയും ധാരാളം പുല്ലുകളെയും ഉൽപാദിപ്പിക്കുകയും മനുഷ്യരും മൃഗങ്ങളും സർവ ജീവജാലങ്ങളും അതിനെ പ്രയോജനപ്പെടുത്തുകയും ചെയ്തു. പിന്നീട് അവയുടെ വളർച്ച പൂർണമാവുകയും ആ ചെടികൾ ഉണങ്ങി പുല്ലുകൾ ദ്രവിച്ച് ചിന്നഭിന്നമാകുന്നു. (എന്നിട്ടതിനെ ഉണങ്ങിക്കരിഞ്ഞ ചവറാക്കിത്തീർത്തവനുമായ). അതായത് ഇരുണ്ട നിറത്തിലുള്ള നുരുമ്പിയ വൈക്കോലാക്കി മാറ്റി. ഭൗതികമായ അനുഗ്രഹമാണ് ഇവിടെയും പരാമർശിക്കപ്പെട്ടത്.

അനുഗ്രഹങ്ങളുടെ അടിസ്ഥാനവും സത്തയുമായ അനുഗ്രഹമാണ് ഖുർആൻ. അതിനെക്കുറിച്ചാണ് തുടർന്ന് അല്ലാഹു എടുത്തുപറയുന്നത്. (നിനക്ക് നാം ഓതിത്തരാം. നീ മറന്ന് പോകുകയില്ല). വേദഗ്രന്ഥത്തിൽ നിന്നും നിനക്കു നാം ബോധനം നൽകിയത് നാം സംരക്ഷിക്കുകയും നിന്റെ ഹൃദയത്തിൽ സൂക്ഷിക്കുകയും ചെയ്യും. അതിലൊന്നും തന്നെ നീ മറന്നുപോവുകയില്ല. ഇത് അ

ല്ലാഹുവിന്റെ അടിമയും പ്രവാചകനുമായ മുഹമ്മദ് നബിﷺക്ക് അവൻ നൽകുന്ന ഏറ്റവും വലിയ സന്തോഷവാർത്തയാണ്. അതായത് മറന്നുപോകാത്ത ചില അറിവുകൾ പഠിപ്പിച്ചുകൊടുക്കുമെന്നത്.

(അല്ലാഹു ഉദ്ദേശിച്ചതൊഴികെ). ഉന്നതമായ അവന്റെ യുക്തിയും നന്മയും താൽപര്യപ്പെടുന്ന ചിലതിനെ നിനക്ക് മറപ്പിച്ചേക്കാം. (തീർച്ചയായും അവൻ പരസ്യമായതും രഹസ്യമായിരിക്കുന്നതും അറിയുന്നു). തന്റെ അടിമക്ക് ഗുണകരമായ കാര്യങ്ങൾ അതുകൊണ്ടാണ് അവനുദ്ദേശിക്കുന്നത്. അവൻ വിധിക്കുകയും മതനിയമമാക്കുകയും ചെയ്യുന്നത്.

(കൂടുതൽ എളുപ്പമുള്ളതിലേക്ക് നിനക്ക് നാം സൗകര്യമുണ്ടാക്കിത്തരുന്നതുമാണ്). ഇത് മറ്റൊരു സന്തോഷവാർത്തയാണ്. എല്ലാ കാര്യങ്ങളിലും അല്ലാഹു നബിﷺക്ക് എളുപ്പമുണ്ടാക്കി കൊടുക്കുകയും തന്റെ മതവും അതിന്റെ നിയമങ്ങളും ലളിതമാക്കുകയും ചെയ്യുമെന്നർഥം. (അതിനാൽ നീ ഉപദേശിച്ചുകൊള്ളുക). അല്ലാഹുവിന്റെ നിയമങ്ങളും തെളിവുകളും. (ഉപദേശം ഫലപ്പെടുന്നുവെങ്കിൽ) ഉൽബോധനങ്ങൾ സ്വീകരിക്കപ്പെടുകയും ഉപദേശങ്ങൾ കേൾക്കപ്പെടുകയും ചെയ്യുന്നിടത്തോളം കാലം. ഉൽബോധനങ്ങളുടെ മുഴുവൻ ഉദ്ദേശ്യങ്ങളും സ്വീകരിച്ചാലും ഇല്ലെങ്കിലും.

ആയത്തിൽ നിന്ന് മനസ്സിലാകുന്നത്; ഫലപ്പെടാത്തിടത്ത് ഉപദേശങ്ങൾ തിന്മയെ വർധിപ്പിക്കും, നന്മയെ കുറക്കും. അങ്ങനെ ചെയ്യുന്നത് വിരോധിക്കപ്പെട്ടതാണ്. ഉൽബോധനത്തിൽ ജനങ്ങൾ രണ്ടു വിഭാഗമാണ്. പ്രയോജനപ്പെടുത്തുന്നവരും അല്ലാത്തവരും. പ്രയോജനപ്പെടുത്തുന്നവരെക്കുറിച്ച് പറഞ്ഞത്: (ഭയപ്പെടുന്നവർ ഉപദേശം സ്വീകരിച്ചുകൊള്ളുന്നതാണ്). അല്ലാഹുവിനെ കുറിച്ചുള്ള ഭയവും കർമങ്ങൾക്ക് പ്രതിഫലമുണ്ടെന്ന ബോധവും നന്മയിൽ പരിശ്രമമാക്കാനും തിന്മകളിൽ നിന്ന് വിട്ടുനിൽക്കാനും ഒരടിമയെ നിർബന്ധിക്കുന്നു. എന്നാൽ ഉപദേശം പ്രയോജനപ്പെടുത്താത്തവരെക്കുറിച്ച് പറഞ്ഞത്: (ഏറ്റവും നിർഭാഗ്യവാനായിട്ടുള്ളവൻ അതിനെ വിട്ട് അകന്നുപോകുന്നതാണ്. വലിയ അഗ്നിയിൽ കടന്നെരിയുന്നവനത്രെ അവൻ). അത് ഹൃദയങ്ങളിലേക്ക് ആളിപ്പടരുന്ന കത്തിക്കപ്പെടുന്ന തീ. (പിന്നീട് അതിൽ അവൻ മരിക്കുകയില്ല, ജീവിക്കുകയുമില്ല). യാതൊരു വിശ്രമവുമില്ലാതെ അവർ ശിക്ഷിക്കപ്പെട്ടുകൊണ്ടിരിക്കും.

മരണത്തെ അവർ ആഗ്രഹിക്കും. എന്നാൽ മരിക്കുകയില്ല.

لَا يُقْضَىٰ عَلَيْهِمْ فَيَمُوتُوا۟ وَلَا يُخَفَّفُ عَنْهُم مِّنْ عَذَابِهَا

"അവരുടെ മേൽ (മരണം) വിധിക്കപ്പെടുകയില്ല. എങ്കിൽ അവർക്ക് മരിക്കാമായിരുന്നു. അതിലെ ശിക്ഷയിൽ നിന്ന് ഒട്ടും അവർക്ക് ഇളവ് ചെയ്യപ്പെടുകയും ഇല്ല."

(തീർച്ചയായും വിശുദ്ധി നേടിയവൻ വിജയം പ്രാപിച്ചു). അതായത് ചീത്ത സ്വഭാവങ്ങളിൽ നിന്നും തിന്മകളിൽ നിന്നും ശിർക്കിൽ നിന്നുമെല്ലാം തന്റെ മനസ്സിനെ ശുദ്ധിയാക്കിയവൻ വിജയിക്കുകയും ലാഭിക്കുകയും ചെയ്തു.

(തന്റെ രക്ഷിതാവിന്റെ നാമം സ്മരിക്കുകയും എന്നിട്ട് നമസ്കരിക്കുകയും ചെയ്തവൻ). അല്ലാഹുവിന്റെ നാമം സ്മരിക്കുന്നവനും അത് ഹൃദയത്തിലൂട്ടപ്പെട്ടവനും അല്ലാഹുവിനെ തൃപ്തിപ്പെടുത്താവുന്ന പ്രവർത്തനങ്ങളിൽ ഏർപെടും. പ്രത്യേകിച്ചും വിശ്വാസത്തിന്റെ അളവുകോലായ നമസ്കാരം അവൻ നിർവഹിക്കുകയും ചെയ്യും. تزكى എന്നതിന് നോമ്പിനോട് അനുബന്ധിച്ചുള്ള زكاة الفطر (ഫിത്വ്ർ സകാത്ത്) നൽകുന്നവനാണ് ഉദ്ദേശമെന്നും وذكر اسم ربه فصلى എന്നതിന് പെരുന്നാൾ നമസ്കാരമാണ് ഉദ്ദേശ്യമെന്നും വ്യാഖ്യാനമുണ്ട്. പദത്തിലും പ്രയോഗത്തിലും അത് ഉൾക്കൊള്ളുമെങ്കിലും അതു മാത്രമാണ് അർഥമെന്ന് പറയാവതല്ല.

(പക്ഷേ, നിങ്ങൾ ഐഹിക ജീവിതത്തിന് കൂടുതൽ പ്രാധാന്യം നൽകുന്നു) അതായത് കലങ്ങിയതും നീങ്ങിപ്പോകുന്നതുമായ ഭൗതികാനുഗ്രഹങ്ങളെ തെരഞ്ഞെടുക്കുകയും അങ്ങനെ ഇഹലോക ജീവിതത്തിന് മുൻഗണന നൽകുകയും ചെയ്യുന്നു.

(പരലോകമാകുന്നു ഏറ്റവും ഉത്തമവും നിലനിൽക്കുന്നതും). ഏതു കാര്യത്തിലും പരലോകം ഇഹലോകത്തെക്കാൾ ഉത്തമമായതും നിലനിൽക്കുന്നതും തന്നെയാണ്. കാരണം അത് ശാശ്വതത്വത്തിന്റെ ഭവനമാണ്. ഇഹലോകമാട്ടെ, നശിക്കുന്ന ഗേഹമാണ്. അപ്പോൾ ബുദ്ധിയുള്ള വിശ്വാസി ഏറ്റവും നല്ലതിനു പകരം മോശമായതിനെ തിരഞ്ഞെടുക്കില്ല. നൈമിഷിക സുഖത്തിനു വേണ്ടി ശാശ്വത സൗഖ്യത്തെ വിൽക്കില്ല. പരലോകത്തെക്കാൾ ഇഹലോകത്തെ സ്നേഹിക്കുന്നതാണ് എല്ലാ തെറ്റുകൾക്കും പ്രധാന കാരണം.

(തീർച്ചയായും ഇത്). ഈ പരിശുദ്ധമായ അധ്യായത്തിൽ പരാമർശിക്കപ്പെട്ട നന്മയിലേക്ക് നയിക്കുന്ന അറിവുകളും നല്ല നിർദേശങ്ങളും.

(ആദ്യത്തെ ഏടുകളിൽ തന്നെയുണ്ട്. അതായത് ഇബ്റാഹിമിന്റെയും മൂസായുടെയും ഏടുകളിൽ). മുഹമ്മദ് നബിﷺയെ കഴിഞ്ഞാൽ ഏറ്റവും ശ്രേഷ്ഠരായ രണ്ടു പ്രവാചകന്മാരാണ് ഇബ്റാഹിം നബിﷺയും മൂസാനബിﷺയും. ഈ കൽപനകളെല്ലാം അവർക്കും ലഭിച്ചിട്ടുണ്ട്. അവയെല്ലാം ഇരുലോകത്തെയും നന്മകൾ ഉൾക്കൊള്ളുന്നതാണ്. എല്ലാ കാലത്തും എല്ലാ ദേശത്തും ഇത് നന്മ തന്നെയാണ്. ●

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com

സംരക്ഷകൻ

അല്ലാഹുവാണെന്റെ സംരക്ഷകൻ
അവനല്ലോ എല്ലാം പടച്ചുള്ളവൻ
അവനോടു മാത്രമെൻ പ്രാർഥനകൾ
അവനല്ലോ എല്ലാതും കാണുന്നവൻ
അവനല്ലോ എല്ലാതും കേൾക്കുന്നവൻ
അവനല്ലോ എല്ലാതും അറിയുന്നവൻ
അവനേകി നമ്മൾക്കായ് ദീനിസ്‌ലാം
അന്തിമവേദവും നമ്മൾക്കേകി
അന്തിമ ദൂതനെ വഴികാണിക്കാൻ
അയച്ചതുമല്ലാന്റെ കാരുണ്യമാം
അഹദായ റബ്ബവൻ സ്വർഗം നൽകി
അനുഗ്രഹം നമ്മിൽ ചൊരിയാനായി
അവനോടു മാത്രം നാം തേടിടേണം
അവനു വഴിപ്പെട്ടു ജീവിക്കേണം
മുത്ത് റസൂലിന്റെ ചര്യയെല്ലാം
മരണം വരെ പിന്തുടർന്നിടേണം
തൗഹീദിൽ നമ്മൾ ഉറച്ചിടേണം
ശിർക്കിനെ പാടെ വെടിഞ്ഞിടേണം

മുസാഫിർ
mail@nerpatham.com



തർക്കങ്ങൾ പറഞ്ഞുതീർക്കൽ

മനുഷ്യർ ഭിന്നസ്വഭാവക്കാരാണ്; ഭിന്നാഭിപ്രായക്കാരും. തർക്കങ്ങളും കലഹങ്ങളും അവർക്കിടയിൽ ഉണ്ടാവുക സ്വാഭാവികം. പ്രാചീനകാലത്ത് ഗോത്രങ്ങൾക്കിടയിൽ തർക്കങ്ങൾ കലാപങ്ങളായി മാറുക പതിവായിരുന്നു. പിന്നീട് ഗോത്രസഭകളും മറ്റും ഉണ്ടായി. പിൽക്കാലത്ത് കോടതികൾ രൂപപ്പെട്ടു. ഭരണരീതിയും സംസ്കാരവും മാറുന്നതിനനുസരിച്ച് നിയമങ്ങളും കോടതികളും മാറിമാറി വന്നു.

എന്നാൽ, കേസുകൾ പരസ്പരം പറഞ്ഞുതീർക്കുക എന്നതിന്റെ പ്രാധാന്യം ഇതുകൊണ്ടൊന്നും കുറയുന്നില്ല. നീണ്ടുനിൽക്കുന്ന വ്യവഹാരങ്ങളുടെ ഫലമായി സാമ്പത്തികമായും മാനസികമായും ഭൗതികമായും തകർന്ന എത്രയോ ആളുകളുണ്ട്. പറഞ്ഞു തീർക്കാവുന്ന നിസ്സാര പ്രശ്നങ്ങൾപോലും കോടതികളിൽ എത്തിക്കുകയും അവിടെ വർഷങ്ങൾ നീണ്ടുനിൽക്കുന്ന വ്യവഹാരങ്ങളിൽ ഏർപെടുകയും ചെയ്യുന്ന പ്രവണത ആകാവുന്നത്ര കുറക്കേണ്ടിയിരിക്കുന്നു.

മധ്യസ്ഥത്തിനും നിയമം

രണ്ടുപേർ ഒന്നിച്ച് ഒരേർപാട് തുടങ്ങുന്നു. തർക്കങ്ങളുണ്ടായാൽ അത് ഒരു മധ്യസ്ഥനെ ഏൽപിക്കാൻ അവർ ഒരു കരാറുണ്ടാക്കുന്നു. ഒരു മധ്യസ്ഥനെ അവർക്ക് പേരെടുത്ത് പറയാം. അഥവാ രണ്ടുപേരും ഓരോ പേരുകൾ നിർദേശിക്കാമെന്നും അങ്ങനെ നിർദേശിക്കപ്പെടുന്നവർ മൂന്നാമതൊരാളെ നിയമിക്കാമെന്നും അവർ മൂന്നുപേരും കൂടി തർക്കങ്ങൾ ഒത്തുതീർപ്പാക്കണമെന്നും വ്യവസ്ഥ ചെയ്യാം. ഇങ്ങനെ കരാറുണ്ടാക്കുന്നതിനെക്കുറിച്ചുള്ള ഒരു നിയമമാണ് ആർബിട്രേഷൻ ആക്ട്. ആർബിട്രേഷൻ എന്നാൽ മാധ്യസ്ഥം എന്നാണർഥം. ഈ നിയമമനുസരിച്ച് കക്ഷികൾ നിയമിക്കുന്നവർക്ക് ആർബിട്രേറ്റർമാർ എന്നാണ് പറയുക.

കുടുംബകോടതികൾ

നിസ്സാര കാരണത്തിനായിരിക്കും പലപ്പോഴും ഭാര്യാഭർത്താക്കന്മാർ പിണങ്ങുക. അത് കോടതിയിലെത്തിയാലോ? വീറും വാശിയുമുള്ള പോരാട്ടമായി മാറും! ഉള്ളതും ഇല്ലാത്തതും രണ്ടുപേരും കോടതിയിൽ എഴുതി ബോധിപ്പിക്കുകയും പറയുകയും ചെയ്യും. പിന്നീട് ഒരിക്കലും ഒന്നിച്ച് ജീവിക്കാൻ പറ്റാത്ത വിധത്തിൽ അവർ അകലുകയായിരിക്കും അതിന്റെ അനന്തരഫലം. ഈ തിരിച്ചറിവാണ് സാധാരണ കോടതികളിലെ മത്സരനടപടികൾ കുടുംബകാര്യങ്ങൾക്ക് പറ്റിയതല്ല എന്ന നിഗമനത്തിൽ നമ്മുടെ നിയമനിർമാതാക്കളെ എത്തിച്ചത്. കുടുംബ തർക്കങ്ങളിൽ ഒത്തുതീർപ്പിന്റെ മാർഗമാണ് തർക്കപരിഹാരത്തിന് ഏറ്റവും അനുയോജ്യം. അതുകൊണ്ട് ഒത്തുതീർപ്പിന് മുൻഗണന നൽകുന്ന ഒരു നിയമം തന്നെ നടപ്പാക്കപ്പെട്ടു. അതാണ് 1984ലെ കുടുംബകോടതി നിയമം. ഈ നിയമം അനുസരിച്ചുള്ള കോടതികളാണ് കുടുംബകോടതികൾ. അവിടെ കക്ഷികൾ നേരിട്ടു ചെന്ന് ഹർജികൊടുക്കണം. മധ്യസ്ഥശ്രമം നടത്താൻ കഴിവുള്ള വിദഗ്ധന്മാരുടെ ഒരു ലിസ്റ്റ് കുടുംബകോടതിയിലുണ്ടാകും; മനഃശാസ്ത്രജ്ഞന്മാരും സാമൂഹ്യപ്രവർത്തകരും മറ്റും ഉൾക്കൊള്ളുന്ന ഒരു ലിസ്റ്റ്. ഹർജി അവർക്ക് കൈമാറും. അവർ അന്വേഷണം നടത്തും. ഒത്തുതീർപ്പിലെത്താൻ കക്ഷികളെ സഹായിക്കും. ഒത്തുതീർപ്പിലെത്തിയാൽ കോടതി അതനുസരിച്ച് കേസ് വിധിക്കും. അതിനുശേഷം സ്വീകരിക്കുന്ന നടപടിക്രമങ്ങൾ മറ്റു കോടതികളെ അപേക്ഷിച്ച് ലളിതമാണ്. ആ ഘട്ടത്തിൽ ആവശ്യമാണെന്ന് കോടതി കരുതുന്ന പക്ഷം അഭിഭാഷകരെ വെക്കാൻ കക്ഷികളെ അനുവദിക്കും. സാധാരണ കോടതികളിൽ എല്ലാവരും കേൾക്കെയാണ് വിചാരണകൾ നടക്കാറ്. കുടുംബകോടതികളിൽ കഴിയുന്നതും പരസ്യവിചാരണ ഒഴിവാക്കും.

ശൈഖ് മുഹമ്മദ് അശ്റഫ് അലി അൽമലബാരി
വിവ. അബ്ദുൽ ജബ്ബാർ അബ്ദുല്ല

ലേഖനം

കുർആൻ മലയാള വിവർത്തനത്തിന്റെ
വികാസ ചരിത്രം: 7

സുന്നിവിഭാഗത്തിന്റെ പരിഭാഷകൾ

കേരളക്കരയിൽ സുന്നികൾ എന്ന പേരിൽ അറിയപ്പെടുന്ന വിഭാഗം ആദർശപരമായി വഴിതെറ്റിയ സൂഫിസത്തോട് അടുത്ത് നിൽക്കുന്നവരാണ്. പണ്ട് മുതലേ അവരിലെ മിക്ക പണ്ഡിതരും ഏത് രീതിയിലും ഭാഷയിലും വിശുദ്ധ കുർആൻ പരിഭാഷപ്പെടുത്തുന്നതിന് എതിരുനിന്നവരാണ്. കുർആൻ ആശയ വിവർത്തനത്തിനെതിരിൽ സമൂഹത്തിന്ന് മുന്നറിയിപ്പ് നൽകുകയും 'തഹ്ദീറുൽ ഇഖ്വാൻ മിൻ തർജമത്തിൽ കുർആൻ' പോലുള്ള ഗ്രന്ഥരചന നടത്തുകയും ചെയ്ത ചിലർ അവരിലുണ്ട്. പ്രസ്തുത ഗ്രന്ഥകർത്താവ് വായനക്കാർക്ക് തന്റെ പിഴച്ച വാദങ്ങൾ സംക്ഷിപ്തമായി നൽകിയത് ഇപ്രകാരം ഗ്രഹിക്കാം: "കുർആനിൽനിന്ന് ഒരു ആയത്തിന്റെയും അർഥം പഠിക്കൽ പൊതുജനങ്ങൾക്ക് നിർബന്ധമില്ല. ഓതൽ നിർബന്ധമായത് ഫാതിഹ മാത്രമാണ്. അതും അർഥം പഠിക്കൽ നിർബന്ധമില്ല. പ്രത്യേക സുന്നത്തുമില്ല."

സുന്നികളിൽ തന്നെയുള്ള കെ.വി.മുഹമ്മദ് മുസ്ലിയാരുടെ വിശുദ്ധ കുർആൻ പരിഭാഷക്ക് എതിരായിട്ടാണ് പ്രസ്തുത ഗ്രന്ഥം പുറത്തിറങ്ങിയത്. (കെ. വിയുടെ പരിഭാഷയെക്കുറിച്ച് പിന്നീട് നാം സംസാരിക്കുന്നുണ്ട്). കെ.വി.മുഹമ്മദ് മുസ്ലിയാർ പരിഭാഷ നിർവഹിക്കാമെന്ന് സ്ഥാപിക്കുന്നത് ഇപ്രകാരമാണ്: 'പണ്ഡിതന്മാർ കുർആൻ വ്യാഖ്യാനിക്കുക

യും അവരുടെ ദർസുകളിലും വഅ്ളുകളിലും പൊതുജനങ്ങൾക്ക് മുമ്പിൽ അതിന്റെ ആശയങ്ങൾ വിവർത്തനം ചെയ്യുകയും ചെയ്തിരിക്കെ പ്രസ്തുത പരിഭാഷകൾ ഗ്രന്ഥങ്ങളിൽ എഴുതുകയും ജനങ്ങൾക്ക് ഉപകാരപ്പെടുമാറ് പ്രസിദ്ധീകരിക്കുകയും ചെയ്യുന്നതിന് എന്താണ് തടസ്സം?'

തഹ്ദീറുൽ ഇഖ്വാനിന്റെ രചയിതാവ് ഇ. കെ. അദ്ദേഹത്തിന് മറുപടി പറയുന്നു: 'വരമൊഴി (എഴുത്ത്) അങ്ങനെയല്ല. അത് സ്ഥിരപ്പെടുകയും പ്രചരിക്കുകയും ചെയ്യുന്നു. അപ്പോൾ പരിഭാഷയെഴുതിയാൽ ആ തെറ്റ് സ്ഥിരപ്പെടുന്നു എന്നതിനാലും അത് പ്രചരിക്കുന്നു എന്നതിനാലും എതിർക്കുന്നു. വാമൊഴി (സംസാരം) അങ്ങനെയല്ല. അത് എതിർത്തില്ലെങ്കിലും ഉടൻ തേഞ്ഞുമാഞ്ഞ്പോകും. മാത്രമോ, എതിർക്കാൻ കഴിവുള്ളവർ കേട്ടില്ലെന്നും വരാം. എതിർത്താൽ തന്നെ നിഷേധിക്കുകയും ചെയ്യാം. ഈ കാര്യം മനസ്സിലാക്കാൻ കഴിയാത്തതിനാലാണ് എന്തുകൊണ്ട് എഴുതിക്കൂടായെന്ന് കെ.വി.ചോദിക്കുന്നത്. പറയുന്നതിനെ എതിർക്കാത്തവർ എഴുത്ത് എതിർക്കുന്നത് എന്ത് എന്ന ചോദ്യം വിഡ്ഢിത്തമല്ലേ?'

ഇക്കൂട്ടർ വിശുദ്ധ ക്വർആൻ പരിഭാഷകൾ എല്ലാ വിഭാഗങ്ങളിൽ നിന്നും, വിശിഷ്യാ തൗഹീദീ പ്രബോധകരായ സലഫികളിൽ നിന്നും ഇറങ്ങുന്നത് കണ്ടപ്പോൾ, തങ്ങളുടെ അഭിപ്രായങ്ങൾ മാറ്റാനുംമുമ്പൊരിക്കലും മറ്റൊരു ഗ്രന്ഥകാരനോ പരിഭാഷകനോ ചെയ്യാത്ത തീവ്രമായ വ്യതിയാനങ്ങൾ പരിഭാഷയായി പ്രസിദ്ധീകരിക്കാനും തുടങ്ങി. അവ പിന്നീട് നാം വിശദീകരിക്കുന്നുണ്ട്.

സുന്നികളിൽ തന്നെയുള്ള, തർജമയെ അനുകൂലിക്കുന്നവരും പ്രതികൂലിക്കുന്നവരും പരിഭാഷകൾ തയ്യാറാക്കിത്തുടങ്ങി. ഇസ്ലാമിന് അന്യമായതും സലഫുസ്സ്വാലിഹുകൾ പറയാത്തതുമായ പുതിയതും വിചിത്രവുമായ വാദമുഖങ്ങൾ അവർ കൊണ്ടുവന്നു. പ്രമാണങ്ങൾ അവർ മാറ്റിമറിക്കുകയും വിശുദ്ധ ക്വർആൻ വചനങ്ങളിൽ തെളിവന്വേഷിക്കുന്നതിൽ സന്ദേഹങ്ങൾ ഇളക്കിവിടുകയും ചെയ്തു. വഹ്ദതുശ്ശുഹൂദ്, (ജഗത്തായ ജഗത്തിലെല്ലാം അല്ലാഹു ഉണ്ട്), കശ്ഫ്(വെളിപാട്), ക്വുത്വുബ്(അച്ചുതണ്ട്), ഗൗഥ്(സഹായി) തുടങ്ങിയ, സ്വൂഫികൾ വ്യാജമായി നിർമിച്ചതും അപകടകരവുമായ ചിന്തകൾ സുന്നികൾക്കിടയിലും അറിയപ്പെടുകയും അംഗീകരിക്കപ്പെടുകയും സ്വീകരിക്കപ്പെടുകയും ചെയ്തുതുടങ്ങി. ഇവിടെയാണ് സുന്നികളിലും സൂഫികളിലും വലിയ സാദൃശ്യതനാം ദർശിക്കുന്നത്. കാരണം ഈ രണ്ട് കൂട്ടരും അല്ലാഹു അല്ലാത്തവരോട് സഹായാർഥന നടത്തലും അല്ലാഹുവിലേക്ക് ഔലിയാക്കളെയോ സ്വാലിഹുകളെയോ തവസ്സുലാക്കലും അല്ലാഹു അല്ലാത്തവർക്ക് നേർച്ചയാക്കലും അറുക്കലും പ്രശ്ന

സുന്നികളിൽ തന്നെയുള്ള, തർജമയെ അനുകൂലിക്കുന്നവരും പ്രതികൂലിക്കുന്നവരും പരിഭാഷകൾ തയ്യാറാക്കിത്തുടങ്ങി. ഇസ്ലാമിന് അന്യമായതും സലഫുസ്സ്വാലിഹുകൾ പറയാത്തതുമായ പുതിയതും വിചിത്രവുമായ വാദമുഖങ്ങൾ അവർ കൊണ്ടുവന്നു. പ്രമാണങ്ങൾ അവർ മാറ്റിമറിക്കുകയും വിശുദ്ധ ക്വുർആൻ വചനങ്ങളിൽ തെളിവന്വേഷിക്കുന്നതിൽ സന്ദേഹങ്ങൾ ഇളക്കിവിടുകയും ചെയ്തു. വഹ്ദതുശ്ശുഹൂദ്, (ജഗത്തായ ജഗത്തിലെല്ലാം അല്ലാഹു ഉണ്ട്), കശ്ഫ്(വെളിപാട്), ക്വുത്വുബ്(അച്ചുതണ്ട്), ഗൗഥ്(സഹായി) തുടങ്ങിയ, സ്വൂഫികൾ വ്യാജമായി നിർമിച്ചതും അപകടകരവുമായ ചിന്തകൾ സുന്നികൾക്കിടയിലും അറിയപ്പെടുകയും അംഗീകരിക്കപ്പെടുകയും സ്വീകരിക്കപ്പെടുകയും ചെയ്തുതുടങ്ങി.

ലേശമന്യെ അനുവദനീയമായി കാണുന്നവരാണ്. ഖേദകരമെന്ന് പറയട്ടെ, ഭൂരിപക്ഷ മുസ്ലിംകളും സത്യദീനിലും വിശുദ്ധ ക്വുർആനിലും തിരുസുന്നത്തിലുമുള്ള അജ്ഞത നിമിത്തം ഇത്തരക്കാരുടെ വാദഗതികളാൽ വഞ്ചിതരായി. അല്ലാഹുവേ നിന്റെ കാവൽ!

സുന്നി വിഭാഗത്തിന്റെ പരിഭാഷകൾക്ക് ഏതാനും ഉദാഹരണങ്ങൾ:

കെ.വി. മുഹമ്മദ് മുസ്ലിയാരുടെ പരിഭാഷ

'ഫത്ഹുർറഹ്മാൻ ഫീ തഫ്സീരിൽ ക്വുർആൻ' എന്നാണ് കെ.വി. മുഹമ്മദ് മുസ്ലിയാർ കൂറ്റനാടിന്റെ പരിഭാഷയുടെ പേര്. 1972-1980 കാലയളവിൽ നാല് വാള്യങ്ങളിലായാണ് കൂറ്റനാട് തന്റെ പരിഭാഷ പൂർത്തീകരിച്ചത്. മലയാളക്കരയിൽ സുന്നികളുടെ പ്രഥമ പരിഭാഷയായിട്ടാണ് ഇത് എണ്ണപ്പെടുന്നത്. പരിഭാഷയുടെ വണ്ണവും വലിപ്പവും അത് കേവലം ഒരു പരിഭാഷ മാത്രമല്ല, പ്രത്യുത വിവരണം കൂടിയാണെന്ന് വിളിച്ചറിയിക്കുന്നു.

കെ.വി തന്റെ വിശദീകരണത്തിലും അടിക്കുറിപ്പുകളിലും ബിദ്ഈ ചിന്തകൾ കൊണ്ടുവരാൻ ശ്രമിച്ചതായി കാണാം. അതോടൊപ്പം അടിക്കുറിപ്പുകളിൽ വിഷലിപ്തമായ തന്റെ വ്യതിചലിച്ച ചിന്തകളിലേക്ക് സൂചനകൾ നൽകുന്നതും കാണാം. ഉദാഹരണമായി സൂറഃ അൽഫാത്വിറിലെ 14-ാം വചനം:

"നിങ്ങൾ അവരോട് പ്രാർഥിക്കുന്ന പക്ഷം അവർ നിങ്ങളുടെ പ്രാർഥന കേൾക്കുകയില്ല. അവർ കേട്ടാലും നിങ്ങൾക്കവർ ഉത്തരം നൽകുകയില്ല. ഉയിർത്തെഴുന്നേൽപിന്റെ നാളിലാകട്ടെ നിങ്ങൾ അവരെ പങ്കാളികളാക്കിയതിനെ അവർ നിഷേധിക്കുന്നതുമാണ്. സൂക്ഷ്മജ്ഞാനമുള്ളവനെ(അല്ലാഹു

വെ)പ്പോലെ നിനക്ക് വിവരം തരാൻ ആരുമില്ല.”

പരിഭാഷകൻ പറയുന്നു: “മുസ്‌ലിമീങ്ങൾ മഹാന്മാരോട് സഹായത്തിന് അപേക്ഷിക്കുന്നത് അവർക്ക് ഇബാദത്ത് ചെയ്യൽ അല്ല. കാരണം അവർ ഇലാഹുകളാണെന്ന് മുസ്‌ലിംകൾ വിശ്വസിക്കുന്നില്ല. ഇവിടെ വഹാബി നേതാക്കളായ എ. അലവി മൗലവി, മുഹമ്മദ് അമാനി മൗലവി എന്നിവർ എഴുതിയ ക്വുർആൻ പരിഭാഷയിൽ വായനക്കാരെ തെറ്റിദ്ധരിപ്പിക്കുന്ന ചില പരാമർശങ്ങൾ അടങ്ങിയിട്ടുണ്ട്. അതു കണ്ട് ആരും വഞ്ചിതരാവരുത്.”

ഇത് സത്യപ്രബോധകർക്കെതിരിലും തൗഹീദിന്റെ കാവലാളുകൾക്കെതിരിലുമുള്ള ശബ്ദമാണ്. കെ. വി.തന്റെ പരിഭാഷയുടെ ആമുഖക്കുറിപ്പിൽ ഈ പൊതുമുന്നറിയിപ്പ് രേഖപ്പെടുത്തിയതിന്റെ ആശയച്ചുരുക്കം ഇപ്രകാരമാണ്: യുവാക്കൾ അറബിമലയാളം ഭാഷ ഉപയോഗിക്കുന്നതിൽനിന്നും തുടർന്ന് പ്രസ്തുത ഭാഷയിൽ രചിക്കപ്പെട്ട തങ്ങളുടെ രചനകളിൽനിന്നും അകലുകയും മാതൃഭാഷയായ മലയാളത്തിലേക്കവർ ചായുകയും ചെയ്തപ്പോൾ തങ്ങളുടെ ചൊൽപ്പടിയിലുള്ള യുവാക്കൾ പുത്തൻവാദികൾ എന്ന് തങ്ങൾ വിശേഷിപ്പിക്കുന്ന സത്യത്തിന്റെ വക്താക്കൾ (സലഫികൾ) നിർവഹിച്ച വിശുദ്ധ ക്വുർആൻ പരിഭാഷകളിലും തങ്ങളുടെ വിശ്വാസാചാരങ്ങൾക്കെതിരിലുള്ള പ്രസിദ്ധീകരണങ്ങളിലും വശംവദരാകുമോ എന്ന് കെ.വി ഭയപ്പെട്ടു. ആയതിനാലാണ് കെ.വി തങ്ങളുടെ യുവാക്കളെ ‘രക്ഷപ്പെടുത്തുവാൻ’ ഒരു വിശുദ്ധ ക്വുർആൻ പരിഭാഷ തയ്യാറാക്കാൻ തിരക്കുകൂട്ടിയത്. ഈ ഭാഷ്യം തന്റെ പരിഭാഷയുടെ ഒന്നിലധികം സ്ഥലങ്ങളിൽ കെ.വി ആവർത്തിച്ചിട്ടുണ്ട്. സംഘടനയോടുള്ള കൂറ് കാണിക്കലും തന്റെ കരാറും പരിഭാഷയിലുടനീളം കെ.വി.നിർവഹിക്കുകയും ചെയ്തിട്ടുണ്ട്. അവസരം ലഭിക്കുമ്പോഴെല്ലാം അദ്ദേഹം സത്യത്തിന്റെ വക്താക്കളെ കൈകാര്യം ചെയ്യുകയും സ്വൂഫികളിലും മുബ്തദിഉകളിലും പെട്ട ദേഹേച്ഛയുടെ വക്താക്കളെ ന്യായീകരിച്ച് പ്രതിരോധിക്കുകയും ചെയ്തിട്ടുണ്ട്.

ടി. കെ. അബ്ദുല്ല മുസ്‌ലിയാരുടെ പരിഭാഷ

1977ൽ മരണപ്പെട്ട ടി.കെ.അബ്ദുല്ല മുസ്‌ലിയാരുടെ വിശുദ്ധക്വുർആൻ പരിഭാഷ വിവർത്തനത്തോടൊപ്പം ജലാലൈനി തഫ്സീറിന്റെ പരിഭാഷ കൂടിയാണ്. ടി.കെയുടെ പരിഭാഷയും കെ.വിയുടെ പരിഭാഷയും ഏകദേശം സമകാലീനമാണ്. ടി. കെയുടെ പരിഭാഷയും കേരളക്കരയിൽ വലിയ കോളിളക്കം സൃഷ്ടിച്ചു. സലഫി പണ്ഡിതരിൽ നിന്നും സുന്നികളിൽ നിന്ന് പോലും തീവ്രമായ നിരൂപണമാണ് ടി. കെ. അബ്ദുല്ല മുസ്‌ലിയാർക്ക് നേരെയുണ്ടായത്.

സുന്നികൾ അദ്ദേഹത്തെ എതിർക്കാനിടയായ

1977ൽ മരണപ്പെട്ട ടി.കെ അബ്ദുല്ല മുസ്‌ലിയാരുടെ വിശുദ്ധക്വുർആൻ പരിഭാഷ വിവർത്തനത്തോടൊപ്പം ജലാലൈനി തഫ്സീറിന്റെ പരിഭാഷ കൂടിയാണ്. ടി.കെയുടെ പരിഭാഷയും കെ.വിയുടെ പരിഭാഷയും ഏകദേശം സമകാലീനമാണ്. ടി.കെയുടെ പരിഭാഷയും കേരളക്കരയിൽ വലിയ കോളിളക്കം സൃഷ്ടിച്ചു. സലഫി പണ്ഡിതരിൽ നിന്നും സുന്നികളിൽ നിന്ന് പോലും തീവ്രമായ നിരൂപണമാണ് ടി.കെ അബ്ദുല്ല മുസ്‌ലിയാർക്ക് നേരെയുണ്ടായത്.

കാരണം സുന്നികൾക്ക് നിഷിദ്ധവും അനനുവദനീയവുമായ പരിഭാഷക്ക് അദ്ദേഹം മുതിർന്നു എന്നതും പ്രസ്തുത വിവർത്തനം അമുസ്‌ലിംകൾ കൈയിലെടുക്കുകയും പാരായണം നടത്തുകയും ചെയ്യുന്നതോടെ വിശുദ്ധ ക്വുർആനിന്റെ സ്ഥാനവും പാവനത്വവും കളഞ്ഞു കുളിക്കാൻ അയാൾ കാരണക്കാരനായി എന്നതുമായിരുന്നു. എന്നാൽ ടി.കെ. തന്റെ പാർട്ടിക്കാർ തന്നെ തനിക്കെതിരിൽ തിരിയുമെന്ന് കണക്ക്കൂട്ടിയിരുന്നു. അദ്ദേഹം തന്റെ പരിഭാഷയുടെ ആമുഖക്കുറിപ്പിൽ ‘താനീ പരിഭാഷ ഇറക്കുന്നത് മുസ്‌ലിംകൾക്ക് മാത്രമാണ്, ഒരിക്കലും അമുസ്‌ലിംകൾക്ക് വേണ്ടിയല്ല’ എന്നെഴുതിയത് വിളിച്ചറിയിക്കുന്നത് പ്രസ്തുത കണക്ക് കൂട്ടലിനെയാണ്.

എന്നാൽ സലഫി പണ്ഡിതർ അദ്ദേഹത്തെ നിരൂപിക്കാനുണ്ടായ കാരണം ടി.കെ.ധാരാളം വിശുദ്ധ വാക്യങ്ങളെ (ജലാലൈനി തഫ്സീറിനെതിരായി പോലും) തന്റെ വിവർത്തനത്തിൽ സ്വേച്ഛാനുസാരം വ്യാഖ്യാനിച്ചു എന്നതാണ്. ചില ഉദാഹരണങ്ങൾ:

ഒന്ന്. സൂറഃ അൽബക്വറയിലെ 165ാം വചനം: “അല്ലാഹുവിന് പുറമെയുള്ളവരെ അവന്ന് സമന്മാരാക്കുന്ന ചില ആളുകളുണ്ട്. അല്ലാഹുവെ സ്നേഹിക്കുന്നത് പോലെ ഈ ആളുകൾ അവരെയും സ്നേഹിക്കുന്നു...”

ഈ വചനത്തിന്റെ പരിഭാഷയുടെ അടിക്കുറിപ്പിൽ ടി.കെ.പറയുന്നു: “അപ്പോൾ സത്യവിശ്വാസികൾ മാത്രമാണ് അല്ലാഹുവിനെ യഥാർഥമായി സ്നേഹിക്കുന്നവർ. എന്നാൽ അമ്പിയാ, ഔലിയാ പോലുള്ളവരെ സ്നേഹിക്കൽ അല്ലാഹുവിനെ സ്നേഹിക്കൽ തന്നെയാണ്. അങ്ങിനെയാണെങ്കിൽ അവിശ്വാസികളും തങ്ങളുടെ ആരാധ്യവസ്തുക്കളെ അല്ലാഹുവിങ്കൽ അടുപ്പിക്കുന്നതിനായി സ്നേഹിക്കുന്നുണ്ടല്ലോ. അപ്പോൾ അത് അല്ലാഹുവിനോടുള്ള സ്നേഹമാകണ്ടേ എന്നതിന്നു മറുപടി: അവർ അവയെ സ്നേഹിക്കൽ കൊണ്ട് മാത്രമല്ല അവിശ്വാസികളായത്, അവയെ ആരാധിക്കൽ കൊ

ണ്ടാണ്. അപ്പോൾ ആരാധനയും സ്നേഹവും തമ്മിൽ അന്തരമുണ്ട്. അല്ലാഹുവിന്നല്ലാതെ മറ്റാർക്കും ആരാധന പാടില്ല. സ്നേഹം അങ്ങിനെയല്ല. അമ്പിയാ, ഔലിയാ തുടങ്ങിയവർ അല്ലാഹുവിന്റെ സ്നേഹം നേടിയവരാകയാൽ അവരെ സ്നേഹിക്കേണ്ടതാണ്.”

സലഫുസ്സ്വാലിഹുകളിൽപെട്ട പ്രാമാണികരായ മുഫസ്സിറുകളുടെ വരികൾക്ക് എതിരാണ് പ്രസ്തുത വിവരണം. കാരണം, വിശുദ്ധ വചനത്തിലെ ‘അൻദാദ്’ എന്ന പദംകൊണ്ട്അർഥമാക്കുന്നത് ‘അല്ലാഹുവോടൊപ്പം ആരാധിക്കപ്പെടുകയും അല്ലാഹുവിനെപ്പോലെ സ്നേഹിക്കപ്പെടുകയും ചെയ്യുന്ന തുല്യന്മാർ, സമന്മാർ’ എന്നാണ്. ഇതാണ് ഇമാം ഇബ്നുകഥീർ(റഹ്)യെ പോലുള്ളവർ പറയുന്നത്. അതിൽ ബിംബങ്ങളും അവയല്ലാത്തവയും ഉൾപെടും. ഇബാദത്തുമായി ബന്ധപ്പെട്ട സ്നേഹവും സഹായാർഥനയും നേർച്ചയും ആഗ്രഹത്തേട്ടവും ഭയവും ഭരമേൽപിക്കലും എല്ലാം അല്ലാഹു അവനൊരുവന്നു മാത്രം. പ്രസ്തുത ആയത്ത് കൊണ്ട് തെളിയുന്നത് ആരെങ്കിലും അല്ലാഹു അല്ലാത്തവരെ അല്ലാഹുവോടുള്ള സ്നേഹത്തെപ്പോലെ സ്നേഹിക്കുന്നുവെങ്കിൽ അവർ അല്ലാഹുവിൽ പങ്ക്ചേർക്കുകയാണ്; സ്നേഹിക്കപ്പെടുന്നവർ ബിംബങ്ങളായാലും അല്ലാഹുവിന്റെ ദാസന്മാരാണെങ്കിലും എന്നാണ്. ഈ ആയത്തിലും ഇതുപോലുള്ള ഇതര ആയത്തുകളിലും ഉദ്ദേശിക്കപ്പെടുന്നത് ബിംബങ്ങൾ മാത്രമാണെന്ന് സച്ചരിതരായ മുൻഗാമികൾ ആരും പറഞ്ഞിട്ടില്ല.

ഇമാം ഇബ്നുകഥീർ പറയുന്നു: “എന്നാൽ സത്യവിശ്വാസികൾ അല്ലാഹുവോട് അതിശക്തമായ സ്നേഹമുള്ളവരത്രെ...’ (ക്വുർആൻ 2:165). അല്ലാഹുവിനെ അവർ സ്നേഹിക്കുന്നതിനാലും പരിപൂർണമായി അറിയുന്നതിനാലും ആദരിക്കുന്നതിനാലും ഏകപ്പെടുത്തുന്നതിനാലും അവർ അവനിൽ യാതൊന്നിനെയും പങ്കുചേർക്കുന്നില്ല. പ്രത്യുത അവർ അവനെ മാത്രം ആരാധിക്കുകയും അവനിൽ ഭരമേൽപിക്കുകയും അവരുടെ മുഴുവൻ കാര്യങ്ങളിലും അവനിൽ അഭയം തേടുകയും ചെയ്യുന്നു.”

രണ്ട്: സൂറഃ അസ്സുമറിലെ 45ാം വചനം: “അല്ലാഹുവെപ്പറ്റി മാത്രം പ്രസ്താവിക്കപ്പെട്ടാൽ പരലോകത്തിൽ വിശ്വാസമില്ലാത്തവരുടെ ഹൃദയങ്ങൾക്ക് അസഹ്യത അനുഭവപ്പെടുന്നതാണ്. അല്ലാഹുവിന് പുറമെയുള്ളവരെപ്പറ്റി പ്രസ്താവിക്കപ്പെട്ടാലോ അപ്പോഴതാ അവർ സന്തുഷ്ടചിത്തരാകുന്നു.”

ഈ വചനത്തിന്റെ പരിഭാഷയുടെ അടിക്കുറിപ്പിൽ ടി.കെ. എഴുതുന്നു: “ഇവിടെ പരലോകത്തിൽ വിശ്വസിക്കാത്ത ബിംബാരാധകർ സന്തോഷിക്കുന്നതിനെക്കുറിച്ചാണ് പറഞ്ഞിട്ടുള്ളത്. അത് ‘നേർച്ചക്കാരെ കൂട്ടി പറഞ്ഞാൽ സന്തോഷിക്കുകയും ചെയ്യുന്നവർ യഥാർഥ മുഅ്മിനുകളല്ല’ എന്ന് ചില പരിഭാഷകന്മാർ ദുർവ്യാഖ്യാനം ചെയ്തത് മനഃപൂർവം മുസ്ലിംകളെ മുശ്രിക്കുകളാക്കലാണ്. അങ്ങനെ സന്തോഷിക്കുന്നവർ മുസ്ലിംകളിൽ ഉണ്ടായിരിക്കയില്ല.” ഇത് ടി.കെയുടെ വിശദീകരണത്തിന്റെ രത്നച്ചുരുക്കവും അടിക്കുറിപ്പിൽ രേഖപ്പെടുത്തിയതുമാണ്.

മുകളിൽ ഉദ്ധരിച്ച രണ്ട് ഉദാഹരണങ്ങളിൽ നിന്ന് ടി. കെയുടെ തൗഹീദിനെക്കുറിച്ചുള്ള വീക്ഷണവും മഹല്ലിയും സുയൂത്വിയും ഒരിക്കലും തങ്ങളുടെ തഫ്സീറിൽ കൈകാര്യം ചെയ്തിട്ടില്ലാത്ത വ്യതിചലിച്ച ചിന്തകൾ പ്രചരിപ്പിക്കുന്നതിലുള്ള ശ്രദ്ധയും നമുക്ക് മനസ്സിലാക്കാം. ഇതെല്ലാം താൻ പ്രതിനിധാനം ചെയ്യുന്ന ഗ്രൂപ്പിനെ തൃപ്തിപ്പെടുത്താനുള്ള അദ്ദേഹത്തിന്റെ മികവുറ്റ ശ്രദ്ധയിൽനിന്ന് ഉടലെടുത്തതാണ്. അക്വീദയുമായി ബന്ധപ്പെട്ട മിക്ക ആയത്തുകളുടെയും തർജമയിൽ ഇത് നന്നായി പ്രകടമാകുന്നുണ്ട്. അത്പോലെ അല്ലാഹു അല്ലാത്തവരോട് പ്രാർഥിക്കുന്നതിനെ അതികഠിനമായി എതിർക്കുന്ന വചനങ്ങളുടെ പരിഭാഷകളിലും ടി.കെ. ക്വുർആൻ സ്ഥാപിച്ചതിനെ തകർക്കാൻ ശ്രമിക്കുന്നത് കാണാം. പ്രസ്തുത വചനങ്ങളുടെ പരിഭാഷയിൽ ടി.കെ. പറയുന്നു:

“നിശ്ചയം ഇവിടെ ഉദ്ദേശം ഇബാദത്ത് ആണ്. ദുആഅ് ഇബാദത്തിൽ പെട്ടതല്ല. ഇത്പോലെ ഔലിയാക്കളോടും സ്വാലിഹീങ്ങളോടുമുള്ള സഹായാർഥനയും നേർച്ചയും ഇബാദത്തിൽ പെട്ടതല്ല. ഇപ്രകാരം ആരെങ്കിലും ക്വുർആൻ വ്യാഖ്യാനിക്കുന്നപക്ഷം അവൻ ക്വുർആൻ ഗ്രഹിച്ചിട്ടില്ല, തഫ്സീർ മനസ്സിലാക്കിയിട്ടുമില്ല.”

അല്ലാഹുവിന്റെ ഏകത്വവും അക്വീദയുമായി ബന്ധപ്പെട്ട വിശുദ്ധ വചനങ്ങൾക്കുള്ള അടിക്കുറിപ്പുകളിലെല്ലാം വിവർത്തകൻ ആവർത്തിക്കുന്നത് ഇതാണ്. ഉദാഹരണത്തിന് ഏതാനും ആയത്തുകൾ: (1) സൂറഃ അസ്സുഖ്റുഫ്: 40. (2) സൂറഃ അസ്സുമർ: 45. (3) സൂറഃ അൽഅഹ്ക്വാഫ്: 4. (4) സൂറഃ അശ്ശൂറാ: 8.

അഹ്മദ് സ്വാവിയുടെ ഒരു വാക്യം അടിക്കുറിപ്പിൽ ടി.കെ. കൊടുക്കുന്നത് കാണുക: 'അല്ലാഹു അല്ലാത്തവരെ കൊണ്ട് ഇടതേടുന്നവരെയും സഹായാർഥന നടത്തുന്നവരെയും കാഫിറാക്കുന്നവർ ഖവാരിജുകളാണ്. അവരെ സൂക്ഷിക്കുക."

സൂറഃ അൽഫത്ഹ്‌ലെ പത്താം വചനത്തിൽ "നിശ്ചയം നിന്നോട് പ്രതിജ്ഞ ചെയ്യുന്നവർ" എന്ന വചനം വിവർത്തനം ചെയ്യവെ സ്വാവിയുടെ വരി ടി. കെ. ഉദ്ധരിക്കുന്നത് കാണുക: 'നമ്മുടെ ഇക്കാലത്ത് സൂഫി ത്വരീഖത്തിന്റെ ശൈഖുമാർക്ക് അവരുടെ മുരീദുകൾ നൽകുന്ന ബൈഅത്ത് ഈ ഗണത്തിൽ പെട്ടതാണ്. അതിനാലാണ് സൂഫിയാക്കൾ ബൈഅത്ത് ചെയ്യുമ്പോൾ ഈ ആയത്ത് പാരായണം ചെയ്യുന്നതായി നാം കാണുന്നത്."

മുസ്തഫൽ ഫൈസിയുടെ പരിഭാഷ

സുന്നി വിഭാഗത്തിനിടയിൽ വിശുദ്ധകുർആൻ വിവർത്തനം വികാസംപൂണ്ടു. അതോടെ അട്ടിമറി വിവർത്തനത്തിന്റെ മർമത്തിൽ തന്നെയായി. മുൻമാതൃകയില്ലാത്തവിധം മാറ്റത്തിരുത്തലിൽ വിവർത്തകർ മത്സരിച്ചു തുടങ്ങി. സുന്നികളിൽ അറിയപ്പെട്ട എഴുത്തുകാരനായ മുസ്തഫൽ ഫൈസി ഒരു അപകടകാരിയായ തർജമയാണ് പുറത്തിറക്കിയിരിക്കുന്നത്. വിശ്വാസികളെ വേദനിപ്പിക്കുന്നതാണ് പ്രസ്തുത പരിഭാഷ. അതിൽ സൂറതുൽഫാതിഹയുടെ പരിഭാഷ മാത്രമാണ് ഞാൻ നോക്കിയത്. അതുതന്നെ മതിയായി. അല്ലാഹുവേ നിന്റെ കാവൽ!

അയാൾ അല്ലാഹുവിൽ പങ്കുചേർക്കുന്നവർക്ക് തന്റെ തർജമയിലൂടെ നിർലോപം രംഗം വിശാലമാക്കിക്കൊടുക്കുകയും ശിർക്കിന്റെ വാതിൽ മലർക്കെ തുറന്ന് കൊടുക്കുകയുമാണ് ചെയ്തിട്ടുള്ളത്.

'ഇയ്യാകനഅ്ബുദു' എന്നതിന്റെ വിവർത്തനമായി 'നിന്നെ ഞങ്ങൾ ആരാധിക്കുന്നു' എന്നും 'ഇയ്യാക നസ്തഈൻ' എന്നതിന്റെ വിവർത്തനമായി 'നന്മ ഞങ്ങൾ നിന്നോട് ആവശ്യപ്പെടുന്നു' എന്നുമാണ് അയാൾ നൽകിയിട്ടുള്ളത്. ഈ വിശുദ്ധ വചനത്തിൽ അന്തർലീനമായ 'മാത്രം' എന്ന ആശയം മനഃപൂർവം വിട്ടുകളഞ്ഞിരിക്കുന്നു. ഇന്നുവരെ വിശ്വാസയോഗ്യരായ ഒരു മുസ്‌ലിം പണ്ഡിതനും ഇങ്ങനെ പറഞ്ഞിട്ടില്ല; തന്നിഷ്ടങ്ങൾക്കൊത്ത് ചലിച്ചവരൊഴികെ. അല്ലാഹുവേ, നിന്നെക്കൊണ്ടല്ലാതെ യാതൊരു കഴിവും ശേഷിയുമില്ല.

തീർത്തും വിചിത്രമായ ഈ തർജമക്ക് ന്യായവാദമെന്നോണം ഫൈസി പറഞ്ഞു: 'ഔലിയാക്കളോടും സ്വാലിഹീങ്ങളോടും സഹായം തേടൽ അല്ലാഹു നമ്മോട് കൽപിച്ച കാര്യമാണ്. അതും ഇബാദത്ത് ആണ്.' അഥവാ ഫൈസിയുടെ വാദപ്രകാരം 'മാത്രം' എന്ന അർഥം ഉണ്ടായാലും ഇല്ലെങ്കിലും ആയത്തിന്റെ വിവക്ഷ 'നിന്നോടും നീ അല്ലാത്തവരോടും ഞങ്ങൾ ദുആ ഇരക്കുന്നു, എല്ലാം

സുന്നി വിഭാഗത്തിനിടയിൽ വിശുദ്ധകുർആൻ വിവർത്തനം വികാസംപൂണ്ടു. അതോടെ അട്ടിമറി വിവർത്തനത്തിന്റെ മർമത്തിൽ തന്നെയായി. മുൻമാതൃകയില്ലാത്തവിധം മാറ്റത്തിരുത്തലിൽ വിവർത്തകർ മത്സരിച്ചു തുടങ്ങി. സുന്നികളിൽ അറിയപ്പെട്ട എഴുത്തുകാരനായ മുസ്തഫൽ ഫൈസി ഒരു അപകടകാരിയായ തർജമയാണ് പുറത്തിറക്കിയിരിക്കുന്നത്. വിശ്വാസികളെ വേദനിപ്പിക്കുന്നതാണ് പ്രസ്തുത പരിഭാഷ. അയാൾ അല്ലാഹുവിൽ പങ്കുചേർക്കുന്നവർക്ക് തന്റെ തർജമയിലൂടെ നിർലോപം രംഗം വിശാലമാക്കിക്കൊടുക്കുകയും ശിർക്കിന്റെ വാതിൽ മലർക്കെ തുറന്ന് കൊടുക്കുകയുമാണ് ചെയ്തിട്ടുള്ളത്.

നിനക്കുള്ള ദുആയാണ്' എന്നാണ്!

'ഇയ്യാക നസ്തഈൻ' എന്നതിന്റെ വിവർത്തനക്കുറിപ്പിൽ ഫൈസി പറയുന്നു: 'നിന്നോട് ഞങ്ങൾ നന്മ തേടുന്നു. കാരണം നന്മകൾ മുഴുവൻ നിന്നിൽനിന്നാണ്. എന്നാൽ സഹായം അത് അല്ലാഹുവിൽ നിന്നും നബിമാർ, ഔലിയാക്കൾ പോലുള്ള അല്ലാഹു അല്ലാത്തവരിൽ നിന്നും തേടാവുന്നതാണ്. അടിസ്ഥാനപരമായി അതും അല്ലാഹുവിൽനിന്നുള്ള സഹായം തേടൽ തന്നെയാണ്.'

ഈ രീതിയിൽ ശിർക്കിനെ സ്ഥാപിക്കുവാനും തൗഹീദിനെ തകർക്കുവാനും തന്റെ മനസ്സ് വിവർത്തകന് പ്രേരണയേകി. പക്ഷേ, അല്ലാഹു സത്യത്തെ സ്ഥാപിക്കും. അസത്യത്തെ ഫലശൂന്യമാക്കും; ബഹുദൈവവിശ്വാസികൾ വെറുത്താലും.

പ്രാമാണികരുടെ വിശദീകരണങ്ങൾ

മുസ്‌ലിംകൾ പൊതുവായും കേരള മുസ്‌ലിംകൾ വിശേഷിച്ചും പ്രശ്നത്തിന്റെ യാഥാർഥ്യം മനസ്സിലാക്കുന്നതിനു വേണ്ടി, ഇവ്വിഷയകമായി പ്രാമാണികരായ പണ്ഡിതന്മാരിൽനിന്ന് ഉദ്ധരിക്കപ്പെട്ട വചനങ്ങളിൽ ചിലത് ഇവിടെ ഉദ്ധരിക്കുന്നത് നന്നായിരിക്കും. അത് ഇപ്രകാരമാണ്:

'മനുഷ്യൻ ചെയ്യുന്ന ഏതൊരു പ്രവർത്തനത്തിന്റെയും ഫലവും വിജയവും നിലകൊള്ളുന്നത് അതിലേക്ക് നയിക്കുന്ന നിമിത്തങ്ങളായി ദൈവയുക്തി നിശ്ചയിച്ചിട്ടുള്ള കാര്യങ്ങൾ ഉണ്ടാകുന്നതിനാലാണ്, അതിന് തടസ്സങ്ങളായി ദൈവയുക്തി നിശ്ചയിച്ചിട്ടുള്ള കാര്യങ്ങൾ ഇല്ലാതാകുന്നതിലുമാണ്. അല്ലാഹു മനുഷ്യന് നൽകിയ അറിവും കഴിവും കൊണ്ട് അത്തരം തടസ്സങ്ങളിൽ ചിലത് നീക്കാനും അത്തരം നിമിത്തങ്ങളിൽ ചിലത് നേടാനും അവന് സൗകര്യം ചെയ്ത് കൊടുത്തിരിക്കുന്നു. അവയിൽ മറ്റു ചിലത് അവന് നിഷേധിക്കുകയും ചെയ്തിരിക്കുന്നു. അതിനാൽ അവയിൽ

നിന്ന് നമുക്ക് കഴിയുന്നത് നിർവഹിക്കാൻ നാം ബാധ്യസ്ഥരാണ്. നമ്മുടെ കർമങ്ങൾ കഴിയുന്നത്ര ഭദ്രമാക്കുന്നതിനു വേണ്ടി പരമാവധി ശക്തിയും കഴിവും നാം വിനിയോഗിക്കേണ്ടതാണ്, നാം പരസ്പരം സഹകരിക്കേണ്ടതാണ്, പരസ്പരം സഹായിക്കേണ്ടതാണ്. നമ്മുടെ കഴിവനപ്പുറമുള്ള കാര്യങ്ങൾ എല്ലാറ്റിനും കഴിയുന്ന അല്ലാഹുവിനെ ഏൽപിക്കേണ്ടതാണ്. നാം അഭയം തേടേണ്ടത് അല്ലാഹുവിനോട് മാത്രമാണ്, നമ്മുടെ കർമങ്ങളുടെ ഫലപ്രാപ്തിക്കും പരിസമാപ്തിക്കും വേണ്ട സഹായം തേടേണ്ടത് അവനോട് മാത്രമാണ്; മറ്റാരോടും ആയിക്കൂടാ. കാരണം, എല്ലാ മനുഷ്യർക്കും ഒരുപോലെ നൽകപ്പെട്ട കാര്യകാരണങ്ങൾക്കപ്പുറമുള്ളത് സാധിപ്പിക്കാൻ കാര്യകാരണങ്ങൾ നിശ്ചയിച്ച, ഉടമകളുടെ ഉടമസ്ഥനായ അല്ലാഹുവിനല്ലാതെ മറ്റാർക്കും കഴിയില്ല.'

'നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു' എന്ന വചനം 'നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു' എന്ന വചനത്തിന്റെ ആശയം പൂർത്തിയാക്കുന്നു. കാരണം, ദുആ എന്നാൽ ഹൃദയത്തിൽനിന്ന് അല്ലാഹുവിലേക്ക് പോകുന്ന ഭയപ്പാടാണ്, ആത്മാവിന് അവനോടുള്ള ബന്ധമാണ്, അത് ആരാധനയുടെ മജ്ജയാണ്. ഒരു അടിമ അതുമായി അല്ലാഹു അല്ലാത്തവരിലേക്ക് തിരിഞ്ഞാൽ ആ നടപടി ക്വുർആനിന്റെ അവതരണകാലത്തും അതിന്റെ മുമ്പും പ്രചാരത്തിലുണ്ടായിരുന്ന വിഗ്രഹാരാധനയുടെ ഒരിനമായിത്തീരും. ഇക്കാര്യം പ്രത്യേകമായി പറഞ്ഞത്, അല്ലാഹുവിന് പുറമെ ഔലിയാക്കളെ സ്വീകരിച്ച് അവരോട് സഹായം തേടുന്നതും ആർക്കും ചെയ്യാൻ സാധിക്കാത്ത, കാര്യകാരണബന്ധങ്ങൾക്കപ്പുറമുള്ള വിഷയങ്ങളിൽ അവരോട് സഹായമർഥിക്കുന്നതും കാര്യകാരണങ്ങളുടെ അടിസ്ഥാനത്തിൽ സാധാരണ ജനങ്ങളോട് സഹായം ചോദിക്കുന്നതു പോലെയാണെന്ന് വിവരദോഷികൾ തെറ്റിദ്ധരിക്കാതിരിക്കാനാണ്. ഈ സംശയം അല്ലാഹു തന്റെ അടിയാറുകൾക്ക് ദൂരികരിച്ചുകൊടുക്കാൻ ഉദ്ദേശിച്ചു. മനുഷ്യരുടെ കഴിവിൽ പെട്ട കാര്യങ്ങളിൽ സഹായം ചോദിക്കുന്നത് അല്ലാഹു നിശ്ചയിച്ച നടപടിക്രമങ്ങൾ ഉപയോഗപ്പെടുത്തുന്ന ഒരു രീതി മാത്രമാണ്. യന്ത്രസാമഗ്രികൾക്ക് എന്ത് സ്ഥാനമാണോ ഉള്ളത് അതേ സ്ഥാനം തന്നെയായിരിക്കും അതിനുമുള്ളത്. എന്നാൽ, അവർക്ക് ദാനമായി നൽകപ്പെട്ട കഴിവുകൾക്കും തോതുകൾക്കും അപ്പുറമുള്ള കാര്യങ്ങളിൽ സഹായം തേടുന്നത് അങ്ങനെയല്ല. രോഗശമനത്തിനായി ഔഷധങ്ങൾ, പ്രതിവിധികൾ എന്നിവക്ക് അപ്പുറമുള്ള കാര്യങ്ങളിൽ സഹായം തേടുക, ശത്രുവിനെ പരാജയപ്പെടുത്താൻ ആൾബലം, യുദ്ധസന്നാഹം എന്നിവക്ക് അപ്പുറമുള്ള കാര്യങ്ങളിൽ സഹായം തേടുക ഇങ്ങനെയുള്ള കാര്യങ്ങളിലെല്ലാം അല്ലാഹു അല്ലാത്തവരിലേക്ക് തിരിയുന്നതും ഭയപ്പാടോടുകൂടി അവരെ സമീപിക്കുന്നതും അനുവദിക്കപ്പെടാത്തതാകുന്നു.

നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു' എന്ന വചനം 'നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു' എന്ന വചനത്തിന്റെ ആശയം പൂർത്തിയാക്കുന്നു. കാരണം, ദുആ എന്നാൽ ഹൃദയത്തിൽനിന്ന് അല്ലാഹുവിലേക്ക് പോകുന്ന ഭയപ്പാടാണ്, ആത്മാവിന് അവനോടുള്ള ബന്ധമാണ്, അത് ആരാധനയുടെ മജ്ജയാണ്. ഒരു അടിമ അതുമായി അല്ലാഹു അല്ലാത്തവരിലേക്ക് തിരിഞ്ഞാൽ ആ നടപടി ക്വുർആനിന്റെ അവതരണകാലത്തും അതിന്റെ മുമ്പും പ്രചാരത്തിലുണ്ടായിരുന്ന വിഗ്രഹാരാധനയുടെ ഒരിനമായിത്തീരും.

'നീ ചോദിക്കുകയാണെങ്കിൽ അല്ലാഹുവിനോട് ചോദിക്കുക, നീ സഹായം തേടുകയാണെങ്കിൽ അല്ലാഹുവിനോട് സഹായം തേടുക' എന്ന നബിവചനത്തിന്റെ വ്യാഖ്യാനത്തിൽ ഇമാം നവവി(റഹ്) പറഞ്ഞു: 'അടിയാൻ തന്റെ മനസ്സ് അല്ലാഹു അല്ലാത്തവരിൽ ബന്ധിച്ചിടാൻ പാടില്ല എന്ന് ഇതിൽ സൂചനയുണ്ട്. മറിച്ച് തന്റെ എല്ലാ കാര്യങ്ങളും അല്ലാഹുവിൽ ഭരമേൽപിക്കണം. ഹിദായത്ത്, പാണ്ഡിത്യം, ക്വുർആനിലും സുന്നത്തിലുമുള്ള അറിവ്, രോഗശമനം, ഇഹത്തിലും പരത്തിലും ഉണ്ടായേക്കാവുന്ന പരീക്ഷണങ്ങളിൽനിന്നും ശിക്ഷകളിൽനിന്നും ഉള്ള കാവൽ പോലെ താൻ തേടുന്ന കാര്യങ്ങൾ സാധാരണ നിലയിൽ സൃഷ്ടികളുടെ കൈക്ക് നടക്കുന്നതല്ലെങ്കിൽ അത് അല്ലാഹുവിനോട് മാത്രം ചോദിക്കുക. കരകൗശല വിദ്യകളും ജോലിവേലകളും ചെയ്യുന്നവർ ഭരണകർത്താക്കൾ എന്നിവരുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ പോലെ സാധാരണനിലയിൽ സൃഷ്ടികളുടെ കൈക്ക് അല്ലാഹു നടത്തുന്ന കാര്യങ്ങളാണ് താൻ തേടുന്നതെങ്കിൽ അവരുടെ ഹൃദയങ്ങളിൽ തന്നോടുള്ള അനുകമ്പ ജനിപ്പിക്കാൻ അല്ലാഹുവിനോട് പ്രാർഥിക്കണം.' അങ്ങനെ അദ്ദേഹം ഇത്രവരെ പറഞ്ഞു:'സൃഷ്ടികളോട് ചോദിക്കുന്നതും അവരെ അവലംബിക്കുന്നതും അധിക്ഷേപാർഹമായ നടപടിയാണ്. വേദങ്ങളിൽ അല്ലാഹുവിനെ ഉദ്ധരിച്ചുകൊണ്ട് ഇപ്രകാരം പറയപ്പെട്ടിരിക്കുന്നു: അവൻ തന്റെ ഹൃദയവികാരങ്ങളുമായി അവരവരുടെ കവാടങ്ങൾ മുട്ടുകയാണോ, എന്റെ കവാടങ്ങൾ മലർക്കെ തുറന്നുകിടന്നിട്ടും ഞാൻ എല്ലാറ്റിനും കഴിവുറ്റ രാജാധിരാജനായിരിക്കെ വിപൽഘട്ടങ്ങളിൽ മറ്റുള്ളവരിലാണോ അവൻ പ്രതീക്ഷയർപിക്കുന്നത്? ഇതരരിൽ പ്രതീക്ഷയർപിച്ചവനെ ഞാൻ നിന്ദ്യതയുടെ മേലാടയണിക്കും തീർച്ച.'

എസ്.എ ഐദീദ് തങ്ങൾ
aydeed41@gmail.com

ലേഖനം

മഹാന്മാരോട് പ്രാർഥിക്കരുതെന്നോ?

ആ മുസ്‌ലിം സ്ത്രീയുടെ വീടിന്റെ ഹാളിൽ വെച്ച ടി.വിയുടെ മുകളിലേക്ക് വിശ്വാസം വരാതെ വീണ്ടും വീണ്ടും ഞങ്ങൾ നോക്കി. ഓടക്കുഴലൂതി നിൽക്കുന്ന സാക്ഷാൽ ശ്രീകൃഷ്ണന്റെ പ്രതിമയായിരുന്നു ടി.വിക്ക് മുകളിൽ പ്രതിഷ്ഠിച്ചിരുന്നത്!

ആ കാഴ്ച കണ്ട് അത്ഭുതം കൂറിയിരിക്കുന്ന ഞങ്ങളുടെ മുന്നിലേക്ക് വന്നുകൊണ്ട് ആ സ്ത്രീ ചോദിച്ചു.

"കുടിക്കാൻ വല്ലതും എടുക്കട്ടെ?"

നല്ല ചൂടുള്ള ചായ കിട്ടിയാൽ കൊള്ളാമെന്ന് മനസ്സിലുണ്ടായിരുന്നെങ്കിലും വേണ്ടെന്ന് പറഞ്ഞു.

"അല്ല, എന്തായിത്? നിങ്ങൾ ഒരു മുസ്‌ലിം സ്ത്രീയല്ലെ? പ്രതിമ വെക്കുവാൻ ഇസ്‌ലാം അനുവദിക്കുന്നില്ലെന്നറിയില്ലേ? അത് തെറ്റാണെന്ന് ഇത് വരെ നിങ്ങൾക്ക് മനസ്സിലായിട്ടില്ലേ?"

"ഓ... അതോ... അത്... എന്റെ ഭർത്താവ് ആദ്യം ഹിന്ദുമതത്തിലായിരുന്നു. ഞങ്ങൾ പ്രേമിച്ച് വിവാഹം കഴിച്ചതാണ്. എന്നെ വിവാഹം കഴിക്കാൻ വേണ്ടി മൂപ്പർ മുസ്‌ലിമായതാണ്. അദ്ദേഹം മുസ്‌ലിമായെങ്കിലും പഴയ വിശ്വാസം മുഴുവനായും ഒഴിവാക്കിയിട്ടില്ല. ഞാൻ അതിനൊന്നും തടസ്സം നിൽക്കാറില്ല. നിന്നിട്ട് കാര്യവുമില്ല!"

"ശരി, ഭർത്താവിന്റെ കാര്യം അവിടെ നിൽക്കട്ടെ. ചുമരിൽ അജ്മീർ ദർഗയുടെ ഫോട്ടോയും കാണുന്നുണ്ടല്ലോ. അതിന്റെ ലക്ഷ്യമെന്താണ്?"

ഈ ചോദ്യത്തിനു മുന്നിൽ അവർ അൽപസമയം ഉത്തരമില്ലാതെ ഉഴറി.

"...അത്...ഒരിക്കൽ അവിടെ നേരിൽ പോയിട്ടുണ്ട്. ഇത് വീട്ടിലുണ്ടെങ്കിൽ ഐശ്വര്യമുണ്ടാകും. ശൈഖിന്റെ പൊരുത്തം കിട്ടും..."

ഇവരുടെ ഈ വിശ്വാസത്തെ പെട്ടെന്നൊന്നും തിരുത്താൻ കഴിയില്ലെന്ന് അപ്പോൾ തോന്നിയെങ്കിലും വന്ന സ്ഥിതിക്ക് എന്തെങ്കിലും കുറച്ച് കാര്യങ്ങൾ അവരെ പറഞ്ഞ് മനസ്സിലാക്കിക്കൊടുത്തില്ലെങ്കിൽ നാളെ അല്ലാഹുവിന്റെ കോടതിയിൽ ഈ സ്ത്രീ നമുക്കെതിരായി സാക്ഷിപറഞ്ഞാലോ എന്നോർത്ത് അൽപ സമയം സംസാരിക്കാൻ തീരുമാനിച്ചു.

ആദ്യം കുടുംബ പശ്ചാത്തലവും വിശേഷവും ചോദിച്ചറിഞ്ഞു. ശേഷം ഞാൻ ചോദിച്ചു:

"നിങ്ങളുടെ പിതാവ് ഇപ്പോൾ ജീവിച്ചിരിപ്പില്ലെന്ന് പറഞ്ഞല്ലോ. അദ്ദേഹം രോഗാവസ്ഥയിൽ കുറെ നാൾ കിടന്നിട്ടാണ് മരണപ്പെട്ടത്."

"അതെ, ഞാൻ പറഞ്ഞല്ലോ. കുറെ നാൾ കിടപ്പിലായിരുന്നു."

"ശരി ഞാൻ ചോദിക്കട്ടെ, അദ്ദേഹം മരണപ്പെട്ടു എന്ന് നിങ്ങൾക്ക് ഉറപ്പായത് എപ്പോഴാണ്?"

"അങ്ങനെ ചോദിച്ചാൽ..."

"ഞാൻ തന്നെ പറയാം. അദ്ദേഹത്തിന്റെ ശ്വാസം നിലച്ചു എന്ന് ഉറപ്പായപ്പോൾ. ഡോക്ടർ ഇക്കാര്യം സ്ഥിരീകരിച്ചപ്പോൾ! എന്നാൽ അതിനു ശേഷവും അദ്ദേഹത്തിന്റെ കാലോ, കയ്യോ അനങ്ങുന്നത് കണ്ടാൽ പിന്നെ ആരെങ്കിലും പറയുമോ അദ്ദേഹം മരിച്ചു എന്ന്? അദ്ദേഹം മരിച്ചിട്ടില്ല, ജീവൻ ശരീരത്തിൽ ബാക്കിയുണ്ട് എന്നല്ലേ നാം ക

രുതുക? ഈ അവസ്ഥയിൽ കിടക്കുന്ന (ചലനം നിലയ്ക്കാത്ത) വ്യക്തി മരിച്ചുപോയിരിക്കുന്നു, വേഗം മറവുചെയ്യാനുള്ള സംവിധനങ്ങൾ ഒരുക്കിക്കോളൂ എന്ന് വല്ലവനും നിങ്ങളോട് പറഞ്ഞാൽ നിങ്ങളത് അംഗീകരിക്കുമോ?"

"നിങ്ങൾ എന്താണ് പറയുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല."

"മനസ്സിലാക്കിത്തരാം. നിങ്ങൾ ചിന്തിച്ചു നോക്കുക. അജ്മീർ ഖാജയും മുഹ്യുദ്ദീൻ ശൈഖും ബദ്രീങ്ങളും മമ്പുറം തങ്ങളും എല്ലാം ഇതേപോലെ തന്നെ മരണപ്പെട്ടവരാണ്. കേൾവി, കാഴ്ച, സംസാരം, നടത്തം, ശ്വാസോച്ഛ്വാസം, ഹൃദയമിടിപ്പ് എന്നിവയെല്ലാം ജീവിതത്തിലായിരിക്കുമ്പോൾ അവർക്കും ഉണ്ടായിരുന്നു. അതെല്ലാം നഷ്ടപ്പെട്ടപ്പോൾ അവർ മരണപ്പെട്ടവരായി. അവരെ ക്വബ്റിൽ കൊണ്ടുപോയി കിടത്തി മണ്ണിട്ടു മൂടി. എന്നിട്ട് ഇപ്പോഴിതാ അവരെ വിളിച്ച് തേടിക്കൊണ്ടിരിക്കുന്നു; അവർക്ക് നിങ്ങളുടെ വിളി കേൾക്കാനും ഉത്തരം ചെയ്യാനും കഴിവുണ്ടെന്ന വിശ്വാസത്തോടെ! ക്വബ്റിൽ മണ്ണിട്ട് മൂടിക്കഴിഞ്ഞാൽ ജീവിതവും സകല കഴിവുകളും അവർക്ക് തിരിച്ചു കിട്ടുമെന്ന് നിങ്ങളോടാരാണ് പറഞ്ഞത്?"

"ക്വുർആനിൽ അതൊക്കെ പറയുന്നുണ്ടെന്നാണല്ലോ ഉസ്താദുമാർ പറയുന്നത്..."

"സഹോദരീ, ക്വുർആനിൽ അങ്ങനെ ചെയ്യരുതെന്നാണ് പറഞ്ഞിട്ടുള്ളത്."

"അങ്ങനെയോ?" അവർ വിസ്മയം പൂണ്ടു.

"അതെ, അങ്ങനെത്തന്നെ. മരിച്ചവർ കേൾക്കുകയില്ല, കേൾക്കുമെന്ന് സങ്കൽപിച്ചാൽ തന്നെ നിങ്ങൾക്ക് അവർ ഉത്തരം നൽകുകയില്ല എന്ന് ക്വുർആനിലൂടെ അല്ലാഹു വ്യക്തമായി പറയുന്നുണ്ട്. ഉസ്താദുമാർ പറയുന്നതിനെക്കാൾ അല്ലാഹു പറയുന്നതിന് നാം വിലനൽകേണ്ടതില്ലേ? അതിനാൽ ഇനിയെങ്കിലും ഇത്തരം വിശ്വാസങ്ങൾ നിങ്ങൾ വെച്ചുപുലർത്താതിരിക്കുക. പ്രതിമയും ദർഗയുടെ ചിത്രവും എടുത്ത് മാറ്റുക. ഭർത്താവിനെ കാര്യം പറഞ്ഞ് മനസ്സിലാക്കിക്കൊടുക്കുക. പഴയ മതത്തിലാണെങ്കിൽ അദ്ദേഹത്തിന് പ്രതിമയെ ആരാധിക്കാം. എന്നാൽ ഏകദൈവവിശ്വാസം അടിത്തറയായുള്ള ഇസ്ലാമിൽ അത് നിഷിദ്ധമാണ് എന്ന അറിവ് അദ്ദേഹത്തിന് ഇല്ലായിരിക്കാം."

"അപ്പോൾ മരണപ്പെട്ട മഹാൻമാരോട് സഹായം തേടുന്നത് വിഗ്രഹാരാധനപോലെയാണോ?"

"തീർച്ചയായും. മുഹമ്മദ് നബിﷺയോട് പ്രാർഥിച്ചാലും അത് അല്ലാഹുവിൽ പങ്കുചേർക്കലാണ്. നാളെ ശാശ്വതമായ ഒരു പരലോക ജീവിതം നമുക്ക് വരാനിരിക്കുന്നു. അവിടെ നമ്മെയെല്ലാ ഒറ്റയ്ക്കൊറ്റക്ക് വിചാരണക്ക് കൊണ്ടുവരും. അന്ന് ഈ വഴിതെറ്റിക്കുന്നവരൊന്നും നിങ്ങളുടെ സഹായത്തിനുണ്ടാവില്ല. അല്ലാഹുവിനോട് പങ്കുചേർക്കലാണ് മരണപ്പെട്ടവരോട് പ്രാർഥിക്കുക വഴി നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്. നിങ്ങൾ ക്ഷേത്രത്തിൽ പോകാറുണ്ടോ?"

"ഇല്ല, ഞാൻ മുസ്ലിമാണല്ലോ."

"മുസ്ലിമിന്റെ പ്രഥമവും പ്രധാനവുമായ കടമ അവനെ മാത്രം ആരാധിക്കുക, അവനോട് മാത്രം പ്രാർഥിക്കുക എന്നതാണ്. മുഹമ്മദ് നബിﷺയുടെ ചര്യകൾ പിൻപറ്റുകയും വേണം."

"അല്ലാഹുവിനോട് പ്രാർഥിക്കാറൊക്കെയുണ്ട്. എന്നാലും ഔലിയാക്കളൊക്കെ അല്ലാഹു കഴിവ് കൊടുത്ത മഹാന്മാരല്ലേ..."

"മുഹമ്മദ് നബിﷺയെക്കാളും വലിയ മഹാന്മാരല്ലല്ലോ ഇവരാരും. എന്നിട്ടും മുഹമ്മദ് നബിയോട് തേടാൻ ഇസ്ലാം പഠിപ്പിക്കുന്നില്ല. അങ്ങനെ ചെയ്താൽ തെറ്റു തന്നെയാണ്. ഈ ലോകം മുഴുവനും സൃഷ്ടിച്ച് പരിപാലിക്കുന്നവനാണ് അല്ലാഹു. അവൻ എന്നെന്നും ജീവിച്ചിരിക്കുന്നവനാണ്. നമ്മോട് ഏറ്റവും സമീപസ്ഥനുമാണ്. എന്നോട് പ്രാർഥിച്ചാൽ ഉത്തരം നൽകാം എന്നാണവൻ പരിശുദ്ധ ക്വുർആനിലൂടെ നമ്മോട് പറയുന്നത്. ജീവിപ്പിക്കുന്നവനും മരിപ്പിക്കുന്നവനും രോഗം നൽകുന്നവനും അത് സുഖപ്പെടുത്തുന്നവനും അവൻ മാത്രമായിരിക്കെ അവനോടല്ലേ നാം പ്രാർഥിക്കേണ്ടത്. അവനോടല്ലേ കുട്ടിയുണ്ടാവാൻ പ്രാർഥിക്കേണ്ടത്?"

"ഇങ്ങനെയൊക്കെ ചോദിച്ചാൽ...ശരി തന്നെ."

"ഞങ്ങൾ ദൂരദിക്കിൽനിന്നും ഇവിടെ വന്നത് ബാധ്യതാനിർവഹണത്തിനാണ്. അല്ലാഹുവിന്റെ മുമ്പിൽ കുറ്റക്കാരാകാതിരിക്കാൻ. ഞങ്ങൾ പറഞ്ഞത് സ്വീകരിക്കാനും തള്ളിക്കളയാനുമുള്ള സ്വാതന്ത്ര്യം നിങ്ങൾക്കുണ്ട്. അൽപം കാര്യങ്ങൾ പറഞ്ഞുപോയി. ഇഷ്ടമായില്ലെങ്കിൽ ക്ഷമിക്കണം. ഞങ്ങൾ പോകുന്നു" ഞങ്ങൾ പോകാൻ എഴുന്നേറ്റു.

പെട്ടെന്ന് ഞങ്ങളെ അമ്പരിപ്പിച്ചുകൊണ്ട് ആ സ്ത്രീ ഉടനെ ടി.വിയുടെ മുകളിൽ നിന്ന് പ്രതിമയും ചുമരിൽനിന്ന് ദർഗയുടെ ഫോട്ടോയും എടുത്തുമാറ്റി! എന്നിട്ടു പറഞ്ഞു: "നിങ്ങൾ പറഞ്ഞ കാര്യങ്ങളിൽ കഴമ്പുള്ളതായി തോന്നുന്നു. തെറ്റുകൾ മനസ്സിലാക്കിത്തന്നതിന് നന്ദി. കൂടുതലൊന്നും മതപരമായി പഠിക്കാൻ കഴിഞ്ഞിട്ടില്ല. എനിക്കറിവുള്ള പോലെ ഞാനദ്ദേഹത്തെ പറഞ്ഞു മനസ്സിലാക്കിപ്പിക്കാം..."

കൂടുതൽ ഉൾക്കാഴ്ച ലഭിക്കുന്ന ലഘുലേഖയും സി.ഡികളും കൊടുത്ത് ഞങ്ങൾ അവിടെ നിന്ന് പടിയിറങ്ങുമ്പോൾ വല്ലാത്തൊരു സംതൃപ്തി മനസ്സിൽ നിറഞ്ഞു നിന്നിരുന്നു.

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

മൂസാനബി(അ): 25

ചരിത്രപഥം

അക്ഷമയും വേർപാടും

"അനന്തരം അവർ ഇരുവരും പോയി. അങ്ങനെ അവർ ഇരുവരും ഒരു രാജ്യക്കാരുടെ അടുക്കൽ ചെന്നപ്പോൾ ആ രാജ്യക്കാരോട് അവർ ഭക്ഷണം ആവശ്യപ്പെട്ടു. എന്നാൽ ഇവരെ സൽകരിക്കുവാൻ അവർ വൈമനസ്യം കാണിക്കുകയാണ് ചെയ്തത്. അപ്പോൾ പൊളിഞ്ഞുവീഴാൻ ഉദ്ദേശിക്കുന്ന ഒരു മതിൽ അവർ അവിടെ കണ്ടെത്തി. ഉടനെ അദ്ദേഹം അത് നേരെയാക്കി. മൂസാ പറഞ്ഞു: താങ്കൾ ഉദ്ദേശിച്ചിരുന്നെങ്കിൽ അതിന്റെ പേരിൽ താങ്കൾക്ക് വല്ല പ്രതിഫലവും വാങ്ങാമായിരുന്നു" (ക്വുർആൻ 18:77).

മൂന്നാമത്തെ സംഭവമാണിത്. മൂസാനബിﷺയും ഖദിർﷺയും നടന്ന് ഒരു അന്യനാട്ടിലെത്തി. അവർ ആ നാട്ടുകാരോട് ഭക്ഷണം ആവശ്യപ്പെട്ടു.

(അതിഥിയെ സൽകരിക്കൽ ഇസ്ലാം പ്രോൽസാഹിപ്പിക്കുന്ന ഒരു പുണ്യകർമമാണ്. വന്നയാളെ മൂന്ന് ദിവസം അതിഥിയായി പരിഗണിക്കുകയും സൽകരിക്കുകയും ചെയ്യൽ ഇസ്ലാം പഠിപ്പിച്ചിട്ടുള്ള ആതിഥ്യ മര്യാദയിൽ പെട്ടതാണ്. ആ മൂന്ന് ദിവസത്തിനിടയിൽ നിങ്ങൾ എന്തിന് വന്നു എന്ന് പോലും ചോദിക്കാൻ അവകാശമില്ല. ആ മൂന്ന് ദിവസം അയാളുടെ അ

വകാശവും ശേഷമുള്ളത് ആതിഥേയർ നൽകുന്ന ധർമവുമാകുന്നു എന്നാണ് നബിﷺ നമ്മെ പഠിപ്പിച്ചിരിക്കുന്നത്. അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വാസമുള്ളവർ അവരുടെ അതിഥികളെ ആദരിക്കട്ടെ എന്ന് നബിﷺ അരുളിയിട്ടുമുണ്ട്).

രണ്ടുപേരെയും ആ നാട്ടിലുള്ളവർ അതിഥികളായി പരിഗണിച്ചില്ല. ചോദിച്ചിട്ടും ഭക്ഷണം നൽകിയില്ല. അങ്ങനെ അവർ അവിടെ നിന്നും തിരിഞ്ഞു നടക്കുമ്പോഴാണ് തകർന്നു വീഴാറായ ഒരു മതിൽ കാണുന്നത്.

ക്വുർആൻ അതിനെക്കുറിച്ച് പറഞ്ഞത് 'അപ്പോൾ പൊളിഞ്ഞുവീഴാൻ ഉദ്ദേശിക്കുന്ന ഒരു മതിൽ അവർ അവിടെ കണ്ടെത്തി' എന്നാണ്. മതിൽ 'ഉദ്ദേശിച്ചു' എന്നാണ് പ്രയോഗം. ആലങ്കാരികമെന്നോ, ഭാഷയിലെ ഒരു പ്രയോഗമാണെന്നോ അതിനെപ്പറ്റി നാം പറയേണ്ടതില്ല. കാരണം, ക്വുർആൻ പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളും അല്ലാഹുവിനെ പ്രകീർത്തിക്കുന്നുണ്ടെന്ന് പറഞ്ഞിട്ടുണ്ട്. അത് എങ്ങനെയാണെന്ന് നമുക്ക് അറിയുകയുമില്ല. ഉഹ്ദ് മലയെപ്പറ്റി 'ഈ പർവതം നമ്മെ സ്നേഹിക്കുന്നു, നാം അതിനെയും സ്നേഹിക്കുന്നു' എന്ന് അവിടുന്ന് പറയുകയുണ്ടായി. അപ്പോൾ മലയുടെ സ്നേഹം എങ്ങനെയാണ് എന്ന് നമുക്ക് അറിയില്ല. നാം അതിനെക്കുറിച്ച് കൂടുതൽ ചിന്തിക്കേണ്ടതില്ല. ഇതുപോലെ വേറെയും സംഭവങ്ങൾ ഹദീഥിൽ കാണുവാൻ സാധിക്കും. വിസ്താരഭയത്താൽ അതിലേക്ക് കടക്കുന്നില്ല.

ആ മതിൽ കണ്ട ഖദിർﷺ അതിനെ ശരിപ്പെടുത്തി. അത് എങ്ങനെയാണ് ചെയ്തതെന്ന് ക്വുർആൻ നമുക്ക് അറിയിച്ച് തന്നിട്ടില്ല. ചിലപ്പോൾ തന്റെ കൈകൊണ്ട് അതിനെ നിവർത്തിയതാകാം. അല്ലെങ്കിൽ അതിന്റെ കേടുപാടുകൾ തീർത്ത് ശരിയാക്കിയതും ആകാം. ഏതായാലും ഖദിർﷺ അത് ശരിപ്പെടുത്തി. ഇത് കണ്ടപ്പോൾ മൂസാﷺ ചോദിച്ചു: 'ഭക്ഷണം ചോദിച്ചപ്പോൾ നൽകാത്ത ഈ നാട്ടുകാരുടെ ഒരു മതിൽ വീഴാറായത് കണ്ടപ്പോൾ ഒരു കൂലിയും വാങ്ങാതെ നിങ്ങൾ ശരിപ്പെടുത്തിയതെന്തിനാണ്? നിങ്ങൾ ഉദ്ദേശിച്ചിരുന്നെങ്കിൽ നിങ്ങൾക്ക് അവരിൽ നിന്ന് അതിനുള്ള കൂലിയെങ്കിലും വാങ്ങായിരുന്നു.' വളരെ ശ്രദ്ധിച്ച് ആദരവോടെയാണ് മൂസാﷺ ചോദിച്ചത്.

ഇനി ഒന്നും ചോദിക്കില്ലെന്നും ചോദിച്ചാൽ തന്നെ കൂടെ കൂട്ടേണ്ടതില്ലെന്നും മൂസാﷺ ഖദിർﷺന് വാക്ക് നൽകിയതാണല്ലോ. ഖദിർﷺ പറഞ്ഞു:

"അദ്ദേഹം പറഞ്ഞു: ഇത് ഞാനും താങ്കളും തമ്മിലുള്ള വേർപാടാകുന്നു. ഏതൊരു കാര്യത്തിന്റെ പേരിൽ താങ്കൾക്ക് ക്ഷമിക്കാൻ കഴിയാതിരുന്നുവോ അതിന്റെ പൊരുൾ ഞാൻ താങ്കൾക്ക് അറിയിച്ച് തരാം" (ക്വുർആൻ 18:78).

'ഇനി നമുക്ക് ഒരുമിച്ച് മുന്നോട്ട് പോകാൻ കഴിയില്ല. നമുക്ക് ഇവിടെ വെച്ച് വേർപിരിയാം. യാത്രക്കിടയിൽ നിങ്ങൾക്ക് അസഹ്യമായ ചില സംഭവങ്ങൾ ഉണ്ടായല്ലോ. അവയുടെ പൊരുളെന്തെന്ന് ഞാൻ വിശദീകരിച്ചുതരാം' എന്ന് മൂസാനബിﷺയോട് ഖദിർﷺ പറഞ്ഞു. ഈ സംഭവം പറഞ്ഞു തരുന്ന നബിﷺ പറയുകയാണ്:

"അവരുടെ രണ്ടുപേരുടെയും കഥകൾ അല്ലാഹു നമുക്ക് കൂടുതൽ പറഞ്ഞു തരുന്നതുവരെ മൂസാﷺ (കുറച്ച് കൂടി) ക്ഷമിച്ചിരുന്നെങ്കിൽ എന്ന് നാം കൊതിച്ചുപോയി."

ശേഷം, ഖദിർﷺ മൂസാനബിﷺക്ക് ഓരോ സംഭവത്തെ കുറിച്ചും വിവരിച്ച് കൊടുക്കാൻ തുടങ്ങി:

"എന്നാൽ ആ കപ്പൽ കടലിൽ ജോലിചെയ്യുന്ന ഏതാനും ദരിദ്രന്മാരുടെതായിരുന്നു. അതിനാൽ ഞാനത് കേടുവരുത്തണമെന്ന് ഉദ്ദേശിച്ചു. (കാരണം) അവരുടെ പുറകെ എല്ലാ (നല്ല) കപ്പലും ബലാൽക്കാരമായി പിടിച്ചെടുക്കുന്ന ഒരു രാജാവുണ്ടായിരുന്നു" (ക്വുർആൻ 18:79).

ആദ്യ സംഭവം കപ്പലിന്റെ പലക മാറ്റിയതായിരുന്നുവല്ലോ. അതിന്റെ കാരണം മൂസാനബിﷺക്ക് ഖദിർﷺ വിവരിച്ചുകൊടുത്തു.

ആ കപ്പൽ പാവങ്ങളുടെതായിരുന്നു എന്ന് പറഞ്ഞല്ലോ. ഇവിടെ സ്വാഭാവികമായും നമുക്ക് ഒരു സംശയം വന്നേക്കാം; കപ്പലിന്റെ ഉടമസ്ഥരായവർ എങ്ങനെയാണ് പാവങ്ങളാവുക? ആ കപ്പലിന്റെ ആളുകളെക്കുറിച്ച് അല്ലാഹു തുടർന്ന് പറയുന്നത് അവർ സമുദ്രത്തിൽ ജോലി ചെയ്യുന്നവരാണ് എന്നാണല്ലോ. ആളുകളെ കയറ്റിയോ, മത്സ്യബന്ധനം നടത്തിയോ ഒക്കെ ജീവിതമാർഗം തേടുന്നവരാണ് അവർ എന്നർഥം.

'പാവങ്ങൾ' എന്ന അർഥത്തിൽ ക്വുർആൻ 'മിസ്കീൻ' എന്നും 'ഫക്വീർ' എന്നും പ്രയോഗിച്ചിട്ടുണ്ട്. രണ്ടിന്റെയും ഉദ്ദേശ്യത്തിൽ വ്യത്യസ്തത കാണാനും കഴിയും. രണ്ടും ഒരേ സ്ഥലത്ത് വന്ന വചനമാണ് താഴെ കൊടുക്കുന്നത്:

"ദാനധർമങ്ങൾ (നൽകേണ്ടത്) ദരിദ്രന്മാർക്കും അഗതികൾക്കും... (ലിൽ

ഫുഖറാഇ വൽ മസാകീൻ)" (ഖുർആൻ 9:60).

ഈ രണ്ട് വിഭാഗക്കാരിൽ സകാത്തിന് ഏറ്റവും അർഹർ മിസ്കീനുകളെക്കാൾ ഫഖീറുമാരാകുന്നു എന്ന് മനസ്സിലാക്കാം.

'ഫഖീർ' എന്ന് പറഞ്ഞാൽ ഒന്നുമില്ലാത്തവരാണ്. ഖുർആൻ പറയുന്നു:

"സ്വന്തം വീടുകളിൽ നിന്നും സ്വത്തുക്കളിൽ നിന്നും കുടിയൊഴിപ്പിക്കപ്പെട്ട മുഹാജിറുകളായ ദരിദ്രന്മാർക്ക് (അവകാശപ്പെട്ടതാകുന്നു ആ ധനം)" (ഖുർആൻ 59:8).

മുഹാജിറുകളിലെ ഫഖീറുമാരെ കുറിച്ചാണ് ഈ വചനത്തിൽ പരാമർശിക്കുന്നത്. അവർ വീടും പറമ്പുമില്ലാത്ത, കടുത്ത ദരിദ്രന്മാരാണ്. ഇപ്രകാരം പ്രയാസം അനുഭവിച്ച് ജീവിക്കുന്നവരാണ് യഥാർഥ ഫഖീറുമാർ. ഇവരാണ് സകാത്തിന്റെ അവകാശികളിൽ ഒരു വിഭാഗം. രണ്ടാമത് പറഞ്ഞത് മിസ്കീൻമാരെ പറ്റിയാണല്ലോ. എന്താണ് അവരുടെ പ്രത്യേകത? അവർക്ക് പേരിന് ജോലിയും വരുമാനവുമെല്ലാം ഉണ്ടാകും. എന്നാൽ ജീവിതായോധനത്തിന് മതിയായ വരുമാനമുണ്ടാകില്ല. ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ കഴിയാത്തവരായിരിക്കും അവർ. തങ്ങളുടെ ഇല്ലായ്മ അവർ ആരെയും അറിയിക്കുകയുമില്ല. അവർക്കും സകാത്തിൽ നിന്ന് നൽകണം എന്നാണ് ഖുർആൻ കൽപിക്കുന്നത്.

ഖദിർ(അ) കേട് വരുത്തിയ കപ്പലിന്റെ അവകാശികൾ മിസ്കീന്മാരാണ് എന്നാണല്ലോ ഖുർആൻ പറഞ്ഞത്. അഥവാ അവർ കപ്പലിന്റെ ഉടമകൾ തന്നെയാണ്. എന്നാൽ അത് മുഖേന ധന്യരാകാൻ അവർക്ക് സാധിച്ചിട്ടില്ല. ജീവിതം മുന്നോട്ട് നയിക്കുവാൻ പ്രയാസമനുഭവിക്കുന്നരാണ് അവർ.

ഈ പാവങ്ങളുടെ പിന്നിൽ ഒരു ദുഷ്ടനായ രാജാവ് വരുന്നുണ്ട്. അയാൾ നല്ല കപ്പലുകളെല്ലാം അയാളുടെ പട്ടാളത്തിന്റെ സഹായത്തോടെ പിടിച്ചെടുക്കുന്നവനാണ്. ആ രാജാവ് ഈ കപ്പലിന്റെ അരികിലൂടെ വരുമ്പോൾ കാണുക അതിന് ന്യൂനതയുള്ളതായിട്ടാണ്. അതിനാൽ ഈ പാവങ്ങളുടെ കപ്പൽ അയാൾ പിടിച്ചെടുക്കില്ല. രാജാവ് അവരെ വിട്ടുകടന്നാൽ ആ പലക പൂർവ സ്ഥിതിയിൽ വെച്ച് ശരിപ്പെടുത്തുകയും ചെയ്യാമല്ലോ. അപ്രകാരം ഖദിർ(അ) പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്.

സഈദ് ബ്നു ജുബയ്ർ(റ) പറഞ്ഞു: ഇബ്നു അബ്ബാസ് (ഇപ്രകാരം) ഓതാറുണ്ടായിരുന്നു: "അവരുടെ മുന്നിൽ (അമാമഹും) എല്ലാ നല്ല കപ്പലും ബലാൽക്കാരമായി പിടിച്ചെടുക്കുന്ന ഒരു രാജാവുണ്ടായിരുന്നു." നേരത്തെ നാം കണ്ടത് 'വറാഅഹും' (അവരുടെ പിന്നിൽ) എന്നാണ്. രണ്ട് രൂപത്തിലും പാരായണം ഉണ്ട്. ഇവിടെ രണ്ടിന്റെയും ഉദ്ദേശം ഒന്നാണെന്ന് മുഫസ്സിറുകൾ വിവരിച്ചിതായി കാണാം. ഖുർആനിൽ ഈ നിലയ്ക്കുള്ള പ്രയോഗം കാണാവുന്നതാണ്.

അവരുടെ യാത്രയിലെ രണ്ടാമത്തെ സംഭവത്തിന്റെ വിശദീകരണം ഖദിർ(അ) മൂസാനബി(അ)ക്ക് നൽകുന്നത് കാണുക:

"എന്നാൽ ആ ബാലനാകട്ടെ അവന്റെ മാതാപിതാക്കൾ സത്യവിശ്വാസികളായിരുന്നു. എന്നാൽ അവൻ അവരെ അതിക്രമത്തിനും അവിശ്വാസത്തിനും നിർബന്ധിതരാക്കിത്തീർക്കുമെന്ന് നാം ഭയപ്പെട്ടു. അതിനാൽ അവർക്ക് അവരുടെ രക്ഷിതാവ് അവനെക്കാൾ സ്വഭാവശുദ്ധിയിൽ മെച്ചപ്പെട്ടവനും കാരുണ്യത്താൽ കൂടുതൽ അടുപ്പമുള്ളവനുമായ ഒരു സന്താനത്തെ പകരം നൽകണം എന്നു നാം ആഗ്രഹിച്ചു" (ഖുർആൻ 18:81).

ആ കുട്ടിയുടെ മാതാപിതാക്കൾ വിശ്വാസികളായിരുന്നു; കുട്ടിയാകട്ടെ അവിശ്വാസിയും. ഇബ്നു അബ്ബാസ്(റ)വിന്റെ ഖിറാഅത്ത് കുട്ടി അവിശ്വാസിയായിരുന്നു എന്നതിന് ബലം നൽകുന്നുമുണ്ട്.

അദ്ദേഹം ഇപ്രകാരം പാരായണം ചെയ്യാറുണ്ടായിരുന്നു: "എന്നാൽ ആ ബാലനാകട്ടെ, അവൻ അവിശ്വാസിയും അവന്റെ മാതാപിതാക്കൾ സത്യവിശ്വാസികളുമായിരുന്നു."

ഈ മാതാപിതാക്കൾക്ക് അവൻ പ്രയാസം ഉണ്ടാക്കുമെന്ന് ഭയപ്പെട്ടതിനാലാണ് നാം അവനെ കൊന്നു കളഞ്ഞത്. അങ്ങനെ പേടിക്കാനുള്ള കാരണം,

അവർ ഇരുവരും അവനെ അങ്ങേയറ്റം സ്നേഹിക്കുന്നവരും അവൻ എന്ത് പറഞ്ഞാലും ചെയ്ത് കൊടുക്കുന്നവരായിരുന്നു. അപ്പോൾ അവൻ വളർന്ന് വലുതായാൽ അവൻ അവരോട് അവിശ്വാസികാളാകാൻ കൽപിച്ചാൽ അതും അവർ അനുസരിക്കാൻ സാധ്യതയുണ്ട്. അങ്ങനെ അവർ അവിശ്വാസം സ്വീകരിച്ചാൽ അവരുടെ പരലോകം നഷ്ടമാകുമല്ലോ. അതിനാലാണ് നാം അവനെ കൊന്നത്. കുട്ടിയെ കൊല്ലലും മാതാപിതാക്കൾ സത്യവിശ്വാസം ഒഴിവാക്കി അവിശ്വാസം സ്വീകരിക്കലും പ്രയാസകരമായ കാര്യമാണ്. എന്നാൽ രണ്ടിൽ ഗുരുതരം വിശ്വാസം നഷ്ടപ്പെടുത്തലാണല്ലോ. അപ്പോൾ അല്ലാഹുവിന്റെ നിർദേശപ്രകാരം ആ കുട്ടിയെ അദ്ദേഹം കൊന്നു. ഇനി മൂന്നാമത്തെ സംഭവം.

“ആ മതിലാണെങ്കിലോ, അത് ആ പട്ടണത്തിലെ അനാഥരായ രണ്ട് ബാലന്മാരുടെതായിരുന്നു. അതിനു ചുവട്ടിൽ അവർക്കായുള്ള ഒരു നിധിയുണ്ടായിരുന്നു. അവരുടെ പിതാവ് ഒരു നല്ല മനുഷ്യനായിരുന്നു. അതിനാൽ അവർ ഇരുവരും യൗവനം പ്രാപിക്കുകയും എന്നിട്ടവരുടെ നിധി പുറത്തെടുക്കുകയും ചെയ്യണമെന്ന് താങ്കളുടെ രക്ഷിതാവ് ഉദ്ദേശിച്ചു. താങ്കളുടെ രക്ഷിതാവിന്റെ കാരുണ്യം എന്ന നിലയിലത്രെ അത്. അതൊന്നും എന്റെ അഭിപ്രായ പ്രകാരമല്ല ഞാൻ ചെയ്തത്. താങ്കൾക്ക് ഏത് കാര്യത്തിൽ ക്ഷമിക്കാൻ കഴിയാതിരുന്നുവോ അതിന്റെ പൊരുളാകുന്നു അത്” (ക്വുർആൻ 18:82).

ആ വീഴാറായ മതിൽ, പട്ടണത്തിലെ രണ്ട് അനാഥരായ മക്കളുടെതായിരുന്നു. അത് കേവലം ഒരു മതിലല്ല. അതിന് ഒരു പ്രത്യേകതയുണ്ട്. അതിന് ചുവട്ടിൽ സ്വർണവും വെള്ളിയും അടങ്ങുന്ന നിധി നിക്ഷേപങ്ങൾ ഉണ്ട്.

ഈ മക്കളുടെ പിതാവ് നല്ലൊരു മനുഷ്യനായിരുന്നു. നല്ല മനുഷ്യന്മാരുടെ പാരമ്പര്യത്തിൽ ഉണ്ടായവരാണ് ഈ രണ്ട് മക്കളും. അവരുടെ പിതാവ് എന്ന് പറയുമ്പോൾ; നേരെ പിതാവല്ല. അവരുടെ ഏഴാമത്തെ ഉപ്പാപ്പയാണെന്നും പത്താമത്തെ ഉപ്പാപ്പയാണെന്നും പറയപ്പെടുന്നുണ്ട്. എത്രയോ കാലം മുമ്പ് മരണപ്പെട്ട് പോയ സ്വാലിഹായ മനുഷ്യനാണ് അദ്ദേഹം. എത്രയോ തലമുറകൾക്ക് മുമ്പ് ചെയ്ത ഒരു പ്രവർത്തനത്തിന്റെ നേട്ടമാണ് ഈ രണ്ട് അനാഥ മക്കൾക്ക് ലഭിക്കുന്നത്. അത് അല്ലാഹു അവരിലൂടെ ചെയ്ത ഒരു കാരുണ്യമായിരുന്നു. നാം ചെയ്യുന്ന ഒരു നന്മയുടെ ഗുണം ചിലപ്പോൾ എത്രയോ കാല ശേഷം വരുന്ന മക്കൾക്ക് അനുഭവിക്കാവുന്ന നിലക്ക് അല്ലാഹു കരുണ ചെയ്യാനുള്ള സാധ്യത നാം വിസ്മരിച്ചുകൂടാ.

എന്തിനാണ് ഖദിർ ﷺ മതിൽ നേരെയാക്കിയത്? ആ മതിൽ നിലംപൊത്തിയാൽ, അതിന് താഴെയുള്ള നിധി ശേഖരം ആ നാട്ടുകാർ കാണും. ആ നാട്ടുകാരുടെ സ്വഭാവം എങ്ങനെയാണെന്ന് വിശന്ന് ചെന്ന മൂസാനബി ﷺയും ഖദിർ ﷺയും ഭക്ഷണം ചോദിച്ചപ്പോൾ അവർ സ്വീകരിച്ച സമീപനത്തിൽ നിന്ന് നമുക്ക് മനസ്സിലാക്കാമല്ലോ. ഈ നിധി കൂമ്പാരം കണ്ടാൽ എന്തായിരിക്കും അവരുടെ അവസ്ഥ?! അനാഥ മക്കൾക്ക് അത് ലഭിക്കുമോ? ഒരിക്കലുമില്ല. മക്കൾക്കാകട്ടെ, അവരോട് മല്ലിട്ടും തർക്കിച്ചും അവരുടെ സ്വത്ത് നേടിയെടുക്കാനുള്ള പക്വതയും പ്രായവും ആയിട്ടുമില്ല. ബാലന്മാരാണല്ലോ അവർ. അപ്പോൾ അവർക്ക് പ്രായപൂർത്തിയെത്തിയാൽ അവർക്കത് ലഭിക്കണമെങ്കിൽ ആ മതിൽ തകരാതെ നിൽക്കുകയും വേണം. അങ്ങനെ നിലനിർത്തിയത് അല്ലാഹു അവരോട് കാണിച്ച കാരുണ്യമാണെന്ന് പറയേണ്ടതില്ലല്ലോ.

മൂന്ന് സംഭവത്തിന്റെയും വിശദീകരണം നൽകിയതിന് ശേഷം ഖദിർ ﷺ പറഞ്ഞു; ഞാൻ ഈ കാര്യങ്ങളെല്ലാം ചെയ്തത് എന്റെ സ്വന്തം തീരുമാന പ്രകാരമോ, ഇഷ്ട പ്രകാരമോ അല്ല, അല്ലാഹു എനിക്ക് നൽകിയ നിർദേശ പ്രകാരമാണ് ചെയ്തത്. ഇതാണ് നീ അക്ഷമ കാണിച്ച കാര്യങ്ങളുടെ നിജസ്ഥിതി.

ഇവിടെ ക്വുർആനിലെ ഒരു പ്രയോഗം നാം ശരിക്കും ശ്രദ്ധിക്കേണ്ടതുണ്ട്. പലപ്പോഴും പാരായണത്തിൽ തന്നെ തെറ്റ് വരാൻ സാധ്യതയുള്ള ഒരു ഭാഗമായതിനാൽ ആ പ്രയാഗത്തെ സംബന്ധിച്ച് ചിലത് പറയുകയാണ്.

“അദ്ദേഹം പറഞ്ഞു: ഇത് ഞാനും താങ്കളും തമ്മിലുള്ള വേർപാടാകുന്നു. ഏതൊരു കാര്യത്തിന്റെ പേരിൽ താങ്കൾക്ക് ക്ഷമിക്കാൻ കഴിയാതിരുന്നുവോ (മാലംതസ്തത്വിഅ്) അതിന്റെ ഈ പൊരുൾ ഞാൻ താങ്കൾക്ക് അറിയിച്ച് തരാം” (ക്വുർആൻ 18: 78).

“താങ്കൾക്ക് ഏത് കാര്യത്തിൽ ക്ഷമിക്കാൻ കഴിയാതിരുന്നുവോ (തസ്ത്വിഅ്) അതിന്റെ പൊരുളാകുന്നു അത്” (ക്വുർആൻ 18:82).

ആദ്യവചനത്തിൽ ‘തസ്തത്വിഅ്’ എന്നും രണ്ടാമത്തേതിൽ ‘തസ്ത്വിഅ്’ എന്നുമാണുള്ളത്. അർഥം രണ്ട് പദത്തിനും ഒന്നു തന്നെയാണെങ്കിലും പാരായണ സമയത്ത് നാം ഈ നേരിയ വ്യത്യാസം ശ്രദ്ധിക്കണം.

പി.പി.മമ്മദ്, തിക്കോടി
mail@nerpatham.com

വിമർശനം

തെളിഞ്ഞ മാർഗം

മാനവകുലത്തെ സത്യത്തിന്റെയും ആത്യന്തിക രക്ഷയുടെയും മാർഗം അറിയിക്കാനും അതിലേക്ക് ക്ഷണിക്കാനും സ്വജീവിതത്തിലൂടെ മാതൃകയാകാനും നിയോഗിക്കപ്പെട്ട പ്രവാചകന്മാരിൽ അന്തിമനും സൃഷ്ടികളിൽ ശ്രേഷ്ഠനുമാണല്ലോ മുഹമ്മദ് നബിﷺ. അഭിപ്രായഭിന്നതകളെ കുർആനിലേക്കും സുന്നത്തിലേക്കും മടക്കാൻ നിർദേശിച്ചുകൊണ്ടാണ് അവിടുന്ന് ലോകത്തോട് വിടവാങ്ങിയത്. നിങ്ങളെ ഞാൻ തെളിഞ്ഞ മാർഗത്തിലാണ് വിട്ടേച്ചുപോകുന്നതെന്നും ഉത്തമ നൂറ്റാണ്ട് താനും അനുചരന്മാരും ജീവിച്ച നൂറ്റാണ്ടാണെന്നും പിന്നെ അതിനു ശേഷമുള്ളതും പിന്നെ അതിനെ തുടർന്നുള്ളതും എന്നും നബിﷺ പറഞ്ഞതായി ഹദീഥ് ഗ്രന്ഥങ്ങളിൽ കാണാം. അഥവാ സച്ചരിതരായ മുൻഗാമികൾ ജീവിച്ച മാർഗമാണ് തെളിഞ്ഞ മാർഗം.

ഈ തെളിഞ്ഞ മാർഗത്തിൽ കലർപ്പുണ്ടാക്കുവാൻ അലിﷺവിന്റെ കാലം മുതൽ ഒരു വിഭാഗം ശ്രമമാരംഭിച്ചിട്ടുണ്ട്. അവരാണ് ശിയാക്കൾ. നബിﷺയുടെ അനുയായികളെ അധിക്ഷേപിച്ചും തങ്ങളുടെ ഇമാമുകളെ അല്ലാഹുവോളം ഉയർത്തിപ്പറഞ്ഞും വികലമായ ആശയം പ്രചരിപ്പിച്ച് ശിയാക്കൾ മുന്നേറി. ഏഴാം നൂറ്റാണ്ടോടുകൂടി ശിയാക്കളുടെ വിശ്വാസങ്ങളും ആചാരങ്ങളും അഹ്ലുസ്സുന്നയുടെ ലേബലിൽ പണ്ഡിതവേഷധാരികൾ കേരളത്തിൽ ഇറക്കുമതി ചെയ്തുതുടങ്ങി. അങ്ങനെയാണ് കേരളത്തിൽ ക്വബ്റുകൾ പടുത്തയർത്തപ്പെട്ടതും അവ ആരാധനാകേന്ദ്രങ്ങളായി മാറിയതും.

ഇതിന്റെ പേരിൽ തന്നെയാണ് യഹൂദികളെയും നസ്വാറാക്കളെയും നബിﷺ ശപിച്ചത്. മക്ബറകളിൽ ഇന്ന് ഉറൂസ് എന്ന പേരിൽ എന്താണ് നടക്കുന്നത്? ക്വബ്റിലുള്ളവരാട് പാപമോചനം തേടുന്നു. സന്താനലബ്ധിക്കുവേണ്ടി പ്രാർഥിക്കുന്നു. നഷ്ടപ്പെട്ട വസ്തുക്കൾ തിരിച്ചുകിട്ടാൻ നേർച്ച നേരുന്നു. അവിടെ സുജൂദ് ചെയ്യുന്നു. അവരുടെ പേരിൽ സത്യം ചെയ്യുന്നു. ആനയെ എഴുന്നള്ളിക്കുന്നു. വിശ്വാസികളുടെ പണം വെടിക്കെട്ടുകളായി കത്തിത്തീരുന്നു. ഇതിനെല്ലാം നേതൃത്വം നൽകുന്നതോ പണ്ഡിതന്മാരും.

ഇതിനൊക്കെ പുറമെ ചിലർ 'സ്വലാത്ത് നഗറുകൾ' സംഘടിപ്പിക്കുന്നു. സ്വലാത്തുകൾ എസ്.എം. എസ് ചെയ്തും മറ്റുള്ളവർ ചൊല്ലിയത് പാർസലയച്ചും പണം കുന്നുകൂട്ടുന്നു. മുടിയും പൊടിയും വിറ്റ് സമുദായത്തെ നാണം കെടുത്തുന്നു. ഇതെല്ലാം ആദർശപരമാണെന്ന് പാവപ്പെട്ട ജനങ്ങൾ തെറ്റുധരിക്കുന്നു. ജനനവും മരണവും സമ്പാദ്യ മാർഗമായി മാറ്റുന്നു. മയ്യിത്ത് ക്വബ്റടക്കിയാൽ അല്ലാഹുവിനെയും മലക്കുകളെയും പരിഹസിക്കുന്ന രൂപത്തിൽ ക്വബ്റിലെ ചോദ്യങ്ങൾക്ക് മയ്യിത്തിന് മറുപടി പറഞ്ഞ് കൊടുക്കുന്നു. പരീക്ഷാ ഹാളിലെ ഒരു അധ്യാപകന്റെ വിലപോലും ഇവർ അല്ലാഹുവിന് കൽപിക്കുന്നില്ലേ? ഹദ്ദാദും കുത്തിയും കുത്താതെയുമുള്ള റാതീബും അരങ്ങുതകർക്കുന്നു. പക്ഷിപ്പാട്ടും കുപ്പിപ്പാട്ടുമൊന്നും ഇപ്പോഴും കയ്യൊഴിച്ചിട്ടില്ല. കയ്യൊഴിച്ചത് പലതും പൊടിതട്ടിയെടുക്കുന്നു. ഇതെല്ലാം അടുത്ത കാലത്തുണ്ടായ കൃത്രിമ ദീൻ! അഥവാ പുത്തനാചാരങ്ങളുടെ മതം. ഇതാണ് നബിﷺ അന്ന് പഠിപ്പിച്ച ദീൻ എന്ന് ജനങ്ങൾ വിശ്വസിക്കുകയും ചെയ്യുന്നു. എന്നാൽ മുസ്ലിം ഭൂരിപക്ഷത്തിന് പ്രവാചകനും സ്വഹാബികളും പഠിപ്പിച്ച ദീൻ പുത്തനും! അങ്ങനെയാണ് അവർ പഠിപ്പിക്കപ്പെട്ടത്.

"സത്യവിശ്വാസികളേ, പണ്ഡിതൻമാരിലും പുരോഹിതൻമാരിലും പെട്ട ധാരാളം പേർ ജനങ്ങളുടെ ധനം അന്യായമായി തിന്നുകയും, അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് (അവരെ) തടയുകയും ചെയ്യുന്നു" എന്ന് വിശുദ്ധ കുർആൻ (9:34) പറഞ്ഞത് എത്ര ശരിയാണ്!

ഭൗതിക ജീവിതത്തിന്റെ മാർഗത്തിലുള്ള നെട്ടോട്ടത്തിനിടയിൽ തനിക്ക് മാർഗദർശനം നൽകുന്ന കുർആൻ പഠിക്കാനും അതിന്റെ അന്തസ്സത്ത ഉൾക്കൊള്ളാനും സമയം കാണാത്ത പാമര ജനങ്ങളെ ശിർക്കിലേക്കും വഴികേടിലേക്കും നയിക്കുന്നവരുടെ ഉള്ളിലിരിപ്പ് എന്താണാവോ? പൂർവ സമുദായങ്ങളുടെ ആചാരങ്ങളെ ചാണിന് ചാണായും മുഴത്തിന് മുഴമായും മുസ്ലിം സമുദായം പിന്തുടരുന്ന പ്രവണത കാണുമ്പോൾ നബിﷺയുടെ പ്രവചനം പുലരുന്നതായി ബോധ്യമാകുന്നു.

ഇസ്ലാമിന്റെ സുന്ദര രൂപത്തെ വികൃതമാക്കിക്കൊണ്ട് വന്ന മറ്റൊരു കൂട്ടരാണ് മതരാഷ്ട്ര വാദക്കാർ. പ്രവാചകൻﷺ പഠിപ്പിക്കാത്ത, സലഫുകൾക്ക് പരിചയമില്ലാത്ത 'രാഷ്ട്രീയ ദീനു'മായി വന്ന ഇവർ തങ്ങളുടെ പുതിയ ആദർശ താൽപര്യാനുസരണം മതത്തെയും ആരാധനകളെയും പുനർവ്യാഖ്യാനിക്കുകയാണ് ചെയ്തത്. ഇബ്റാഹീം നബിﷺ നംറൂദിന്റെ അഗ്നികുണ്ഠത്തിൽ എറിയപ്പെട്ടത് നംറൂദിന്റെ ഭരണത്തിന് ഭീഷണിയായ

തുകൊണ്ടാണ് എന്നാണ് ഇവരുടെ ഭാഷ്യം. എന്നാൽ അല്ലാഹു പറയുന്നത് കാണുക:

"ഇബ്റാഹീമിനെയും (നാം അയച്ചു). അദ്ദേഹം തന്റെ ജനതയോട് ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമത്രെ): നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും അവനെ സൂക്ഷിക്കുകയും ചെയ്യുക. അതാണ് നിങ്ങൾക്ക് ഉത്തമം. നിങ്ങൾ മനസ്സിലാക്കുന്നുവെങ്കിൽ. നിങ്ങൾ അല്ലാഹുവിന് പുറമെ ചില വിഗ്രഹങ്ങളെ ആരാധിക്കുകയും കള്ളം കെട്ടിയുണ്ടാക്കുകയുമാണ് ചെയ്യുന്നത്. അല്ലാഹുവിന് പുറമെ നിങ്ങൾ ആരാധിക്കുന്നത് ആരെയാണോ അവർ നിങ്ങൾക്കുള്ള ഉപജീവനം അധീനമാക്കുന്നില്ല. അതിനാൽ നിങ്ങൾ അല്ലാഹുവിങ്കൽ ഉപജീവനം തേടുകയും അവനെ ആരാധിക്കുകയും അവനോട് നന്ദി കാണിക്കുകയും ചെയ്യുക. അവങ്കലേക്കാണ് നിങ്ങൾ മടക്കപ്പെടുന്നത്. നിങ്ങൾ നിഷേധിച്ച് തള്ളുകയാണെങ്കിൽ നിങ്ങൾക്കുമുമ്പുള്ള പല സമുദായങ്ങളും നിഷേധിച്ച് തള്ളുകയുണ്ടായിട്ടുണ്ട്. ദൈവദൂതന്റെ ബാധ്യത വ്യക്തമായ പ്രബോധനം മാത്രമാകുന്നു" (ക്വുർആൻ 29:16-18).

ഇപ്പറഞ്ഞതിനോട് ജനങ്ങൾ എങ്ങനെ പ്രതികരിച്ചു എന്ന് തുടർന്ന് ക്വുർആൻ വിശദീകരിക്കുന്നു:

"നിങ്ങൾ അവനെ കൊന്നുകളയുകയോ ചുട്ടെരിക്കുകയോ ചെയ്യൂ എന്ന് പറഞ്ഞതല്ലാതെ അപ്പോൾ അദ്ദേഹത്തിന്റെ (ഇബ്റാഹീമിന്റെ) ജനത മറുപടിയൊന്നും നൽകിയില്ല. എന്നാൽ അല്ലാഹു അദ്ദേഹത്തെ അഗ്നിയിൽ നിന്ന് രക്ഷിച്ചു. വിശ്വസിക്കുന്ന ജനങ്ങൾക്ക് തീർച്ചയായും അതിൽ ദൃഷ്ടാന്തങ്ങളുണ്ട്" (29:24).

"അദ്ദേഹം പറഞ്ഞു: അപ്പോൾ നിങ്ങൾക്ക് യാതൊരു ഉപകാരമോ ഉപദ്രവമോ ചെയ്യാത്ത വസ്തുക്കളെ അല്ലാഹുവിന് പുറമെ നിങ്ങൾ ആരാധിക്കുകയാണോ? നിങ്ങളുടെയും അല്ലാഹുവിന് പുറമെ നിങ്ങൾ ആരാധിക്കുന്നവരുടെയും കാര്യം അപഹാസ്യം തന്നെ. നിങ്ങൾ ചിന്തിക്കുന്നില്ലേ? അവർ പറഞ്ഞു: നിങ്ങൾക്ക് (വല്ലതും) ചെയ്യാനാകുമെങ്കിൽ നിങ്ങൾ ഇവനെ ചുട്ടെരിച്ച് കളയുകയും നിങ്ങളുടെ ദൈവങ്ങളെ സഹായിക്കുകയും ചെയ്യുക. നാം പറഞ്ഞു: തീയേ, നീ ഇബ്റാഹീമിന് തണുപ്പും സമാധാനവുമായിരിക്കുക. അദ്ദേഹത്തിന്റെ കാര്യത്തിൽ ഒരു തന്ത്രം പ്രയോഗിക്കുവാൻ അവർ ഉദ്ദേശിച്ചു. എന്നാൽ അവരെ ഏറ്റവും നഷ്ടം പറ്റിയവരാക്കുകയാണ് നാം ചെയ്തത്" (21:66-70).

ഇബ്റാഹീം ﷺ ഭരണം പിടിച്ചടക്കുമെന്ന ഭീതിയിലല്ല നംറൂദ് അദ്ദേഹത്തെ തീയിലെറിയാൻ തയ്യാറായതെന്ന് വ്യക്തം.

സലഫികൾ ഇസ്ലാമിന്റെ വികസനക്ഷമതയെ നിരാകരിക്കുന്നു, മുസ്ലിം സമൂഹത്തിനകത്തും പുറത്തുമുള്ള ബഹുസ്വരതയോട് അലർജി കാണിക്കുന്നു എന്നിങ്ങനെ ഇക്കൂട്ടർ സലഫികളെ വിമർശിക്കാറുണ്ട്. ഇസ്ലാമിന്റെ വികസനക്ഷമത കൊണ്ട് എന്താണ് ഇവരുദ്ദേശിക്കുന്നത്? അല്ലാഹു പൂർത്തിയാക്കിയ മതത്തിൽ എന്ത് വികസനമാണ് മനുഷ്യർക്ക് ചെയ്യാനുള്ളത്? വിശ്വാസത്തിലോ കർമത്തിലോ എന്തെങ്കിലും കൂട്ടിച്ചേർക്കാമോ? വെട്ടിച്ചുരുക്കാമോ? ഒരിക്കലുമില്ല. പിന്നെ സ്വന്തം ബുദ്ധികൊണ്ടുള്ള പ്രമാണ വ്യാഖ്യാനവും കാലത്തിനും അവസരത്തിനുമനുസരിച്ചുള്ള ദുർവ്യാഖ്യാനവുമാണെങ്കിൽ അതിന് സലഫികൾ സന്നദ്ധമല്ല. ബഹുസ്വരതയോട് യാതൊരു അലർജിയും സലഫികൾക്കില്ല. എന്നാൽ സ്വന്തം വ്യക്തിത്വം കളഞ്ഞുകുളിക്കലും ഇതര ആദർശങ്ങളെ വാരിപ്പുണരലുമല്ല അത്.

സലഫിയ്യത്തിന് ഒരു വഴിയേയുള്ളൂ. അത് വിശുദ്ധക്വുർആനിന്നും തിരുസുന്നത്തിന്നും സലഫുകൾ അംഗീകരിച്ച വ്യാഖ്യാനത്തോടു യോജിച്ചു നിൽക്കുകയെന്നതാണ്. അതിനു കഴിയാത്ത വിധം അടിസ്ഥാനപരമായ അഭിപ്രായ വ്യത്യാസങ്ങളൊന്നും അവരിലുണ്ടാവില്ല. മസ്അലകളിലെ അഭിപ്രായവ്യത്യാസങ്ങൾ സ്വാഭാവികമാണെന്നതിൽ സലഫികൾക്ക് ഒരു കാലത്തും സംശയമുണ്ടായിട്ടുമില്ല. അത്തരം കാര്യങ്ങളിൽത്തന്നെ പ്രാമാണികമായ ചർച്ചകളിലൂടെയും സംവാദങ്ങളിലൂടെയും പരമാവധി ഐക്യരൂപത്തിലെത്താൻ സലഫികൾക്ക് കഴിയുകയും ചെയ്യും. സലഫിയ്യത്തിലേക്ക് മടങ്ങി ഐക്യത്തിലാകാൻ കഴിയാത്തവർക്ക് എക്കാലത്തും ഈ പ്രസ്ഥാനത്തിൽ നിന്ന് വേറിട്ടു നിൽക്കേണ്ടി വന്നിട്ടുണ്ട്. അത് അല്ലാഹു തീരുമാനിക്കുന്ന കാലംവരെ ആവർത്തിക്കുകയും ചെയ്യും. എന്നാൽ അതൊന്നും സലഫിയ്യത്തിന് തെല്ലും പോറലേൽപിക്കുകയില്ല. ഏതെങ്കിലും കുതന്ത്രക്കാരുടെ തന്നിഷ്ടങ്ങളും പ്രവർത്തനങ്ങളുമൊന്നും സലഫിയ്യത്തിന്റെ ശൈഥില്യമായി വ്യാഖ്യാനിക്കേണ്ടതില്ല.

നബി ﷺ പറഞ്ഞു: "എന്റെ ശേഷവും നിങ്ങളിലാരെങ്കിലും ജീവിച്ചിരുന്നാൽ ധാരാളം അഭിപ്രായ വ്യത്യാസങ്ങൾ നിങ്ങൾ കാണും. അപ്പോൾ നിങ്ങൾ എന്റെ ചര്യയും മാർഗദർശികളും സന്മാർഗ ചാരികളുമായ എന്റെ ഖുലഫാഇന്റെ (പിൻഗാമികളായ സ്വഹാബികളുടെ) ചര്യയും മുറുകെ പിടിക്കുക. അണപ്പല്ലു കൊണ്ട് നിങ്ങളത് മുറുകെ പിടിക്കുക. കാര്യങ്ങളിൽ പുത്തനായതിനെ നിങ്ങൾ സൂക്ഷിക്കുക. തീർച്ചയായും എല്ലാ പുത്തനാചാരങ്ങളും ബിദ്അത്താകുന്നു. എല്ലാ ബിദ്അത്തും വഴികേടാകുന്നു" (തിർമിദി).

മതകാര്യങ്ങളിൽ തെളിവാണ് പ്രധാനം. പ്രമാണങ്ങളോട് മാറ്റുരക്കുമ്പോൾ നിർമിത വിശ്വാസങ്ങളും ആചാരങ്ങളും നിഷ്പ്രഭമാകുമെന്നതിൽ സംശയമില്ല. പ്രമാണങ്ങൾക്ക് അല്ലാഹുവിന്റെ സവിശേഷമായ സംരക്ഷണം ലഭിക്കുമെന്നത് വാഗ്ദാനം ചെയ്യപ്പെട്ട വസ്തുതയാണ്. അതിനാൽ പാരത്രിക വിജയം ആഗ്രഹിക്കുന്നവർ പ്രമാണങ്ങളിലേക്ക് മടങ്ങട്ടെ.

അബൂ ഇഹ്സാന
mail@nerpatham.com

സമത്വത്തിന്റെ സന്ദേശം

നബിﷺ പറഞ്ഞു: "നിശ്ചയമായും നിങ്ങളുടെ ദൈവം ഒന്ന്. നിങ്ങളുടെയെല്ലാം പിതാവും ഒന്നുതന്നെ. എല്ലാവരും ആദമിൽനിന്നുള്ളത്; ആദമോ മണ്ണിൽനിന്നും."
(മുസ്ലിം, അബൂദാവൂദ്)

മനുഷ്യരെല്ലാം ഏകനായ ദൈവത്തിന്റെ സൃഷ്ടികളും അവന്റെ സംരക്ഷണത്തിൽ കഴിയുന്നവരുമാണ് എന്നാണ് ഇസ്ലാം പഠിപ്പിക്കുന്നത്. യജമാനനും അടിമയും ധനികനും ദരിദ്രനും മുതലാളിയും തൊഴിലാളിയുമെല്ലാം സമന്മാരാണെന്നുള്ള പ്രഖ്യാപനം ഇസ്ലാമിന്റെ സവിശേഷതയാണ്. വർഗത്തിന്റെയും വർണത്തിന്റെയുംദേശത്തിന്റെയും ജാതിയുടെയും ഭാഷയുടെയും പേരിൽ അത് മനുഷ്യർക്കിടയിൽ ഉച്ചനീചത്വം കൽപിക്കുന്നില്ല. വിശുദ്ധ ഖുർആൻ പ്രഖ്യാപിക്കുന്നു:

"ഹേ മനുഷ്യരേ, തീർച്ചയായും നാം നിങ്ങളെ ഒരു ആണിൽനിന്നും ഒരു പെണ്ണിൽനിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾ അന്യോന്യം അറിയേണ്ടതിന് നിങ്ങളെ നാം വിവിധ സമുദായങ്ങളും ഗോത്രങ്ങളും ആക്കുകയും ചെയ്തിരിക്കുന്നു. തീർച്ചയായും അല്ലാഹുവിന്റെ അടുത്ത് നിങ്ങളിലേറ്റവും ശ്രേഷ്ഠൻ നിങ്ങളിലേറ്റവും ദൈവഭയമുള്ളവൻ മാത്രമാകുന്നു" (49:13).

ഇസ്ലാമിന്റെ കണ്ണിൽ മനുഷ്യരെല്ലാം സമന്മാരാണെന്നും ഭയഭക്തിയുള്ളവന് മാത്രമെ ദൈവത്തിങ്കൽ പ്രത്യേകം സ്ഥാനമുള്ളൂവെന്നും ഉപരിസൂചിത പ്രമാണവചനങ്ങൾ നമ്മെ തെര്യപ്പെടുത്തുന്നു. സർവവിധ അസമത്വങ്ങളുടെയും കടയ്ക്കൽ ഇസ്ലാം കത്തിവെക്കുന്നു. എല്ലാവർക്കും നീതി ലഭിക്കണമെന്ന് ഇസ്ലാം പ്രത്യാശിക്കുന്നു. 'കറുത്തവന്റെ പുത്രാ' എന്ന് ഒരാൾ മറ്റൊരാളെ വിളിക്കുന്നത് കേട്ടപ്പോൾ നബിﷺ അയാളെ താക്കീത് ചെയ്തുകൊണ്ട് പറഞ്ഞു: 'അജ്ഞാതകാലത്തെ കിരാതത്വമുണ്ട് നിങ്ങളിൽ.'

ഒരിക്കൽ രണ്ടാം ഖലീഫ ഉമറുംﷺ ഭൃത്യനും ഊഴംവെച്ച് ഒട്ടകപ്പുറത്ത് സവാരി ചെയ്ത കഥ പ്രസിദ്ധമാണ്. ഖലീഫയുടെ ആഗമനത്തെ സ്വാഗതം ചെയ്യുവാൻ ജനങ്ങൾ കാത്തിരിക്കുമ്പോൾ വേലക്കാരൻ ഒട്ടകപ്പുറത്ത് സവാരി ചെയ്തും ഖലീഫ ഒട്ടകത്തിന്റെ കയറിൽ പിടിച്ചും കടന്നു വരുന്നതാണ് അവർ കണ്ടത്!

റോമിലേക്ക് നയതന്ത്രപ്രതിനിധിയായി പോയ മുആദുബ്നു ജബലിﷺനോട് ചക്രവർത്തിയായ ഖൈസറിന്റെ പ്രതാപവും മഹത്ത്വവും ഒരു ഉന്നത ഉദ്യോഗസ്ഥൻ വിവരിച്ചുകൊടുത്തപ്പോൾ തന്റെ രാജ്യത്തെ ഭരണാധികാരിയെപ്പറ്റി മുആദ്ﷺ ഇപ്രകാരം വിവരിച്ചുകൊടുത്തു: 'ഞങ്ങളുടെ ഭരണാധികാരി ഞങ്ങളിൽപെട്ട ഒരാളാണ്. ഞങ്ങളുടെ വേദഗ്രന്ഥത്തെയും പ്രവാചകചര്യയെയും അദ്ദേഹം അനുസരിക്കുന്ന പക്ഷം ഞങ്ങൾ അദ്ദേഹത്തെ ഖലീഫയായി നിശ്ചയിക്കും. അത് അംഗീകരിക്കുന്നില്ലെങ്കിൽ അധികാരസ്ഥാനത്തുനിന്ന് ഞങ്ങൾ അദ്ദേഹത്തെ നീക്കം ചെയ്യും...ഞങ്ങൾക്ക് പ്രവേശനം തടഞ്ഞുകൊണ്ട് അദ്ദേഹത്തിന് അധികാരത്തിലിരിക്കുക സാധ്യമല്ല. ഞങ്ങളുടെയിടയിൽ അഹംഭാവം നടിക്കുകയോ അഹങ്കാരത്തോടു കൂടി ഞങ്ങളുടെമേൽ വാഴ്ച നടത്തുകയോ ചെയ്യുകയില്ല...ഞങ്ങളെ പോലൊരു മനുഷ്യൻ മാത്രമാണ് അദ്ദേഹവും' (ഫുതൂഹുശ്ശാം).

നബിﷺ അദ്ദേഹത്തിന്റെ വിടവാങ്ങൽ പ്രസംഗത്തിൽ പ്രഖ്യാപിച്ചു: 'സമ്പത്തിന്റെയും വർഗ പാരമ്പര്യത്തിന്റെയും മറ്റും അടിസ്ഥാനത്തിൽ വെച്ചുപുലർത്തുന്ന എല്ലാ അനാചാരങ്ങളും ഇന്ന് എന്റെറ രണ്ട് പാദങ്ങൾക്ക് താഴെ ദുർബലപ്പെട്ടിരിക്കുന്നു. നിങ്ങളെല്ലാം ആദമിൽനിന്നും ആദം മണ്ണിൽനിന്നുമാണ് ഉണ്ടായത്.'

വിട പറയൂ അപശബ്ദങ്ങളോട്,
കാതോർക്കൂ ഈ അനുഭൂതിയിലേക്ക്...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWIND - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി

24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?

peaceradio
Tune to reality

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio | Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2016-18

Nerpatham Weekly

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2016-18
Price: ₹10/-

WISDOM BOOKS
PUBLISHING || DISTRIBUTION
Wisdom Books I E.K.P Building I Calicut
Web: www.wisdomislam.org I Email: publication@wisdomislam.org
Tel: 0495 4019437



നിരീശ്വര വിശ്വാസം യുക്തിയുടെ മരുപ്പറമ്പ്

അബ്ദുല്ല ബാസിൽ സി.പി / വില: ₹ 40

നിരീശ്വരവാദം വീണ്ടും ചർച്ചകളിൽ സജീവമാവുകയാണ്. ഒരുകാലത്ത് അന്ധവിശ്വാസങ്ങളെയും പൗരോഹിത്യത്തിന്റെ ചൂഷണങ്ങളെയും തുറന്നുകാട്ടുകയും മിശ്രഭോജനം പോലുള്ള വിപ്ലവപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുകയും ചെയ്ത അവർ പതിയെ മതത്തിന്റെ പേരിലുള്ള ചൂഷണങ്ങൾ എന്നതിൽ നിന്ന് മതം തന്നെ ചൂഷണമാണ് എന്ന നിലപാടിലേക്ക് ചുവട് മാറ്റി. യുക്തിചിന്തയുടെയും ശാസ്ത്രബോധത്തിന്റെയും പ്രചാരകരെന്ന പരിവേഷം ഉപയോഗപ്പെടുത്തി വളർന്ന നിരീശ്വരവാദം ശാസ്ത്രത്തിന്റെ വളർച്ചയും യുക്തിചിന്തയുടെ വ്യാപനവും സാധ്യമായപ്പോൾ പതുക്കെ ഉൾവലിയുകയായിരുന്നു. യുക്തിവാദത്തിന്റെ അവസരവാദത്തെ തുറന്നുകാട്ടുന്ന രചന.

പുതിയ മറ്റു പുസ്തകങ്ങൾ

1. അഹ്ലുസ്സുന്നയും സമസ്തയും ഒരു താരത്മ്യം	മൂസ സ്വലാഹി കാര / ₹ 240
2. പ്രവാചകന്മാർ: ചരിത്രവും ദൗത്യവും	ഹുസൈൻ സലഫി / ₹ 70
3. കേരള ജംഇയ്യത്തുൽ ഉലമയും നിലപാട് മാറ്റവും	മുബാറക് ബിൻ ഉമർ / ₹ 150
4. ഇന്ത്യയിൽ നിന്ന് ഹിജ്റ പോകണമെന്നോ?	സിറാജുൽ ഇസ്ലാം ബാലുശ്ശേരി / ₹ 40
5. നമസ്കാരത്തിലെ പ്രാർഥനകൾ പ്രകീർത്തനങ്ങൾ	ഡോ. ഹാഫിസ് ജലാലുൽ ഹഖ് സലഫി ആമയൂർ / ₹ 60
6. രാവിലെയും വൈകുന്നേരവുമുള്ള ദിക്റുകൾ	ഡോ. ഹാഫിസ് ജലാലുൽ ഹഖ് സലഫി ആമയൂർ / ₹ 40
7. ഭരണകൂടഭീകരത	പി.വി.എ പ്രിംറോസ് / ₹ 60